# പരിശുദ്ധ മഞ്ഞനിക്കര ബാവായുടെ മലങ്കര സന്ദർശനം

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M.Sc., M.Ed., Ph.D.

The Travancore Syriac Orthodox Publishers
Kottayam-686 004
2010

**പരിശുദ്ധ മഞ്ഞനിക്കര ബാവായുടെ
മലങ്കര സന്ദർശനം**

By

**Corepiscopo (Dr.) K. Mani Rajan**

Copyright @ Author

*All rights reserved . No reproduction or translation in whole or part is allowed without written permission from the author.*

Price Rs. 45.00

Printed at: Dona Colour Graphs, Kottayam

Published by: The Travancore Syriac Orthodox Publishers,
Kottayam - 686 004

Phone: +919446984934

E-mail: tsop@rediffmail.com

Copies: 1000

# ആമുഖം

പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ജീവചരിത്രം പലരും എഴുതിയിട്ടുണ്ടെങ്കിലും ബാവായുടെ മലങ്കരയിലെ സന്ദർശനത്തെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പുസ്തകം പ്രസിദ്ധീകരിക്കണമെന്ന് കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങളായി ആഗ്രഹിക്കുകയായിരുന്നു. പരിശുദ്ധ മോറാന്റെ മഹാനിര്യാണത്തിന്റെ പ്ലാറ്റിനം ജൂബിയോടനുബന്ധിച്ച് "സമാധാനത്തിന്റെ മാലാഖ" എന്ന സുവനീർ പ്രസിദ്ധീകരിച്ചതു മുതൽ ആ താല്പര്യം എന്നിൽ ശക്തമായിരുന്നു.

ചരിത്രരേഖകൾ വേണ്ടുന്നവിധം സൂക്ഷിക്കുന്ന രീതി കുറവായതിനാലായിരിക്കാം പരിശുദ്ധ മോറാന്റെ സന്ദർശനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമല്ല. ലഭ്യമായ പുസ്കങ്ങളും മലയാള മനോരമ, പ്രതിദിനം എന്നീ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ വാർത്തകളും എന്റെ വല്യപ്പച്ചൻ പുളിമൂട്ടിൽ (Dn.) ചെറിയാൻ സാറിന്റെ ഡയറികുറിപ്പുകളും ഉൾക്കൊള്ളിച്ചാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവ സന്ദർശിച്ച എല്ലാ സ്ഥലങ്ങളുടെയും, പള്ളികളുടെയും, അനുഷ്ടിച്ച കൂദാശകളുടെയും പൂർണ്ണമായ വിവരണം ഇതിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല എന്ന വസ്തുത ഇവിടെ രേഖപ്പെടുത്തട്ടെ. എങ്കിലും ലഭ്യമായ അത്രയും കാര്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ഈ പ്രസിദ്ധീകരണം ഉപയുക്തമാകുമെന്നാണ് പ്രതീക്ഷ. ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയ ഡോ. കുര്യൻ മാണി, ലൊസാഞ്ചലസ്; സെന്റ് ഒസ്താത്തിയോസ് കുടുംബ യൂണിറ്റ്, കുന്നംകുളം; മോർ ദീവന്നാസിയോസ് ജോസഫ് രണ്ടാമൻ കുടുംബ യൂണിറ്റ്, കുന്നംകുളം, പ്രോത്സാഹനം നൽകിയവർ, ഡി.റ്റി. പി. നിർവ്വഹിച്ച ശ്രീ. സന്തോഷ്, അച്ചടി നിർവ്വഹിച്ച ഡോണ കളർഗ്രാഫ്സ്, കോട്ടയം എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

കുന്നംകുളം **ഡോ. മാണി രാജൻ കോറെപ്പിസ്കോപ്പ**

02-02-2010

# ഉള്ളടക്കം


ആമുഖം ..................................................................V

1931 മാർച്ച് 5 കറാച്ചിയിലെത്തി ..................................1

1931 മാർച്ച് 8 ന്യൂഡൽഹിയിലെത്തി ..................................2

1931 മാർച്ച് 14 (1106 മീനം 1) ശനിയാഴ്ച മദ്രാസിലെത്തി .......4

1931 മാർച്ച് 21 ശനിയാഴ്ച (മീനം 8) ആലുവയിലെത്തി ...........5

1931 (1106) മീനം 17 പീരുമേട്ടിൽ മഹാറാണിറീജന്റുമായി കൂടിക്കാഴ്ച നടത്തി ..................................9

1931 മീനം 19 കരിങ്ങാച്ചിറ പള്ളിയിൽ കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകൾ നിർവഹിച്ചു. ..........................12

1931 മേടം 2 തൃക്കുന്നത്തു സെമിനാരിയിൽ ..............................12

1931 ഇടവം 9 ശനിയാഴ്ച ആലുവയിൽ നിന്ന് പാണമ്പടിപള്ളിയിലേക്ക് എഴുന്നെള്ളി ..............................17

1931 ജൂൺ 25 (ഇടവം 24) കോതമംഗലം ചെറിയപള്ളിയിൽ സ്വീകരണം ..............................22

1931 മിഥുനം 11 കുറുപ്പംപടി പള്ളിയിലെഴുന്നെള്ളി ................22

1931 ജൂലൈ 6-ാം തീയ്യതി (മിഥുനം 22) തിങ്കളാഴ്ച കുറുപ്പംപടി പള്ളിയിൽ അഖില മലങ്കര പള്ളിപ്രതിനിധി യോഗം ..............................22

1931 മിഥുനം 25 തൃക്കുന്നത്തു സെമിനാരിയിലെഴുന്നള്ളി .....26

1931 കർക്കിടകം 7 കോലഞ്ചേരിപള്ളി സന്ദർശിച്ചു ..................28

1931 കർക്കിടകം 14 മലേക്കുരിശ് ദയറായിൽ എഴുന്നള്ളി .....28

1931 കർക്കിടകം 21 പുത്തൻകുരിശുപള്ളി സന്ദർശിച്ചു. ...........28

1931 (1107 ചിങ്ങം 4) ആഗസ്റ്റ് 20 മലേക്കുരിശ് ദയറായിൽ എഴുന്നള്ളി .....................................28

1931 (1107 ചിങ്ങം 31) സെപ്തംബർ 16 ചിങ്ങവനം കനാനായ സമുദായ സ്വീകരണം .....................................29

1931 കന്നി 14 ശാലേം പള്ളിയിൽ വി. കുർബാനയർപ്പിച്ചു 29

1931 കന്നി 21 കോട്ടയം വലിയ പള്ളിയിൽ എഴുന്നെള്ളി 29

1931 തുലാം 3 നിലംപേരൂർ പള്ളിയിൽ എഴുന്നെള്ളി 29

1931 തുലാം 9 തിരുവനന്തപുരത്തേക്കെഴുന്നള്ളി .......................30

1931 തുലാം 14-ാം തീയ്യതി തിരുവനന്തപുരത്തുനിന്നു വെളിയനാട് പള്ളിയിലെഴുന്നെള്ളി .....................................32

1931 തുലാം 27-ാം തീയ്യതി റാന്നി പള്ളിയിലെഴുന്നെള്ളി. 32

1931 വൃശ്ചികം 11-ാം തീയതി തിരുവഞ്ചൂർ പള്ളിയിലെഴുന്നള്ളി. ..................................................................32

1931 വൃശ്ചികം 16-ാം തീയതി പാണംപടി പള്ളിയിലെഴുന്നെള്ളി. ................................................................32

1932 ജനുവരി ആദ്യ ആഴ്ച പള്ളം സെന്റ് ഇഗ്നാത്തിയോസ് പള്ളിയിലെഴുന്നെള്ളി ...............34

1932 ജനുവരി ആദ്യആഴ്ച തൃക്കോതമംഗലം ശർബീൽ ദയറയിൽ എഴുന്നെള്ളി ..............................................................34

1932 ജനുവരി 5 ന് പാക്കിൽ പള്ളിയിലെഴുന്നെള്ളി .................34

1932 മകരം 15 കട്ടപ്പുറത്ത് പള്ളിയിലെഴുന്നെള്ളി .......................34

1932 മകരം 22 കല്ലിശ്ശേരി പള്ളിയിലെഴുന്നെള്ളി .......................35

1932 ഫെബ്രുവരി 11 (മകരം 29) വ്യാഴാഴ്ച മഞ്ഞനിക്കരയിലെഴുന്നെള്ളി ..................................................38

1932 ഫെബ്രുവരി 13 ശനിയാഴ്ച കാലം ചെയ്തു. .....................40

1932 ഫെബ്രുവരി 14 ഞായർ കബറടക്കം .....................................41

1932 കുംഭം 26 (മാർച്ച് 10) വ്യാഴം 30-ാം അടിയന്തരം ..............56

1932 മാർച്ച് 11 വെള്ളിയാഴ്ച ..............................................................57

1954 നവംബർ 1 (1130 തുലാം 16) കബർ തുറന്നു,
പുതുക്കിപണിതു. ..............................................................57

1987 ഒക്ടോബർ 20 വിശുദ്ധനായി പ്രഖ്യാപിച്ചു ........................57

അനുബന്ധം 1 - മഞ്ഞനിക്കരബാവായുടെ
സംക്ഷിപ്ത ജീവചരിത്രം ......................59

അനുബന്ധം 2 - പരിശുദ്ധ ഏലിയാസ് തൃതീയൻ
ബാവായും മെത്രാപ്പോലീത്തന്മാരും ..67

അനുബന്ധം 3 - 1954-ൽ പുതുക്കിപ്പണിത വിശുദ്ധ
കബറിടവും ദയറാപ്പള്ളിയും ...............68

അനുബന്ധം 4 - അഭിവന്ദ്യ മോർ യൂലിയോസ്
ഏലിയാസ് ബാവായും
ദയറാ നിവാസികളും ...............................69

അനുബന്ധം 5 - പരിശുദ്ധനായ ഏലിയാസ്
തൃതീയൻ പാത്രിയർക്കീസ് ബാവാ ..70

References ..............................................................................71

Other Church related books by the author .............................72

Books compiled, edited & reprinted by the author ...............72

Sponsors of these publications ....................................................73

ഗ്രന്ഥകർത്താവ് .................................................................75

# സന്ദർശനത്തിന്റെ നാൾവഴികൾ

**1931 മാർച്ച് 5 കറാച്ചിയിലെത്തി**

കറാച്ചിയിലെ സ്വീകരണത്തിന് മലങ്കരസഭയിലെ പ്രതിനിധിയായി നി. വ. ദി. ശ്രീ. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനി, അന്ത്യോഖ്യാ പ്രതിനിധി നി. വ. ദി. ശ്രീ. മാർ യൂലിയോസ് ബാവാ, ദിവ്യശ്രീമാന്മാരായ നെടുന്തള്ളിൽ സ്കറിയാ കത്തനാർ, മാരാച്ചേരിൽ ഇട്ടീരാകത്തനാർ, വി. സി. ഗീവറുഗീസ് ശെമ്മാശൻ ബി.എ. എന്നീ വൈദീകന്മാരും കാലെകൂട്ടി എത്തിയിരുന്നു.

മലങ്കരെനിന്നും ചെന്നവർ കൂടാതെ വടക്കേ ഇന്ത്യയിൽ ഉദ്യോഗസ്ഥന്മാരായ മലയാളത്തുകാർ പലരും വി. പിതാവിന്റെ വരവിനെ കാത്തു അവിടെ എത്തിയിരുന്നു. 1931 കുംഭം 21-ന് വ്യാഴാഴ്ച രാവിലെ 8 മണിക്കു 'വാർസോവാ' കപ്പൽ തുറമുഖത്തു എത്തുകയും മെത്രാപ്പോലിത്തായും മറ്റും തിരുമനസ്സിനെ ഭക്തി ബഹുമാനപൂർവ്വം സ്വീകരിച്ചു.

ആദ്യമായി വിശുദ്ധ പിതാവ് തന്റെ സഭയ്ക്കുവേണ്ടി ഇതുപര്യന്തം സുസ്ഥിരമായി പോരാടിയ മാർ അത്താനാസ്യേസ് തിരുമേനിയെ കെട്ടിപ്പിടിച്ചു പലപ്രാവശ്യം ആലിംഗനം ചെയ്തു.

തദനന്തരം വിശുദ്ധ പിതാവ് ഉദ്യോഗാർത്ഥം കറാച്ചിയിൽ താമസിക്കുന്ന തിരുവിതാംകൂർകാരിയായ ഡോക്ടർ അന്നാ തോമസ്സിന്റെ ബങ്കളാവിലേക്കു എഴുന്നെള്ളി. അതിഥിയായി അവിടെ ഒരുദിവസം താമസിച്ചു.

## പാത്രിയർക്കീസ് ബാവാ അവർകളുടെ ആഗമനം

ഡൽഹി, മാർച്ച് 8 (ഞായർ) 1931

പാത്രിയർക്കീസ് ബാവാ അവർകൾ പരിവാരസമേതം കറാച്ചിയിൽ വന്നിറങ്ങിയ വിവരം മുൻ കമ്പിയിൽ പ്രസ്താവിച്ചിരുന്നല്ലോ. ഇന്നേദിവസം രാവിലെ പാത്രിയർക്കീസ് ബാവാ അവർകളും പരിവാരങ്ങളും (നാട്ടിൽ നിന്നുവന്നിട്ടുള്ളവർ ഉൾപ്പെടെ ഒൻപതു പേർ) ഇവിടെ എത്തിയിരിക്കുന്നു. ഇവിടത്തെ സുറിയാനിക്കാരായ എല്ലാവരും ബാവാ അവർകളെ സ്വീകരിക്കുന്നതിനു തീവണ്ടിയാപ്പീസിൽ തയ്യാറുണ്ടായിരുന്നു. ബാവാ അവർകളുടെ കൂടെയുള്ള മെത്രാന്മാർക്കു താമസിക്കുന്നതിനായി പ്രത്യേക ബംഗ്ലാവുകൾ ഏർപ്പാടു ചെയ്തിട്ടുണ്ട്. ബാവാ അവർകൾക്കു താമസത്തിനായി വൈസ്രോയി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വൈസ്രോയി രാഷ്ട്രീയ സംബന്ധമായ സംഗതികളിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ടു കൂടികാഴ്ച എപ്പോൾ നടക്കുമെന്ന് ഇതേവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. എത്രയും അടുത്തുതന്നെ കൂടിക്കാഴ്ച നടക്കുവാൻ ഇടയുണ്ട്. കൂടുതൽ വിവരങ്ങൾ പുറകെ അറിയിക്കുന്നതായിരിക്കും.

## 1931 മാർച്ച് 8 ന്യൂഡൽഹിയിലെത്തി

വിശുദ്ധ പിതാവും പരിവാരങ്ങളും ലാഹൂർ മെയിൽമാർഗ്ഗം ഡൽഹിക്കു യാത്രപുറപ്പെട്ടു. മാർച്ച് മാസം 8-നു തിരുമനസ്സുകൊണ്ടു ന്യൂഡൽഹിയിൽ എത്തുകയും അതിഥിമന്ദിരത്തിൽ ഏകദേശം ഏഴ് ദിവസത്തോളം താമസിച്ചു.

സഭയുടെ സമാധാനത്തിനുവേണ്ടി ഇരുഭാഗക്കാരുടെയും വാദങ്ങൾ കേട്ടു തീരുമാനിക്കുന്നത് ഇതരസമുദായാദ്ധ്യക്ഷന്മാരടങ്ങിയ ഒരു ആർബിറ്ററേഷ്യൻ ബോർഡു ആയിരുന്നാൽ കൊള്ളാമെന്നു വൈസ്രോയി പരിശുദ്ധ പിതാവിനോടു സംഭാഷണമദ്ധ്യേ അഭിപ്രായപ്പെട്ടു. ഇതിനു മറുപടിയായി ബാവാതിരുമേനി ഇങ്ങിനെ പറഞ്ഞു; "വിശുദ്ധ അപ്പോസ്തോലീക കൈവെപ്പുവഴിയായി യേശുമശിഹായിൽനിന്നും നമുക്കു ലഭിച്ചിട്ടുള്ള നൽവരത്തിനു നാം ഉത്തരവാദിയും ചുമതലക്കാരനുമാകുന്നു. നമ്മുടെ വിശുദ്ധ സഭയുടെ സത്യവിശ്വാസം ഇതര സമുദായാദ്ധ്യക്ഷന്മാർക്ക് വിട്ടുകൊടുത്തു ഇഷ്ടംപോലെ തീരുമാനിക്കപ്പെടാവുന്നതോ സംശയസ്ഥാനങ്ങളിൽ ഏല്പിക്കപ്പെടാവുന്നതോ അല്ല."

## വൈസ്രോയിയും പാത്രിയർക്കീസ് ബാവാ അവർകളും തമ്മിലുള്ള കൂടിക്കാഴ്ച

ന്യൂഡൽഹി, മാർച്ച് 10, 1931

പാത്രയർക്കീസ് ബാവാ അവർകളും വൈസ്രോയിയുമായുള്ള കൂടിക്കാഴ്ച മാർച്ചു ഒമ്പതാം തീയതി തിങ്കളാഴ്ച ഉച്ചതിരിഞ്ഞു നടന്നിരിക്കുന്നു. കൂടിക്കാഴ്ച നടന്ന അവസരത്തിൽ മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ (വിശ്വാസ സംരക്ഷകൻ) അവർകളും മാർ യൂലിയോസ് മെത്രാപ്പോലീത്താ (അന്ത്യോഖ്യാ പ്രതിനിധി) അവർകളും മാർ ക്ലിമീസ് അബ്ബാച്ചി മെത്രാപ്പോലീത്താ അവർകളും ബാഗ്ദാദ്കാരനും ഒരു അഭിഭാഷകനുമായ എലിയാസ് എഫൻഡിയും സന്നിഹിതരായിരുന്നു. ഉദ്ദേശം അരമണിക്കൂറോളം ഇവർ തമ്മിലുള്ള സംഭാഷണം നടന്നു. അവർ തമ്മിൽ നടന്ന സംഭാഷണം വൈസ്രോയിയുടെ ചുരുക്കെഴുത്തുകാരൻ കുറിച്ചെടുത്തു കൊണ്ടിരുന്നു. വൈസ്രോയി, ബാവാ അവർകളെ സന്തോഷസമേതം സ്വീകരിച്ച ശേഷം ഈ സമയത്തു വിഷമകരമായ യാത്ര ചെയ്ത് ഇൻഡ്യയിൽ വന്നതിനു ബാവാ അവർകളോട് അദ്ദേഹം നന്ദി പറയുകയുണ്ടായി. സഭയിൽ സമാധാനം പുനസ്ഥാപിക്കുന്നതിനെപ്പറ്റി ഇവർ തമ്മിൽ സംഭാഷണം നടന്നു എങ്കിലും യാതൊരു അവസാന തീർച്ചയും ചെയ്തതായിട്ടറിവില്ല. കൽക്കത്ത മെത്രാപ്പോലീത്ത വെസ്റ്റ് കോട്ട് അവർകൾ ബാവാ അവർകളെ സന്ദർശിക്കുവാൻ ഇടയുണ്ട്. മെത്രപ്പോലീത്തായുമായി കമ്പി മാർഗ്ഗം സംഭാഷണം ആരംഭിച്ചിരിക്കുന്നു. ബാവായും മെത്രാപ്പോലീത്തായുമായുള്ള കൂടിക്കാഴ്ച എവിടെ വച്ച് എപ്പോൾ നടക്കുമെന്നുള്ള സംഗതി ഇതേവരെ തീർച്ചയായിട്ടില്ല. മദ്രാസിലെ സുറിയാനി ക്രിസ്ത്യാനികൾ ബാവാ അവർകളെ മദ്രാസിലേക്ക് ക്ഷണിച്ചു കൊണ്ടും സമാധാനം ഏതുവിധവും സ്ഥാപിച്ചു കിട്ടണമെന്നും കാണിച്ചുകൊണ്ടും ബാവാ അവർകൾക്ക് അയച്ച ഒരു അപേക്ഷ ബാവാ അവർകളെ വായിച്ചു കേൾപ്പിച്ചു. മലബാറിലേക്കു വരുന്ന വഴി മദ്രാസിൽ ബാവാ അവർകൾ ഒരു ദിവസം താമസിക്കുന്നതായിരിക്കും. ബാവാ അവർകൾ ബുധനാഴ്ച (മാർച്ച് 11) ഡൽഹിയിൽ നിന്നു തിരിക്കുന്നതാണ്. വൈസ്രോയി വ്യാഴാഴ്ച ഡൽഹിയിൽ നിന്നു സിംലായിലേക്കു പുറപ്പെടുന്നതാണ്. ബാവാ കക്ഷിഭാഗത്തു നിന്നും, മെത്രാൻ കക്ഷിഭാഗത്തു നിന്നും സമാധാനം

ഏതു വിധേനയും ഉണ്ടാക്കണമെന്നുള്ള അനവധി കമ്പികൾ ബാവാ അവർകൾക്കു കിട്ടിക്കൊണ്ടിരിക്കുന്നതായും അറിയുന്നുണ്ട്.

**1931 മാർച്ച് 14 (1106 മീനം 1) ശനിയാഴ്ച മദ്രാസിലെത്തി**

ബാവാതിരുമനസ്സുകൊണ്ടു സപരിവാരം മദ്രാസിലേക്കു യാത്ര തിരിക്കുകയും മീനം 1-നു ശനിയാഴ്ച വൈകുന്നേരം മദ്രാസ് സെൻട്രൽ സ്റ്റേഷ്യനിൽ എത്തുകയും ചെയ്തു.

തിരുമനസ്സിലെ ആഗമനം പ്രമാണിച്ച് മദ്രാസ് ബിഷപ്പു റൈറ്റ് റവ. വാലർ അവർകളും ഗവർണ്ണരുടെ അംഗരക്ഷകനും സ്റ്റേഷ്യനിൽ സന്നിഹിതരായിരുന്നു. മദ്രാസിൽ വിശുദ്ധ പിതാവ് ഒരാഴ്ചയോളം താമസിച്ചു. ഈ അവസരത്തിൽ ആംഗ്ലിക്കൻ ബിഷപ്പൻമാരായ ഡോക്ടർ ഗോർ, ഡോക്ടർ വെസ്റ്റ്ക്കോട്ട് മുതലായ പല മഹാന്മാരുമായി തിരുമനസ്സുകൊണ്ടു സഭാസംബന്ധമായ പല ആലോചനകൾ ചെയ്തു.

മദ്രാസിൽവച്ച് തിരുമനസ്സിലേക്ക് ഹൃദ്രോഗസംബന്ധമായി അല്പം ശീലായ്മയുണ്ടായി. എങ്കിലും ഗവൺമെന്റ് ഡോക്ടർമാരുടെ ശുശ്രൂഷമൂലം സുഖം ലഭിച്ചു.

**പാത്രിയർക്കീസു ബാവാ അവർകളുടെ ആഗമനം**

മദ്രാസ്, മാർച്ച് 16, 1931

പാത്രിയർക്കീസുബാവാ അവർകൾ ഡൽഹിയിൽ നിന്നും സപരിവാരം ഇന്നു വൈകിട്ട് മദ്രാസ് സെൻട്രൽസ്റ്റേഷനിൽ എത്തി. സ്ത്രീകളും പുരുഷന്മാരുമായി ഒട്ടുവളരെ സുറിയാനിക്രിസ്ത്യാനികൾ പ്ലാറ്റുഫോറത്തിൽ സന്നിഹിതരായിരുന്നു. ബാവാ അവർകൾ തീവണ്ടിയിൽ നിന്നും ഇറങ്ങിയപ്പോൾ മദ്രാസ് പള്ളി വികാരിയായ ദിവ്യശ്രീ പൌലൂസു കത്തനാരവർകൾ ബാവാ അവർകളെ ഹാരമണിയിച്ചു സ്വീകരിച്ചു. ആ സമയം ആളുകൾ ചീയേഴ്സ് വിളിച്ചു തങ്ങൾക്കുള്ള സന്തോഷത്തെ പ്രകടിപ്പിച്ചു. മദ്രാസിലെ ആംഗ്ളിക്കൻ ബിഷപ്പ് അവർകളും ഗവർണ്ണരുടെ അംഗരക്ഷകനും തീവണ്ടിസ്റ്റേഷനിൽ എത്തിയിരുന്നു. അനന്തരം ഗവർമ്മെന്റ് ഹൗസിലേക്കു ഗവർമെന്റു വക മോട്ടർകാറിൽ ബാവാ അവർകൾപോയി. ഇദ്ദേഹം ഗവർണരുടെ അതിഥിയായി ഗവർമ്മെന്റു ഹൗസിൽ താമസിക്കുകയാണ്. അദ്ദേഹത്തോടുകൂടി ദ്വിഭാഷിയും ഒർഡർലിയും ഗവർമ്മെന്റ് ഹൗസിൽ താമസിക്കുന്നു.

മാർ അത്താനാസ്യോസ് മുതലായ മെത്രാപ്പോലീത്തന്മാർ മദ്രാസിലെ ഇടവകക്കാർ പ്രത്യേകമായി ഏർപ്പാടു ചെയ്തിട്ടുള്ള ബംഗ്ലാവുകളിൽ താമസിക്കുന്നു.

മദ്രാസിൽ താമസക്കാരായ രണ്ടു കക്ഷികളിലേയും യാക്കോബായ സഭാംഗങ്ങൾ മെത്രാന്മാരുടെ സുഖസൗകര്യങ്ങളെപ്പറ്റി കഴിവുള്ള എല്ലാ വിധത്തിലും അന്വേഷണങ്ങൾ നടത്തിവരുന്നു. അബ്ദുള്ള ബാവാ അവർകളോടുകൂടി ഇവിടെ വന്നിട്ടുള്ള റമ്പാന്മാരിൽ ഒരാളായ ക്ളീമിസ് മെത്രാപ്പോലീത്ത അവർകളും രണ്ട് റമ്പാന്മാരും ഒരു അഭിഭാഷകനും ഒരു പ്രൈവറ്റ് സെക്രട്ടറിയും ഒരു ശിപായിയും ബാവ അവർകളോടു കൂടി ഇവിടെ എത്തിയിട്ടുണ്ട്. ഇന്നലെ ഇവിടുത്തെ ഇമ്മാനുവേൽ ദൈവാലയത്തിൽ മാർ ക്ലീമിസ് മെത്രാപ്പോലീത്താ അവർകൾ ദിവ്യ കുർബാനയണച്ചു. പാത്രിയർക്കീസു ബാവാ അവർകളും മറ്റു മെത്രാന്മാരും വിശുദ്ധ കുർബാനയിൽ സംബന്ധിച്ചിരുന്നു. ബാവാ അവർകൾ കുർബാനയുടെ അവസാനത്തിൽ ഒരു പ്രസംഗം ചെയ്തു. സമാധാനത്തിനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടുത്തിയത് ദ്വിഭാഷി പരിഭാഷപ്പെടുത്തി. ബാവാ അവർകൾക്കു ഹൃദ്രോഗം ബാധിച്ചിട്ടുള്ളതുകൊണ്ടു പ്രസംഗം വളരെ സംക്ഷിപ്തമായിരുന്നു. പ്രസംഗമദ്ധ്യേ ചുമയ്ക്കുകയും ശ്വാസോച്ഛ്വാസം ചെയ്യുന്നതിനു പ്രയാസപ്പെടുകയും ഉണ്ടായി. ബാവാ അവർകൾ വൈദ്യന്മാരുടെ ഉപദേശത്തെ വകവയ്ക്കാതെയാണ് ഇൻഡ്യയിലേക്കു വന്നിട്ടുള്ളത് എന്നു പിന്നീടുമനസ്സിലായി. സമാധാനത്തിനുള്ള ബാവാ അവർകളുടെ അത്യാഗ്രഹം ഒന്നുകൊണ്ടു മാത്രമാണ് ഈയാത്ര ചെയ്തത്. രാജിയുണ്ടാക്കുന്നതിനു പല പ്രയാസങ്ങളുമുണ്ടെങ്കിലും ഏതുവിധേനയും സന്ധിയുണ്ടാക്കാതെ മദ്രാസ് വിടുന്നതല്ലാ എന്ന് അഭിമുഖസംഭാഷണമദ്ധ്യേ പാത്രിയർക്കീസ് ബാവാ അവർകൾ ഉറപ്പു പറഞ്ഞിരിക്കുന്നു. അതിനാൽ മദ്രാസിൽ ദീർഘകാലം താമസിക്കാൻ ഇടയുണ്ട്. ഡോക്ടർ വെസ്റ്റ് കോട്ടും പാത്രിയർക്കീസ് ബാവാ അവർകളും തമ്മിൽ ചൊവ്വാഴ്ച കൂടിക്കാഴ്ച നടത്തുന്നതാണ്.

**1931 മാർച്ച് 21 ശനിയാഴ്ച (മീനം 8) ആലുവയിലെത്തി.**

തിരുമനസ്സുകൊണ്ട് ബിഷപ്പ്മാരുമായി നടത്തിയ ആലോചനയ്ക്ക്ശേഷം ആലുവായിക്കു തിരിക്കുകയും മീനം 8-നു ശനിയാഴ്ച തീവണ്ടിമാർഗ്ഗം ആലുവ സ്റ്റേഷനിൽ എത്തുകയും ചെയ്തു.



ആലുവാ തൃക്കുന്നത്തു സെമിനാരി

വിശുദ്ധ പിതാവിന്റെ വരവിനെ കാണിച്ച് മദ്രാസിൽനിന്നും മറ്റും അയച്ചിരുന്ന കമ്പികൾ മൂലമായി മലങ്കരെയുള്ള ഒട്ടനേകം പള്ളിക്കാർ സ്വർണ്ണക്കുരിശു, വെള്ളിക്കുരിശു, കൊട, കൊടി ആദിയായ പള്ളിസാമാനങ്ങളോടുകൂടി സ്റ്റേഷ്യനിൽ ഹാജരായിരുന്നു. ഈ അവസരത്തിൽ തന്നെ സ്വീകരിക്കാൻ നി. വ.ദി. ശ്രീ. മീഖായേൽ മാർ ദീവന്നാസ്യോസ്, നി. വ. ദി. ശ്രീ. തോമാ മാർ ദിയസ്കൊറോസ് എന്നീ തിരുമേനിമാരും അനേകം പട്ടക്കാരും സന്നിഹിതരായിരുന്നു. സ്റ്റേഷ്യനിൽ നിന്നും സിമ്മനാരിവരെയുള്ള റോഡ് പൂപ്പന്തലുകൾകൊണ്ടും പള്ളിസാമാനങ്ങൾകൊണ്ടും അലങ്കരിച്ചിരുന്നു. കൂടിയിരുന്ന ജനക്കൂട്ടത്തെ ആശീർവദിച്ചതിനുശേഷം വിശുദ്ധ പിതാവ് അലങ്കരിച്ച കാറിൽ മന്ദംമന്ദം സിമ്മനാരിയിലേക്കു യാത്രയായി. ഉദ്ദേശം രണ്ടു മണിയോടുകൂടി തിരുമനസ്സുകൊണ്ടു സപരിവാരം ആലുവാസിമ്മനാരിപള്ളിയിൽ പ്രവേശിച്ചു ലൂത്തിനിയാ കഴിച്ചു. 1931 മാർച്ച് 22 തൃക്കുന്നത്തു സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. തിരുമനസ്സുകൊണ്ടു മെത്രാപ്പോലീത്തായുടെ മുടക്കുതീർത്ത് 161-ാം നമ്പർ കല്പന മീനം 14-ാം തീയതി ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽനിന്നും പുറപ്പെടുവിച്ചു.

### പാത്രിയർക്കീസ് ബാവാ അവർകളുടെ സന്ധിയാലോചന

മദ്രാസ്, മാർച്ച് 18, 1931

ബിഷോപ്പു ഗോറും ഇൻഡ്യയുടെ മെത്രാപ്പോലീത്താ ആയ ഡോക്ടർ വെസ്റ്റകോട്ടും ഇന്നലെ രാവിലെ ഇവിടെയെത്തി. മദ്രാസ് ഗവർണരുടെ അംഗരക്ഷകൻ സെൻട്രൽസ്റ്റേഷനിൽ നിന്ന് ഇവരെ ഗവർമെന്റു മന്ദിരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ഗവർമ്മെന്റുമന്ദിരത്തിൽ പാത്രിയർക്കീസ് ബാവാ അവർകൾ താമസിക്കുന്ന മുറിയുടെ അടുത്തുള്ള മുറികളിൽ ഈ മാന്യന്മാർ അധിവസിക്കുന്നു. പാത്രിയർക്കീസ് ബാവാ അവർകളും ബിഷോപ്പന്മാരും തമ്മിൽ 7 മണിക്കൂർ നേരം സംഭാഷണം നടത്തി. സംഭാഷണത്തിനു വിഷയമായ സംഗതികൾ എന്തെല്ലാമെന്നു വെളിപ്പെടുത്തിയിട്ടില്ല. രഹസ്യമായിട്ടാണു സംസാരം നടത്തിയത്. കാതോലിക്കോസിന്റെ കാര്യം പ്രധാനമായ വാദവിഷയമായിരുന്നു എന്നറിയുന്നു. ഇപ്പോഴത്തെ അവസ്ഥ ആശാജനകമാണെന്നും പരിഗണിക്കപ്പെടുന്നു. ഇന്നത്തെ സംഭാഷണത്തിനുശേഷം ബിഷോപ്പന്മാർ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളെ മദ്രാസിലേയ്ക്കു ക്ഷണി

ക്കാൻ ഇടയുണ്ട്. ഡോക്ടർ വെസ്റ്റ് കോട്ടിന്റെ യാത്ര മാറ്റിവച്ചിരിക്കുന്നു. ബിഷോപ്പന്മാർ രണ്ടുപേരും സന്ധിയുണ്ടാക്കുന്നതിനു കഴിവുള്ള എല്ലാ ശ്രമങ്ങളും ചെയ്യുന്നുണ്ട്. രാജിയാലോചന സംബന്ധിച്ചു ഡോക്ടർ ഗോർ മദ്രാസിൽ താമസിക്കുന്നതിനാൽ അദ്ദേഹം സിലോൺ യാത്ര വേണ്ടെന്നു വെക്കാൻ ഇടയുണ്ട്.

**മലങ്കരസഭയിൽ സമാധാനം**

**കായംകുളത്തെ സന്തോഷപ്രകടനം**

കായംകുളം, മാർച്ച് 26, 1931

മലങ്കരസഭയിൽ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു എന്നുള്ള വർത്തമാനം മലയാളമനോരമവഴി ഇവിടെ അറിവുകിട്ടിയെങ്കിലും സംഗതികളുടെ യഥാർത്ഥം അറിവാനായി ഇവിടെനിന്നും റവ. ഫാദർ പി. ജി. ഇടിച്ചാണ്ടി അവർകൾ മാർ മിഖായേൽ മെത്രാപ്പോലീത്താ അവർകൾക്കു ഇന്നുപകൽ 12 മണിക്കു കമ്പിയടിച്ചതിൽ സമാധാനം "പുനസ്ഥാപിക്കപ്പെട്ടു എന്നുള്ളതു വാസ്തവം തന്നെ" എന്നു മറുപടിക്കമ്പി 4 മണിയോടുകൂടി ഇവിടെ കിട്ടുകയുണ്ടായി. ഉടൻ തന്നെ ജനക്കൂട്ടം ആഹ്ളാദഭരിതരായി പള്ളിയിൽ തുടരെ കതിനാവെടി വയ്ക്കുകയും കൂട്ടമണിയടിക്കുകയും കമ്പിവാർത്തയുടെ പകർപ്പ് അച്ചടിപ്പിച്ചു പട്ടണത്തിലും പരിസരപ്രദേശങ്ങളിലും പ്രചരിപ്പിക്കുയും ചെയ്തുതോടുകൂടി ഒട്ടുവളരെ ആളുകൾ പല സ്ഥലങ്ങളിൽ നിന്നും വന്നു ചേർന്നു. ദിവ്യശ്രീമാന്മാരായ കൊല്ലപറമ്പിൽ സ്ക്കറിയാക്കത്തനാർ, പി. ജി. ഇടിച്ചാണ്ടി കത്തനാർ എന്നീ വൈദികന്മാർ കൂടി പള്ളിയിൽ പ്രവേശിച്ചു പ്രാർത്ഥന നടത്തുകയും കമ്പിവാർത്ത ഒന്നു കൂടി പ്രസ്താവിക്കുകയും ചെയ്തു. പിന്നീട് ഏകദേശം 7 മണിയോടുകൂടി ഒരു വമ്പിച്ച ജനക്കൂട്ടത്തോടും പട്ടക്കാരോടും കൂടി പാത്രിയാർക്കീസുബാവാ അവർകളുടേയും ദിവന്നാസ്യോസുമെത്രാപ്പൊലീത്താ അവർകളുടെയും ഫോട്ടോകൾ വഹിച്ചുകൊണ്ടു പട്ടണത്തിൽ ഒരു ഘോഷയാത്ര നടത്തുകയും ഏകദേശം ഒൻപതരമണിയോടുകൂടി ഘോഷയാത്ര തിരിയെ പള്ളിയിൽ എത്തി പ്രാർത്ഥന, പ്രസംഗം മുതലായതു കഴിഞ്ഞു. 10 മണിക്ക് എല്ലാവരും പിരിഞ്ഞുപോകയും ചെയ്തു. ഈ അവസരങ്ങളിലെല്ലാം ബാൻഡ്, ഫ്ളൂട്ട്, കതിനാവെടി, കൂട്ടമണി, ചീയേഴ്സുവിളി എന്നിവ മുഴങ്ങിക്കൊണ്ടുതന്നേ ഇരുന്നവെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

**1931 (1106) മീനം 17 പീരുമേട്ടിൽ മഹാറാണി റീജന്റുമായി കൂടിക്കാഴ്ച നടത്തി**

ആലുവായിൽനിന്നും മീനം 16-നു തിരുമനസ്സുകൊണ്ടു പീരുമേട്ടിൽ എഴുന്നെള്ളി പൊളിറ്റിക്കൽ ഏജന്റിനേയും സന്ദർശിക്കുകയുണ്ടായി. പിന്നെ മഹാറാണി തിരുമനസ്സുകൊണ്ടു വിശുദ്ധ പിതാവിനെ തലസ്ഥാനമായ തിരുവനന്തപുരത്തേക്ക് ക്ഷണിക്കുകയും വിശുദ്ധ പിതാവു ആ ക്ഷണത്തെ സ്വീകരിക്കുകയും ചെയ്തു.

തിരുമനസ്സുകൊണ്ട് പരിവാരസമേതം അഴുത ദൈവാലയത്തിലേക്കു എഴുന്നെള്ളി. പ്രാർത്ഥനയും ഉച്ചമേശയും കഴിഞ്ഞ് എരുമേലിപ്പള്ളിയിലേക്ക് എഴുന്നെള്ളുന്നതിനുവേണ്ട ഒരുക്കങ്ങൾ ചെയ്തു. പൊളിറ്റിക്കൽ ഏജന്റിനെ സന്ദർശിച്ച് മടങ്ങിവന്ന ഉടനെ, ബാവ തിരുമനസ്സുകൊണ്ട് അടുത്ത ബുധനാഴ്ച 5 മണിക്ക് കരിങ്ങാശ്രപ്പള്ളിയിൽ എത്തുന്നതാണെന്നു പ്രസ്തുത പള്ളിക്കാർക്ക് കമ്പിസന്ദേശം അയയ്ക്കുകയുണ്ടായി. തദനന്തരം എരുമേലിക്ക് യാത്ര പുറപ്പെടുകയും അവിടെനിന്നു തിരിച്ചു കരിങ്ങാശ്രയ്ക്കു യാത്ര ആരംഭിക്കുകയും ചെയ്തു. തിരിച്ചുള്ള യാത്രയിൽ മാർഗ്ഗമദ്ധ്യേയുള്ള വാഴൂർ, പാമ്പാടി, വെള്ളൂർ, മണർകാട് മുതലായ പല പള്ളികൾ തിരുമനസ്സുകൊണ്ട് സന്ദർശിക്കകയും ദൈവാലയ ഭാരവാഹികൾ ഏവരും ബാവാതിരുമേനിയെ അത്യാഡംബരപൂർവ്വം സ്വീകരിക്കുകയുമുണ്ടായി.

**അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ അവർകളുടെ ആഗമനം**
(മീനം 17) മാർച്ച് 30 ,1931

അന്ത്യോഖ്യായുടെ നി. വ. ദി. മ. ശ്രീ. മോറാൻ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ അവർകൾ പീരുമേട്ടിൽ എഴുന്നള്ളി താമസിക്കുന്നു. റിജന്റു മഹാറാണി തിരുമേനിയെ മുഖം കാണിക്കുന്നതിനു പീരുമേട്ടിലേയ്ക്കു നീങ്ങുന്നവഴി ഇന്നലെ ഇവിടെ മണർകാട്ടുപള്ളിയിൽ എത്തി വിശ്രമിക്കയുണ്ടായി. ഞായറാഴ്ച ദിവ്യ ശ്രീ. വെട്ടിക്കുന്നേൽ കറിയാക്കാസ് കത്തനാരവർകൾ ബാവാ അവർകളുടെ നിർദ്ദേശാനുസരണം മണർകാട്ടു പള്ളിയിൽ എത്തുകയും കുർബാനമദ്ധ്യേ മലങ്കര ഇടവകയുടെ നി. വ. ദി. ശ്രീ. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളെ, ബാവാ അവർകൾ സ്വീകരിച്ചിരിക്കുന്നതായി ഒരു കല്പന വായിക്കുകയും ചെയ്തു. ഈ വിവരം



പരിശുദ്ധ ബാവായും സംഘവും പീരുമേട്ടിൽ

അറിഞ്ഞു അസംഖ്യം ജനങ്ങൾ മണർകാട്ടു പള്ളിയിൽ കൂടി. കെ. കെ. റോട്ടിൽ അഞ്ചാം മൈലിൽ ഉള്ള കിടങ്ങൂർ കവലയിൽ ഒരു പൂപന്തൽ തീർക്കുകയും ആർക്കുകൾ തോരണങ്ങൾ മുതലായവ കെട്ടുകയും ചെയ്തിരുന്നു. അലുക്കിട്ട കൂടുകൾ, വെട്ടുകുടകൾ, കുരിശുകൾ, കൊടികൾ മുതലായവ റോഡിന്റെ ഇരുവശങ്ങളിലും നിരന്നു കാണപ്പെട്ടു സ്കൂൾ കുട്ടികൾ പലവർണ്ണക്കൊടികൾ പിടിച്ചിരുന്നു. പാത്രിയർക്കീസ് ബാവാ അവർകൾ പരിവാര സമേതം സ്പെഷ്യൽ കാറിൽ കിടങ്ങൂർ കവലയിൽ എത്തി. ഉടൻ വികാരി കുറിയാക്കോസ് കത്തനാരവർകൾ അദ്ദേഹത്തെ സ്വീകരിച്ചു. ജനങ്ങൾ ചിയേഴ്സ് വിളിച്ചു കതിനാവെടികൾ മുഴങ്ങി പിന്നീടു ബാൻഡു, ചെണ്ട മുതലായ വാദ്യങ്ങളോടും ആലവട്ടം, വെഞ്ചാമരം മുതലായ അലങ്കാരങ്ങളോടും ആർപ്പു വിളികളോടും വഞ്ചിപ്പാട്ടുകളോടും കൂടി എതിരേല്പ് ആരംഭിച്ചു വഴിയുടെ ഇരുവശങ്ങളിലുമുള്ള വീട്ടുകാർ പടിക്കൽ വെച്ചുവിരപ്പും വിളക്കുകൾ കത്തിച്ചും തങ്ങളുടെ ഭക്ത്യാദരങ്ങളെ പ്രദർശിപ്പിച്ചു. ബാവാ അവർകൾ ഓരോ വീടുകളേയും സ്ലീബാ കൊണ്ടു വാഴ്ത്തിക്കൊണ്ടിരുന്നു. ഇങ്ങിനെ യാത്ര പള്ളിയിൽ എത്തി. ബാവ ലുത്തിനിയാ കഴിഞ്ഞശേഷം വടക്കേ മുറ്റത്തു തയാറാക്കിയിരുന്ന ഫ്ളാറ്റുഫാറത്തിൽ ആസനസ്ഥനായി ശ്ളീഹായ്ക്കടുത്ത ആശിർവാദം നൽകി. കഴിഞ്ഞുപോയ പരിശുദ്ധ പിതാക്കന്മാർ കാണിച്ചുതന്നിട്ടുള്ള വിശ്വാസാചാരങ്ങളെ ക്രമമായി ആചരിക്കുയും പാലിക്കയും ചെയ്യണമെന്ന് അദ്ദേഹം പ്രസ്താവിച്ചു. കൂടാതെ ജനങ്ങൾ തന്നോടു കാണിച്ചിട്ടുള്ള ഭക്തിബഹുമാനങ്ങൾക്കു നന്ദി പറയുകയും ചെയ്തു. ഇവയെല്ലാം സുറിയാനിയിൽനിന്നും നി. വ. ദി. ശ്രീ. മാർ മിഖായേൽ മെത്രാപ്പോലീത്താ അവർകൾ ഭാഷാന്തരം ചെയ്തു. അവസാനമായി എല്ലാവരും സ്ളീബാ മുത്തി പിരിഞ്ഞു.

കൂടാതെ പാത്രിയർക്കീസുബാവായുടെ കൂടെ മാർ ക്ളീമിസു മെത്രാപ്പോലീത്താ, മാർ യൂലിയോസു മെത്രാപ്പോലീത്താ, മാർ മിഖായേൽ മെത്രാപ്പോലീത്താ, രണ്ടു റമ്പന്മാർ, ഒരു അംഗരക്ഷകൻ, പ്രൈവറ്റു സെക്രട്ടി മി. ഏലിയാസ് എഫിൻസി മുതലായവരും ഉണ്ടെന്നുള്ളതും പ്രസ്താവ്യമത്രെ.

**1931 മീനം 19 കരിങ്ങാച്ചിറപള്ളിയിൽ കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകൾ നിർവഹിച്ചു**

വലിയനോമ്പിന്റെ അവസാനഘട്ടമാകയാൽ പള്ളിക്കാരുടെ അപേക്ഷയനുസരിച്ചു ബാവാതിരുമനസ്സുകൊണ്ട് കരിങ്ങാച്ചിറ പള്ളിയിൽ തന്നെ കഷ്ടാനുഭവാഴ്ച കഴിക്കണമെന്നു തീരുമാനിച്ചു. പെസഹാദിവസം കാൽകഴുകൽ ശുശ്രൂഷ നിർവഹിച്ചു. ദുഃഖവെള്ളിയാഴ്ചയിലെ ദീർഘമേറിയ ക്രമങ്ങൾ കണ്ണുനീരൊലിപ്പിച്ചുകൊണ്ടു നടത്തിയ ആ അതിദുഃഖാവസരത്തിൽ പൊട്ടിക്കരയാത്തവൻ ആരുംതന്നെ അവിടെ ഉണ്ടായിരുന്നില്ല. ഉയർപ്പുഞായറാഴ്ച വിശുദ്ധ കുർബാനയും അർപ്പിച്ചു.

കഷ്ടാനുഭവ ആഴ്ചയിൽ സഭാസംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്തിരുന്നില്ല. എപ്പോഴും ധ്യാനത്തിലും സങ്കീർത്തനവായനയിലും പ്രാർത്ഥനയിലുംതന്നെ സമയം കഴിച്ചു. ദേഹസുഖമില്ലാതിരുന്ന അവസരങ്ങളിൽപോലും പള്ളിയകത്തുപോയി പ്രാർത്ഥന നടത്തുന്നതിലും കൂടിയ അനേകാരയിരത്തെ അപ്പോഴപ്പോഴായി അനുഗ്രഹിച്ചുവിടുന്നതിലും തിരുമനസ്സുകൊണ്ടു കാണിച്ച അതിയായ താല്പര്യം പലരേയും അത്ഭുതപ്പെടുത്തത്തക്കതായിരുന്നു. വിശുദ്ധ പിതാവു ഉച്ചയും ഇരുപത്തിരണ്ടരയും നോറ്റു ഒരു മാതൃകാനോമ്പുകാരനായി കുമ്പിടുന്നതു കാണാമായിരുന്നു.

വിശുദ്ധ പിതാവ് ഈ പള്ളിയിലെഴുന്നെള്ളി താമസിച്ചിരുന്ന കാലത്തു കൊച്ചി തിരുവിതാംകൂർ ആഗ്ലിക്കൻ ബിഷോപ്പ് റൈറ്റ് റവ. ഡോക്ടർ മൂർ അവർകൾ വിശുദ്ധ പിതാവിനെ സന്ദർശിക്കയുണ്ടായി

**1931 മേടം 2 തൃക്കുന്നത്തു സെമിനാരിയിൽ**

സിമ്മനാരിയിലെ ഈ താമസകാലത്തു തിരുമനസ്സുകൊണ്ടു വടക്കു രണ്ടു ദയറാകൾ സ്ഥാപിച്ചു അനുഗ്രഹകല്പനകൾ കൊടുക്കുകയുണ്ടായി. പൂർവ്വീക സുറിയാനിക്കാരുടെ ആദ്ധ്യാത്മീകപ്രസ്ഥാനം (Religous Movement of the Ancient Syrians) എന്ന പേരിനാൽ അറിയപ്പെടുന്ന ഈ രണ്ടു ദയറാകളിൽ ഒന്നു പുരുഷന്മാർക്കും മറ്റേതു സ്ത്രീകൾക്കുംവേണ്ടി ആരംഭിച്ചു നടത്തുവാൻ ഏർപ്പാടു ചെയ്തു. വന്ദ്യ വഞ്ചത്താറ്റിൽ എം. കുര്യാക്കോസ് കത്തനാർ (പിന്നീട് റമ്പാച്ചൻ) ഈ പ്രസ്ഥാനങ്ങൾ രൂപീകരിക്കുന്നതിൽ മുഖ്യപങ്കു വഹിച്ചു.



വന്ദ്യ വഞ്ചത്താറ്റിൽ എം. കുര്യാക്കോസ് റമ്പാച്ചൻ



The Brotherhood of St. Antonios

*Source: Religious Movement of the Ancient Syrians*
*Tract No.1 (1931)*



The St. Mary's Sisterhood

*Source: Religious Movement of the Ancient Syrians*
*Tract No.1 (1931)*

ഇതിൽ പുരുഷന്മാർക്ക് പാമ്പാക്കുട അടുത്ത് പിറമാടം എന്ന സ്ഥലത്തു 'മാർ അന്തോനിയോസ് ദയറാ'യും സ്ത്രീകൾക്ക് ആലുവാ സമീപം കിഴക്കമ്പലം എന്ന സ്ഥലത്ത് 'സെന്റ് മേരീസ് ആശ്രമ'വും ആരംഭിച്ചു തുടർന്നുകൊണ്ടുപോകുവാനാണ് തിരുമനസ്സുകൊണ്ട് അനുവദിച്ചത്. വിശുദ്ധ പിതാവിന്റെ സാന്നിദ്ധ്യത്തിൽ സമൂഹാംഗങ്ങൾ ഫോട്ടോ എടുപ്പിച്ചതും മറ്റും ഇവിടെവച്ചുതന്നെയാണ്.

ആലുവാ സിമ്മനാരിയിലെ ഈ താമസകാലത്തു മാർ തിമോത്തയോസ് തിരുമേനിയും മീഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനിയും മാർ ദിയസ്കോറോസ് തിരുമേനിയും പലപ്പോഴും ഇവിടെ വന്നുംപോയും തിരുമനസ്സിലെ ക്ഷേമത്തെ അന്വേഷിച്ചുംകൊണ്ടിരുന്നു. മാർ തിമോത്തിയോസ് തിരുമേനി സിമ്മനാരിയിൽ താമസിക്കുന്നതും ബാവാതിരുമനസ്സിനോടു സംസാരിക്കുന്നതും വിശുദ്ധ പിതാവിന് വളരെ താല്പര്യമായി കാണപ്പെട്ടു. പദ്യരചനയിൽ നിപുണനായ കൊച്ചുതിരുമേനിയോടൊന്നിച്ചു പല തവണയും സുറിയാനി പദ്യങ്ങൾ ബാവാതിരുമനസ്സുകൊണ്ടു ചൊല്ലി രസിക്കുന്നത് കേൾക്കുന്നതുതന്നെ രസാവഹമായിരുന്നു.

മലങ്കരസഭയിലെ വഴക്കുകളെക്കുറിച്ചും കുഴപ്പങ്ങളെക്കുറിച്ചും വിശുദ്ധ പിതാവ് മെത്രാപ്പോലീത്തായുമായും ഇരുകക്ഷിയിലെ പ്രധാനികളുമായും പല ആലോചനകളും നടത്തി. ആലുവാ സിമ്മനാരിയിൽ താമസിച്ചിരുന്ന സമയത്ത് മലങ്കരസഭയ്ക്കു കാതോലിക്കാസ്ഥാപനം ആവശ്യമാണെന്നും തന്റെ കക്ഷി അവരോധിച്ചിട്ടുള്ള കാതോലിക്കായെയും മെത്രാന്മാരെയും യഥാവിധി ബാവാതിരുമനസ്സുകൊണ്ടു സ്വീകരിക്കേണ്ടതാണെന്നും അങ്ങനെ ചെയ്യാതെ സഭയിൽ സമാധാനം ഉണ്ടാകുന്നതല്ലെന്നും വട്ടശ്ശേരി മെത്രാപ്പോലീത്താ വാദിച്ചു. എന്നാൽ മലങ്കരസഭയും അന്ത്യോഖ്യാ സിംഹാസനവുമായി നിലനിന്നുവരുന്ന ബന്ധം കാതോലിക്കാസ്ഥാപനം തച്ചുടയ്ക്കുമെന്നും, കാതോലിക്കാസ്ഥാപനം മേലാൽ ഉണ്ടാകരുതെന്നും 1863-ൽ അന്ത്യോഖ്യാ പാത്രിയർക്കീസുബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പതിനേഴ് മെത്രാപ്പോലിത്തന്മാർ ഉൾപ്പെട്ട ഒരു സുന്നഹദോസിൽ തീരുമാനിച്ചിട്ടുണ്ടെന്നും ആ സുന്നഹദോസു നിശ്ചയങ്ങൾക്കു വിപരീതമായി ഒരു കാതോലിക്കാസ്ഥാപനം തരുവാൻ തനിക്ക് അധികാരമില്ലെന്നും

മറ്റും വിശുദ്ധ പിതാവ് സമാധാനാലോചയുടെ പ്രാരംഭഘട്ട ത്തിൽതന്നെ മെത്രാപ്പോലീത്തായോടു തുറന്നു പ്രസ്താവിക്കുക യുണ്ടായി.

**1931 ഇടവം 9 ശനിയാഴ്ച ആലുവയിൽ നിന്ന് പാണമ്പടിപള്ളിയിലേക്ക് എഴുന്നെള്ളി**

ഇടവം 9-നു പ്രോഗ്രാം അനുസരിച്ച് സ്റ്റേറ്റുകാറുകൾ ആലുവാ സിമ്മനാരിയിൽ എത്തുകയും തിരുമനസ്സുകൊണ്ട് പരിവാരസമേതം കോട്ടയത്തേക്കു യാത്ര തിരിക്കുകയും ചെയ്തു. ഈ ആഘോഷ യാത്രയിൽ എല്ലാ തിരുമേനിമാരും സംബന്ധിച്ചിരുന്നു. നാഗമ്പടം പാലം മുതൽ വെള്ളത്തിൽകൂടി അലങ്കരിച്ചതായ ഒരു പ്രത്യേക ബോട്ടിലായിരുന്നു യാത്ര. അനേകം ബോട്ടുകളിലും വള്ളങ്ങളി ലുമായി 100 കുരിശുകൾ 300 മുത്തുകുടകൾ 500 വെള്ളിക്കുടകൾ, കൊടികൾ, ബേന്റ്, നാട്ടുവാദ്യങ്ങൾ മുതലായവയോടുകൂടിയും അന വധി കളിവള്ളങ്ങളുടെ അകമ്പടിയോടു കൂടിയായിരുന്നു യാത്ര. ഈ പള്ളിയിൽവെച്ചു ഇടവം 17-നു വിശുദ്ധ പിതാവു പുന്നച്ചിറ യിൽ കുഞ്ഞപ്പായി അവർകളുടെ ദ്വിതീയപുത്രൻ മിസ്റ്റർ ജേക്കോ ബിനു ശെമ്മാശുപട്ടം കൊടുക്കുകയുണ്ടായി.

കോട്ടയം പാണമ്പടി പള്ളി സന്ദർശനം സംബന്ധമായി കോട്ട യം, നിരണം മുതലായ ഇടവകകളുടെ മിഖായേൽ മോർ ദിവന്നാ സ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പുറപ്പെടുവിച്ചി ട്ടുള്ള കല്പനയിൽ: “നമ്മുടെ വിശുദ്ധ പിതാവായ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാതിരുമനസ്സിലെ കോട്ടയം പട്ടണംവഴി പാണമ്പടി പള്ളിയിലേക്ക് ഇടവമാസം 9-ാം തീയതി ശനിയാഴ്ച ഒരുമണിക്ക് പട്ടണാതിർത്തിയായ നാഗമ്പടം പാലത്തിങ്കൽവച്ച് കോട്ടയം ഭദ്രാസന ഇടവകക്കാരെല്ലാം കൂടി തിരുമേനിയെ സാദരം സ്വീകരിച്ച് ജലമാർഗ്ഗം യാത്ര തുടരണമെന്നും പള്ളിക്കാർ അന്നേ ദിവസം രാവിലെ എട്ടുമണിക്ക് മുത്തുക്കുട, വെട്ടുകുട, കൊടി, കുരിശ് മുതലായ സാമാനങ്ങളോടുകൂടി പാലത്തിങ്കൽ വന്നുചേരണമെന്നും നിശ്ചയിച്ചിരിക്കുന്നു എന്നുള്ള വിവരം നിങ്ങളുടെ സത്യസ്നേഹ ത്തോടു നാം അറിയിക്കുന്നു.”

മിഖായേൽ മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരു മനസ്സിലെ കീഴിലുള്ള ഇരുപത്തിയേഴ് പള്ളിക്കാരും മോർ ദിയ സ്കോറോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കീഴിലുള്ള എല്ലാ

പള്ളിക്കാരും പ്രസ്തുത എതിരേല്പ് എത്രയും മോടിയാക്കുന്ന തിന് ഹൃദയപൂർവ്വം സഹകരിച്ചിരുന്നു. നദിയിൽക്കൂടിയുള്ള ഘോഷയാത്രാവശ്യത്തിലേക്ക് കേരളത്തിലെ കേൾവികേട്ട ഇരുപ ത്തിഅഞ്ചിൽപരം വയ്പുവള്ളങ്ങളും, മുപ്പത്തിഅഞ്ചിൽ കുറയാതെ ചുരുളൻ വള്ളങ്ങളും, അസഖ്യം കേവള്ളങ്ങളും, എതിരേല്പ് പൊതുവെ മോടിയാക്കുന്നതിന് സ്വർണ്ണം, വെള്ളി, അലുക്കിട്ട അഞ്ഞൂറു മുത്തുക്കുടകളും, എഴുപതു വെള്ളിക്കുരിശുകളും ഏഴു സ്വർണ്ണക്കുരിശുകളും, ഒൻപത് തങ്കപ്പൂശുകുരിശുകളും സജ്ജീകരി ച്ചിരുന്നു.

## നി. വ. ദി. മ. ശ്രീ. പാത്രിയർക്കീസ് ബാവാ അവർകളുടെ ആഗമനം

കോട്ടയം, (ഇടവം 11) മെയ് 25, 1931

പാണമ്പടിക്കൽ പള്ളിക്കാരുടെ ക്ഷണം സ്വീകരിച്ച് ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽ നിന്നു നി. വ. ദി. മ. ശ്രീ മോറാൻ മാർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസു ബാവാ അവർകൾ പരിവാര സമേതം കഴിഞ്ഞ ശനിയാഴ്ച കൃത്യം ഒരു മണിക്ക് ഇവിടെ എത്തുകയുണ്ടായി. ആലുവായിൽ നിന്ന് എട്ടുമണിക്കു പുറ പ്പെട്ടു ബാവാ അവർകൾ 11 മണിക്കു വൈക്കം ചെമ്പിൽപള്ളി യിൽ എത്തി അല്പം വിശ്രമിച്ചശേഷമാണ് ഇവിടെ എത്തിയത്. ബാവാ അവർകൾ ആരോഹണം ചെയ്തിരുന്ന വാഹനം നാഗ മ്പടം പാലത്തിന് ഉത്തരഭാഗത്തായി കെട്ടി ഒരുക്കിയിരുന്ന ആർക്കിനു താഴെ എത്തിയ സമയം തുടർച്ചയായി മുഴങ്ങിക്കൊണ്ടി രുന്ന കതിനാവെടിയും, ബാന്റുനാദവും, പഞ്ചവാദ്യമേളവും, വൈദി കന്മാരുടെ സുറിയാനി സ്തോത്രഗീതവും പൂജ്യനായ അതിഥിയെ സ്വാഗതം ചെയ്തുകൊണ്ടിരുന്നു. ഉത്തരഭാഗത്തു നിന്നും പാല ത്തിന്റെ ദക്ഷിണഭാഗം വരെ ഇരുവശങ്ങളും കമനീയമായി അലങ്ക രിച്ചിരുന്നതു കൂടാതെ ഉപരിഭാഗവും ആകർഷണീയമാംവിധം വിചി ത്രവർണ്ണത്തിലുള്ള കടലാസ് മുല്ലപ്പൂമാലകളാൽ മോടിപിടിപ്പിക്ക പ്പെട്ടിരുന്നു. പാലത്തിനു കിഴക്കുവശത്തു മി. കോര, എം. വറുഗീ സിന്റെ വക സ്ഥലത്തു തയാർ ചെയ്ത് അലങ്കരിച്ചിരുന്ന സ്വീകര ണപ്പന്തൽ വരെ ഈ അലങ്കാരം തുടർന്നിരുന്നു.

ബാവാ അവർകളുടെ വാഹനം, ഇരുവശവും നിരന്നിരുന്ന വൈദികഗണങ്ങളുടെ മദ്ധ്യേ മാർഗ്ഗം മന്ദം മന്ദം പുറപ്പെട്ടു സ്വീകര

ണപന്തലിൽ എത്തി. വൈദികഗണത്തിൽ നിന്നും പുറപ്പെട്ടുകൊണ്ടിരുന്ന സുറിയാനി സ്തോത്രഗീതാരവത്തിൽ വാളന്റിയർ സൈന്യത്തിന്റെ ഊർജ്ജിതമായ പ്രവർത്തനം ഒന്നു മന്ദീഭവിക്കുകയാൽ അനവധി ജനങ്ങൾ സ്വീകരണപന്തലിൽ പ്രവേശിച്ചു. പോലീസു സൈന്യം യാതൊരുവിധം അതൃപ്തികരമായ ചേഷ്ടകൾക്കും വശംവദരാകാതെ കാണപ്പെട്ടതുകൊണ്ടും വലിയ തള്ളലോമറ്റോ കൂടാതെ കഴിഞ്ഞു. സ്വീകരണപ്പന്തലിൽവച്ചു മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ അവർകൾ ബാവാ അവർകളെ സമുചിതമാംവിധം ആചാരോപചാരം ചെയ്തു സ്വീകരിച്ചു പശ്ചിമഭാഗത്തായി തയാർ ചെയ്തിരുന്ന പൂജ്യാസനത്തിൽ ഉപവിഷ്ഠനാക്കി. ഈ സമയം ഏതാനും ചെറുബാലികമാരിൽനിന്നു പുറപ്പെട്ട മധുരഗാനാലാപം ബാവാ അവർകൾക്കു മംഗളാശംസ ചെയ്തുകൊണ്ടിരുന്നു.

സ്വീകരണപ്പന്തലിൽ നഗരാധിപനും, താലൂക്കു തഹശീൽദാരുടെ പ്രതനിധിയും, ഡി. എസ്. പി. യും സന്നിഹിതരായിരുന്നു. അനന്തരം സ്വീകരണസംഘാദ്ധ്യക്ഷൻ ദിവ്യശ്രീ വെട്ടിക്കുന്നേൽ കറിയാക്കോസുകത്തനാർ അവർകൾ ബാവ അവർകൾക്കു മംഗളമാശംസിച്ചുകൊണ്ടു സുറിയാനിഭാഷയിൽ എഴുതിയിരുന്ന പ്രസംഗം വായ്ക്കുകയുണ്ടായി. ഇതിനെ തുടർന്നു സ്വാഗതപ്രസംഗത്തിനു മറുപടിയായി ബാവാ അവർകൾ ഒരു ചെറുപ്രസംഗം ചെയ്തു. സുറിയാനിഭാഷയിൽ ചെയ്ത ഈ പ്രസംഗത്തെ സ്വീകരണസംഘാദ്ധ്യക്ഷൻതന്നെയാണ് മലയാളത്തിൽ പരിഭാഷപ്പെടുത്തിക്കൊണ്ടിരുന്നത്. ''ഇത്ര ആഘോഷമായ സ്വീകരണം നൽകിയതിൽ നാം അതീവസന്തുഷ്ടനായിരിക്കുന്നു. നാം അന്ത്യോഖ്യാസിംഹാസനത്തിൽ ആരോഹണം ചെയ്ത ശേഷം മലങ്കരസഭയിലെ അന്തഃഛിദ്രത്തെപ്പറ്റി പല സമുദായാഭിമാനികളിൽ നിന്നും അറിഞ്ഞുകൊണ്ടാണിരുന്നിട്ടുള്ളത്. മലങ്കരയിടവക സന്ദർശിക്കണമെന്നു പലരും അപേക്ഷിച്ചു എങ്കിലും ലോകമഹായുദ്ധം മൂലമുണ്ടായ കുഴപ്പങ്ങൾകൊണ്ടു സാധിച്ചില്ല. മലങ്കര സഭ ഐശ്വര്യപൂർവ്വം മുന്നോട്ടു പ്രയാണം ചെയ്യുന്നതിന് വേണ്ട സഹായമരുളുന്നതിന് മാർത്തോമാശ്ലീഹായോടു നാം അഭയ യാചന ചെയ്തുകൊള്ളുന്നു.''

മലങ്കരസഭയിലെ അസ്വാസ്ഥ്യം എങ്ങനെയെങ്കിലും തീർക്കണമെന്നു കരുതിയാണ് വൈസ്രോയിയുടെ ക്ഷണം സ്വീകരിച്ചു

ഇങ്ങോട്ടു നാം പുറപ്പെട്ടത്. ഇന്നത്തെ സ്വീകരണത്തിൽ അന്ത്യോഖ്യാ സിംഹാസനത്തോടു ബന്ധമുള്ളവരുടെ സംഖ്യ ഒട്ടും കുറവല്ലെന്നു പ്രത്യക്ഷപ്പെടുന്നു. ഐശ്വര്യസംപൂർണ്ണമായ ഈ രാജ്യത്തെ ഭരിക്കുന്ന മഹാറാണി റീജന്റു തിരുമനസ്സിലേക്കും, രാജ്യഭാരം കയ്യേൽക്കുവാനിരിക്കുന്ന മഹാരാജാവിനു; ചക്രവർത്തി തിരുമനസ്സിലേക്കും ആയുരാരോഗ്യാദികൾക്കുമായി നാം പ്രാർത്ഥിക്കുന്നു. സമാധാനത്തോടും സംതൃപ്തിയോടും രാജ്യക്ഷേമത്തിനും സമുദായ ക്ഷേമത്തിനും അനുയോജ്യമാം വിധം നിങ്ങൾ ഏവരും വർത്തിക്കണം." ഈ മറുപടി പ്രസ്താവനക്കുശേഷം ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ അവർകൾ ഒരു പുഷ്പമാല്യം ബാവാ അവർകളെ ധരിപ്പിക്കുകയുണ്ടായി.

പിന്നീടു കടവിൽ 3 വള്ളത്തിനു മീതെ തട്ടിട്ട് ഉപരിഭാഗം ചേതസ്സമാകർഷകമാംവിധം അലങ്കരിച്ചു തയ്യാർ ചെയ്തിരുന്ന സ്വീകരണസൗധത്തിലേക്കു ബാവാ അവർകളെ ആനയിപ്പിക്കുകയും മുൻഭാഗത്തു തയ്യാർ ചെയ്തിരുന്ന പൂജ്യാസനസ്ഥത്തിൽ ഉപവിഷ്ടനാക്കുകയും ചെയ്തു. സന്നിഹിതരായിരുന്ന ഇതരമെത്രാന്മാരും ഏതാനും വൈദികന്മാരും ഈ സ്വീകരണസൗധത്തിന്റെ ഇരുവശങ്ങളിലും പിന്നിലുമായി സ്ഥാനം പിടിച്ചിരുന്നു. സുവർണ്ണനിർമ്മിതമായ രണ്ടു പൊൻകുരിശുകളാലും രാജോജിതമായ ആലവട്ടങ്ങളാലും വൈദികന്മാരുടെ സ്തോത്രഗീതങ്ങളാലും സർവോപരി അലംകൃതമായ സ്വീകരണസൗധത്തിന്റെ പിന്നിലായി ഇതേ രീതിയിൽ തന്നെ തയാർ ചെയ്തിരുന്ന മറ്റൊരു വാഹനവും, ഇരുവശങ്ങളിലും ബാന്റ് പഞ്ചവാദ്യം ആദിയായ താളമേളക്കാരോടുകൂടി തയ്യാറായിരുന്ന വള്ളങ്ങളുടെ മുന്നിലായി 4 ഫർലോംഗ് ദൂരത്തിൽ ആറ്റിൽ ഒന്നിടവിട്ടു നിരനിരയായി കാണപ്പെട്ട വഞ്ചികളിൽ വിവിധനിറത്തിലുള്ള ഒട്ടധികം മുത്തുക്കുടകളും, കുരിശുകളും, മറ്റും വൈദികാദ്ധ്യക്ഷനും മഹിമക്കനുയോജ്യമായ അലങ്കാരചിഹ്നങ്ങളും വഹിച്ചുകൊണ്ടിരുന്ന ജനങ്ങളുടെ ആഹ്ളാദപ്രകടനവും ഇതിന്റെ മദ്ധ്യഭാഗത്തായി നിരന്നിരുന്ന കളിവള്ളങ്ങളുടെ ശങ്കിടിയും കതിനാവെടിയുടെ ഗംഭീരനാദവും, വൈദികന്മാരിൽ നിന്നും പുറപ്പെട്ടുകൊണ്ടിരുന്ന സുറിയാനി ഗീതവും, ബാന്റ്, ഉരുട്ടുചെണ്ട, നാദസ്വരം മുതലായ വാദ്യമേളവും മുഴങ്ങിക്കൊണ്ടിരിക്കവെ സ്വീകരണസൗധം മന്ദം മന്ദം ചരിച്ചുതുടങ്ങി.

ഇതിന്റെ മുന്നിലായി ഡി. എസ്. പി., എ. എസ്. പി. തുടങ്ങിയവർ ഒരു ബോട്ടിലും പോലീസു സൈന്യം മറ്റൊരു ബോട്ടിലും സഞ്ചരിച്ചുകൊണ്ടിരുന്നു. ഘോഷയാത്ര കടന്നുപോകുന്ന മീനച്ചിലാറ്റിന്റെ ഇരുഭാഗങ്ങളിലും സമൃദ്ധിയായി തഴച്ചു വളർന്നിരിക്കുന്ന കേരവൃക്ഷങ്ങളെ തമ്മിൽ ബന്ധിച്ചിരുന്ന മനോഹരമായ തോരണശ്രേണികളുടെ കീഴിൽ കൂടി മന്ദം മന്ദം പുറപ്പെട്ടു ചുങ്കക്കടവു മുതൽ പല സ്ഥലങ്ങളിലും പ്രത്യേക സ്വീകരണങ്ങളും സ്വാഗതങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ആറ്റിന്റെ ഇരുവശങ്ങളിലും പലഭാഗങ്ങളിലും മനോഹരമായി അലങ്കരിച്ചിരുന്നതുകൂടാതെ യാതൊരു ഭേദം കൂടാതെ എല്ലാ ക്രിസ്തീയ ഗൃഹങ്ങളുടെയും പുരോഭാഗങ്ങളിൽ ഭദ്രദീപം കൊളുത്തിവച്ചു വൈദികാദ്ധ്യക്ഷനോടുള്ള ആദരവിനെ ഏവരും പ്രദർശിപ്പിച്ചിരുന്നു. വക്രാകൃതിയിൽ കിടക്കുന്ന മീനച്ചിലാറ്റിന്റെ ഏതാണ്ടു ചൊവ്വൊത്തുകിടക്കുന്ന താഴത്തങ്ങാടി ഇല്ലിക്കൽ എന്നീ ഭാഗത്തെത്തിയപ്പോൾ ഘോഷയാത്രയുടെ മഹനീയത കാണികൾക്കു ദൃശ്യമായി. ഈ ഘോഷയാത്ര കാണുന്നതിനായി അനേകശതം ജനങ്ങൾ ആറ്റിന്റെ ഇരുകരകളിലും തിങ്ങിക്കൂടിക്കൊണ്ടിരുന്നതായി കാണുകയുണ്ടായി. സുമാർ നാലു മൈൽ ദൂരത്തോളമുണ്ടായിരുന്ന ഈ ഘോഷയാത്ര 4.45-നു പാണമ്പടിക്കൽ പള്ളിയുടെ മുൻവശത്തുള്ള ജട്ടിയിൽ ചെന്നു ചേരുകയും തൽസമയം ഇടവിടാതെ പുറപ്പെട്ടു കൊണ്ടിരുന്ന കതിനാവെടിയോടുകൂടി ഘോഷയാത്രയുടെ ചടങ്ങു അവസാനിപ്പിക്കുകയും ചെയ്തു.

ബാവാ അവർകളും മറ്റു വൈദികന്മാരും ജട്ടിയിൽ ഇറങ്ങി ദേവാലയത്തിൽ പ്രവേശിച്ചു ലുത്തിനിയാ ശുശ്രൂഷ നിർവഹിച്ച ശേഷം എല്ലാവർക്കും ആശീർവാദം നൽകുകയും ചെയ്തു. അനന്തരം പള്ളിയുടെ അങ്കണത്തിൽ സജ്ജീകരിച്ചിരുന്ന നേത്രാനന്ദകരമായ പൂപ്പന്തലിൽ പ്രവേശിച്ചു. അവിടെ തയാർ ചെയ്തിരുന്ന ആസനത്തിൽ ഉപവിഷ്ടനാകുകയും ചെയ്തു. അനന്തരം പ്രസ്തുത പള്ളിക്കാരുടെ വക മംഗളപത്രം മി. സി. ജെ. മാണി സമർപ്പിക്കുകയും ബാവാ അവർകളുടെ മറുപടി പ്രസംഗത്തോടുകൂടി എല്ലാ കാര്യങ്ങളും മംഗളമായി പര്യവസാനിക്കുകയും ചെയ്തു.

## മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അവർകൾ പാത്രിയർക്കീസുബാവാ അവർകളെ സന്ദർശിച്ചിരിക്കുന്നു

മെയ് 26,1931

പാണംപടിക്കൽ എഴുന്നെള്ളിയിരിക്കുന്ന നി. വ. ദി. മ. ശ്രീ. മോറാൻ മാർ ഏലിയാസു പാത്രിയർക്കീസു ബാവാ അവർകളെ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ അവർകൾ പരുമല സിമനാരിയിൽ നിന്നു കോട്ടയത്തെത്തിയ ഉടൻ തന്നെ പോയി കാണുകയും കുശലപ്രശനം നടത്തുകയും ചെയ്തിരിക്കുന്നതായി അറിയുന്നു. പല നാട്ടുകാര്യങ്ങളേപ്പറ്റി വളരെ സന്തോഷമായി രണ്ടുപേരും വർത്തമാനം പറഞ്ഞതല്ലാതെ സഭാസന്ധിയെപ്പറ്റി ഇരുകൂട്ടരും ഒന്നും ആലോചിക്കുകയോ പറയുകയോ ചെയ്തില്ലെന്നാണറിയുന്നത്. താമസിയാതെ ഇനിയും രണ്ടുപേരും തമ്മിൽ കൂടികാഴ്ച നടത്തുന്നതായിരിക്കും.

### 1931 ജൂൺ 25 (ഇടവം 24) കോതമംഗലം ചെറയപള്ളിയിൽ

പാണമ്പടി പള്ളിയിൽനിന്നു മാർ അത്താനാസ്യോസ് മെത്രാപ്പോലിത്തായുടെ അപേക്ഷപ്രകാരം വിശുദ്ധ പിതാവു കോതമംഗലം ചെറിയ പള്ളിയിലേക്കു എഴുന്നെള്ളി. പള്ളിവികാരി ദിവ്യ ശ്രീ. എം.റ്റി. ഇട്ടിയവിര കത്തനാർ മംഗളപത്രം സമർപ്പിച്ചു. പരിശുദ്ധ മാർ ബസ്സേലിയോസ് ബാവായുടെ കബറിങ്കൽ പ്രാർത്ഥിച്ച് ലുത്തിനിയാ കഴിച്ചു. ഈ പള്ളിയിൽ താമസിച്ചിരുന്ന കാലത്ത് അവിടെ അടുത്തുള്ള കോതമംഗലം വലിയപള്ളി, ചേലാട്ടുപള്ളി, ഇഞ്ചൂർപള്ളി ആദിയായ പല പള്ളികളേയും വിശുദ്ധ പിതാവു സന്ദർശിക്കുകയുണ്ടായി.

### 1931 മിഥുനം 11 കുറുപ്പംപടി പള്ളിയിൽ എഴുന്നെള്ളി

കോതമംഗലത്തുനിന്നും ബാവാതിരുമനസ്സുകൊണ്ടു മിഥുനം 11-നു കറുപ്പംപടി പള്ളിയിലേക്കു അത്യാഡംബരപൂർവ്വമായ എതിരേല്പോടുകൂടി എഴുന്നെള്ളി. വഴിക്കു കാരക്കുന്നം, പെരുമ്പാവൂർ ആദിയായ പള്ളികൾ സന്ദർശിച്ചു. പള്ളിപ്രതിപുരുഷന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു എല്ലാ പള്ളികൾക്കും കല്പനയയച്ചു.

**1931 ജൂലൈ 6-ാം തീയ്യതി (മിഥുനം 22 തിങ്കളാഴ്ച) കുറുപ്പം പടി പള്ളിയിൽ അഖില മലങ്കര പള്ളിപ്രതിനിധി യോഗം ചേർന്നു.**

ഈ കല്പനപ്രകാരം മിഥുനം 22നു ഈ പള്ളിയിൽവെച്ചു തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ പള്ളിപ്രതിപുരുഷന്മാരുടെ ഒരു യോഗം കൂടുകയുണ്ടായി. വടക്കും തെക്കും ഉള്ള പള്ളികളിൽനിന്നു പള്ളി പ്രതിപുരുഷന്മാരായ പട്ടക്കാരും അത്മായക്കാരും നി. വ. ദി. ശ്രീ. മാർ ക്ലിമ്മീസ്, മാർ യൂലിയോസ്, മാർ തീമോത്തിയോസ്, മാർ അത്താനാസ്യോസ്, മാർ മീഖായേൽ ദീവന്നാസ്യോസ്, മാർ ദീയസ്കോറോസ് എന്നീ മെത്രാപ്പോലീത്തന്മാരും യോഗത്തിൽ സംബന്ധിച്ചു. രണ്ടുമണിക്കൂർ നേരത്തോളം തിരുമനസ്സിലെ ഇന്ത്യൻയാത്രയെക്കുറിച്ചും സഭയിലെ കുഴപ്പങ്ങളുടെയും സമാധാനലോചനയുടേയും യഥാർത്ഥ സ്ഥിതിഗതികളെ സംബന്ധിച്ചും ഗംഭീരമായി ഒരു പ്രസംഗം പറഞ്ഞു: "അത്യധികമായ സമാധാനാഭിലാഷത്തോടുകൂടിയിരിക്കുന്ന നിങ്ങളെ അഭിമുഖമായി കാണുന്നതിനും സമാധാനത്തിനായി നാളിതുവരെ നടത്തീട്ടുള്ള നടപടികൾ വിശദമായി ധരിപ്പിക്കുന്നതിനുമായിട്ടാണ് നാം നിങ്ങളെ വിളിച്ചുകൂട്ടിയിരിക്കുന്നത് . . . സമാധാനത്തിനുവേണ്ടി സഭയുടെ നിയമപ്രകാരം കൈവെപ്പോടുകൂടെ കാനോനികമായി അവരെ സ്വീകരിക്കാമെന്നു നാം പറഞ്ഞു. നിയമവിരുദ്ധമായി "കാതോലിക്ക" എന്നു വിളിക്കപ്പെടുന്ന ആളെ കാതോലിക്കാ ആയിട്ടു അംഗീകരിപ്പാൻ ഒരിക്കലും നിവൃത്തിയില്ലെന്നും ബാസ്സലിയോസ് മെത്രാപ്പോലീത്താ എന്ന അഭിധാനത്തിൽ സ്വീകരിക്കാമെന്നും നാം പറഞ്ഞു. ഇതൊന്നും ദീവന്നാസ്യോസു സ്വീകരിച്ചില്ല എന്നു മാത്രമല്ല ചിന്താവിഷയമാക്കുകപോലും ചെയ്കയുണ്ടായില്ല. അതുകൊണ്ടു വാത്സല്യമക്കളെ! നാം നിങ്ങളോടു അറിയിക്കുന്നതു എന്തെന്നാൽ ദൈവം ഒരുവനോടും അവന്റെ ശക്തിക്കപ്പുറമായി ഒന്നും ആവശ്യപ്പെടുന്നില്ലാ എന്നത്രെ. ദീർഘദർശിയായ ദാവീദു ദൈവത്തോടു സംസാരിക്കയിൽ പറയുന്നതു "എന്റെ കർത്താവേ! എന്റെ ശക്തിക്കു തക്കവണ്ണം ഞാൻ മഹത്വപ്പെടുത്തുകയും പുകഴ്ത്തുകയും ചെയ്യുന്നു." എന്നാണ്. നാമും നമ്മുടെ ശക്തിക്കു തക്കവണ്ണം മലങ്കരസഭയുടെ സമാധാനത്തെ കാക്ഷിക്കുകയും അതിനായി കഴിവുള്ളതു പ്രവർത്തിക്കുകയും ചെയ്യുന്നു.

കാതോലിക്കാ സ്ഥാപനം സഭയിൽ ആരംഭകാലം മാതലേ

ഉള്ള ഒന്നല്ല. റോമാക്കാരും പേർഷ്യക്കാരും തമ്മിൽ യുദ്ധമുണ്ടായ പ്പോൾ പേർഷ്യരാജ്യത്തുനിന്നും സ്ഥാനമേല്ക്കുവാൻ റോമാ സാമ്രാ ജ്യത്തിലുൾപ്പെട്ട അന്ത്യോഖ്യായിലേക്കു അയക്കപ്പെടുന്ന സകലരും അവർ ചാരന്മാരാണെന്നുള്ള ധാരണയിൽ കൊല്ലപ്പെട്ടുവന്നു. ഇതു നിമിത്തം പാത്രിയർക്കീസു തന്റെ എപ്പിസ്കോപ്പന്മാരുമായി ആലോ ചിച്ച് പേർഷ്യായിൽ ഈ സ്ഥാനം അനുവദിച്ചുകൊടുത്തു. എന്നാൽ താൽക്കാലികമായ ഈ അത്യാവശ്യം അസ്തമിച്ചതോടു കൂടി ആ സ്ഥാപനം എങ്ങിനെ ഏർപ്പെടുത്തിയോ അതേപ്രകാരം തന്നെ പാത്രിയർക്കീസ് അദ്ദേഹത്തിന്റെ സുന്നഹദോസുമായി ആലോചിച്ചു നിർത്തലാക്കുകയും ചെയ്തു . . . ആ സ്ഥിതിക്കു കാതോലി ക്കായെ നമുക്കു എങ്ങനെ അനുവദിച്ചു തരുവാൻ കഴിയും? എന്നാൽ മാർ ദീവന്നാസിയോസിനോടു "നിങ്ങൾ കാതോലിക്കായെ നിർബ ന്ധമായി ആവശ്യപ്പെടുന്ന പക്ഷം രേഖാമൂലം ആ അപേക്ഷ നമ്മുടെ അടുക്കൽ സമർപ്പിക്കുക. അതു നാം പിതാക്കന്മാരായ മെത്രാപ്പോലീത്തന്മാർക്കു അയച്ചുകൊടുക്കുകയും അവർ തീരുമാ നിക്കുന്നതുപോലെ പ്രവർത്തിക്കുകയും ചെയ്യാം" എന്നു ഒരവസ രത്തിൽ നാം പറകയുണ്ടായിട്ടുണ്ടു. അതും അദ്ദേഹം സ്വീകരിച്ചി ല്ല. അവിടുത്തോടു ഞങ്ങൾ ആവശ്യപ്പെടുന്നുവെന്നും ഇത് അവി ടത്തെ സ്വാധീനത്തിൽ ഇരിക്കുന്നതാണെന്നും ആണു അദ്ദേഹ ത്തിന്റെ മറുപടി. പാത്രിയർക്കീസിനു തനിച്ചു ഒരു എപ്പിസ്കോ പ്പായെ പോലും വാഴിപ്പാൻ അധികാരമില്ലെന്നു അദ്ദേഹം കോടതി കളിലും മറ്റും മൊഴി കൊടുത്തിട്ടുള്ള വിവരം നിങ്ങൾ കേട്ടറിഞ്ഞി ട്ടുണ്ടല്ലോ. പിന്നെ നാം തനിച്ചു കാതോലിക്കാസ്ഥാനം കൊടുക്ക ണമെന്നു അദ്ദേഹം പറയുന്നതിന്റെ ന്യായമെന്താണ്? ഇതിൽനി ന്നെല്ലാം സഭയുടെ സമാധാനത്തെ ദിവന്നാസിയോസ് ലാക്കാക്കു ന്നില്ലെന്നും നേരെമറിച്ച് തന്റെ സ്വന്ത ഇഷ്ടം സാധിച്ചു അതുപ്ര കാരം സഭയെ സ്വാതന്ത്ര്യമായി നയിക്കണമെന്നാണ് അദ്ദേഹ ത്തിന്റെ സർവ്വപ്രധാനമായ ഉദ്ദേശമെന്നും നാം ഗ്രഹിച്ചു. കാതോ ലിക്കാസ്ഥാപനം സഭയിൽ ഏർപ്പെടുത്തുവാൻ നമുക്കു കഴിവി ല്ലെന്നു നാം അദ്ദേഹത്തോടു പറയുമ്പോഴെല്ലാം അങ്ങനെയെങ്കിൽ സമാധാനമുണ്ടാകയില്ലാ എന്നാണ് ഖണ്ഡിതമായി നമ്മോടു മറു പടി പറയാറുള്ളത്.



വായിത്ര ദിവ്യശ്രീ പുന്നൂസ് കത്തനാർ
പരിശുദ്ധ ബാവായോടൊപ്പം

മുൻകാലങ്ങളിൽ ഇവിടെനിന്നും അന്ത്യോഖ്യാവരെ പോകുന്നതിനും അവിടെനിന്നും പിതാക്കന്മാർ ഇവിടെ വരുന്നതിനും വളരെ പ്രയാസങ്ങൾ സഹിക്കേണ്ടിയിരുന്നു. എന്നാൽ ആ കാലത്തുപോലും കാതോലിക്കാ സ്ഥാപനം ആവശ്യപ്പെടുകയോ അതിനായി ഉദ്യമിക്കുകയോ ചെയ്തിട്ടില്ലെന്നു നിങ്ങൾക്കറിയാമല്ലോ. ഇക്കാലത്തു യാത്രാസൗകര്യം വളരെ വർദ്ധിച്ചിട്ടുണ്ടു. ഇപ്പോൾ ഒരാൾക്കു ഇവിടെനിന്നും അന്ത്യോഖ്യാ സിംഹാസനത്തിൽ ചെന്നു ചേരുവാൻ പത്തുദിവസം മതിയാകും.

വിശുദ്ധപിതാവിന്റെ ഈ പ്രസംഗം തർജ്ജമ ചെയ്തു കുമരകം സ്വദേശിയായ വായിത്ര ദിവ്യശ്രീ പുന്നൂസ് കത്തനാർ ആയിരുന്നു. ഇദ്ദേഹം അന്ത്യോഖ്യായുടെ ഇന്ത്യയിലെ പ്രതിനിധികളായ മാർ ഒസ്താത്തിയോസ്, മാർ യൂലിയോസ് എന്നീ തിരുമേനിമാരോടുകൂടി പരിഭാഷകനായി അധികനാൾ പരിശീലനം കഴിച്ചിട്ടുള്ള ആളും വിശുദ്ധ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു മലങ്കര എഴുന്നെള്ളിയതിന്നുശേഷം ആ പിതാവിന്റെ ദ്വിഭാഷിയായി നിയമിക്കപ്പെട്ട ആളും ആണെന്നുള്ളതു പ്രസ്താവ്യമത്രെ.

സുറിയാനിയിൽ ചെയ്യുന്ന പ്രസംഗങ്ങൾ യാതൊരു അർത്ഥവ്യത്യാസവും ശക്തിക്കുറവും കൂടാതെ ഭാഷാന്തരം ചെയ്തു നിപുണത നേടീട്ടുള്ള ഈ ബ: അച്ചനെപ്പറ്റി ബാവാ തിരുമേനി പലപ്പോഴും ശ്ലാഘിച്ചു പറഞ്ഞിട്ടുള്ളതായി അറുവുണ്ടു. "കശ്ശീശാ ആണെങ്കിലും ഇയാളെ നാം ഒരു എപ്പിസ്കോപ്പായെപ്പോലെ ബഹുമാനിക്കുന്നു." എന്നു ഒരിക്കലും, "ഇയാൾ വനത്തിലെ പനിനീർപുഷ്പമാണു" എന്നു മറ്റൊരിക്കലും തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടുള്ളതു ഈ ആചാര്യനെക്കുറിച്ചുതന്നെ ആണ് എന്നറിയുമ്പോൾ ഒരു ദ്വിഭാഷിയുടെ നിലയിൽ ഇദ്ദേഹത്തിനുള്ള സ്ഥാനവും വിശുദ്ധപുതാവിനു ഇദ്ദേഹത്തെക്കുറിച്ചുള്ള മതിപ്പും ഗ്രഹിക്കാവുന്നതാണ്.

**1931 മിഥുനം 25 തൃക്കുന്നത്തു സെമിനാരിയിലെഴുന്നള്ളി**

കുറുപ്പംപടി മഹായോഗത്തിനു ശേഷം വിശുദ്ധ പിതാവു മിഥുനം 25-നു വീണ്ടും വിശ്രമത്തിന്നായി ആലുവാ സിമ്മനാരിയിൽ എഴുന്നെള്ളി താമസിച്ചു. "ഇതെന്റെ അമ്മവീടാണെന്നു" സിമ്മനാരിയെക്കുറിച്ചു പരസ്യമായി പ്രസ്താവിച്ചതു ഈ തവണയായിരുന്നു.



ആലുവാ തൃക്കുന്നത്തു സെമിനാരി

### 1931 കർക്കിടകം 7 കോലഞ്ചേരിപള്ളി സന്ദർശിച്ചു

സിമ്മനാരിയിലെ ഏതാനും ദിവസത്തെ വിശ്രമത്തിനുശേഷം മാർ തിമൊത്തെയോസ് മെത്രാപ്പോലീത്തായുടെ ക്ഷണം സ്വീകരിച്ചു വിശുദ്ധപിതാവു കർക്കടകം 7-നു പരിവാരസമേതം കോലഞ്ചേരി പള്ളിയിലേക്കു ആഘോഷപൂർവ്വം എഴുന്നെള്ളി. ഇവിടെ വച്ചു തിരുമനസ്സിലേക്കു ഹൃദ്രാഗസംബന്ധമായി അല്പം ശീലായ്മയുണ്ടായി. ഡോക്ടർ പോൾ പുത്തുരാൻ അവർകളുടെ ചികിത്സയിൽ സൌഖ്യം പ്രാപിച്ചു. ഒരാഴ്ചയോളം ഈ പള്ളിയിൽ താമസിച്ചു.

### 1931 കർക്കിടകം 14ന് വിശുദ്ധ പിതാവ് മലയിൽകുരിശു ദയറായിൽ എഴുന്നെള്ളി

### 1931 കർക്കിടകം 21 പുത്തൻകുരിശുപള്ളി സന്ദർശിച്ചു

വിശുദ്ധപിതാവു പരിവാരസമേതം കർക്കടകം 21-നു പുത്തൻകുരിശു പള്ളിയിലേക്കും അവിടെനിന്നു 28-നു കുറിഞ്ഞി പള്ളിയിലേക്കും ആഘോഷപൂർവ്വം എഴുന്നെള്ളി. കണ്ടനാടു ഭദ്രാസന ഇടവകയിൽ പെട്ട ഈ പള്ളികളിൽ വിശുദ്ധ പിതാവ് എഴുന്നെള്ളി താമസിച്ച അവസരങ്ങളിലെല്ലാം ഇടവകമെത്രാപ്പോലീത്തായും പ്രമാണികളും സഭയിൽ സമാധാനം പുനഃസ്ഥാപിച്ചു കാൺമാൻവേണ്ടി പല പരിശ്രമങ്ങളും ചെയ്തുകൊണ്ടാണിരുന്നത്.

### 1931 (1107 ചിങ്ങം 4) ആഗസ്റ്റ് 20 മലേക്കുരിശ് ദയറായിൽ എഴുന്നള്ളി

കണ്ടനാടു ദദ്രാസന ഇടവകയിലെ മൂന്നു പള്ളികൾ മാത്രം സന്ദർശിച്ചതിനുശേഷം വിശുദ്ധ പിതാവ് ചിങ്ങം 4-നു മലയിൽകുരിശു സിഹാസനപള്ളിയിലേക്കു വിശ്രമാർത്ഥം എഴുന്നെള്ളി. ഇവിടത്തെ താമസകാലത്തു സമാധാനത്തിനുവേണ്ടി തിരുമനസ്സുകൊണ്ടു പല പരിശ്രമങ്ങളും ചെയ്കയുണ്ടായി. എങ്കിലും അവയൊക്കയും വിഫലമാകയാണ് ഉണ്ടായതു. വിശുദ്ധസഭയുടെ വിലാപത്തിൽ അവളോടുകൂടി കരഞ്ഞുകൊണ്ടു ജീവനുള്ള മ്ശിഹായിൽ മാത്രം അഭയം ചൊല്ലി വിശുദ്ധപിതാവു ഏതാണ്ട് ഒരു മാസത്തോളം അവിടെ കഴിച്ചുകൂട്ടി.

**1931 (1107 ചിങ്ങം 31) സെപ്തംബർ 16 ചിങ്ങവനം കനാനായ സമുദായ സ്വീകരണം**

ക്നാനായ ഇടവകയുടെ തോമാ മാർ ദിയസ്കോറോസ് തിരുമേനിയുടെ ക്ഷണമനുസരിച്ച് വിശുദ്ധ പിതാവ് ചിങ്ങവനം മാർ അപ്രേം സിമ്മനാരിയിലേക്കു ചിങ്ങം 31-നു ആഘോഷപൂർവ്വം എഴുന്നെള്ളി. ഈ എഴുന്നെള്ളത്തിൽ മാർ അത്താനാസ്യോസ്, മീഖായേൽ മാർ ദീവന്നാസ്യോസ്, മാർ തിമൊത്തിയോസ് എന്നീ തിരുമേനിമാർ സംബന്ധിച്ചിരുന്നു.

ബാവാതിരുമനസ്സുകൊണ്ടു സിമ്മനാരിയിൽ എത്തിയതിനു ശേഷം ഭംഗിയായി ക്രമീകരിക്കപ്പെട്ട ഒരു മഹായോഗം അവിടെ നടത്തി. വിശുദ്ധ പിതാവു തന്റെ ഇന്ത്യൻ യാത്രോദ്ദേശത്തെ വിശദമാക്കി സുദീർഘം പ്രസംഗിക്കയുണ്ടായി. ഇതിനെതുടർന്നു ക്നാനായ ഇടവകയുടെ പ്രതിനിധിയായി മിസ്റ്റർ വി.ഒ. മർക്കോസ് ബി.എ., ബി.എൽ. ഗംഭീരമായ ഒരു പ്രസംഗം നടത്തി. ഇവിടെ വച്ചു വിശുദ്ധ പിതാവ് രണ്ടു ശെമ്മാശ്ശന്മാർക്ക് കശ്ശീശാപട്ടം കൊടുത്തു.

**1931 കന്നി 14 ശാലേം പള്ളിയിൽ വി. കുർബാനയർപ്പിച്ചു**

കന്നി 14 ശാലേം പള്ളിയിൽ വി. കുർബാനയർപ്പിച്ചു. തകിടിയിൽ യാക്കോബ് ശെമ്മാശന് കശീശസ്ഥാനം നൽകുകയും ചെയ്തു.

**1931 കന്നി 21 കോട്ടയം വലിയ പള്ളിയിൽ എഴുന്നെള്ളി**

കന്നിമാസം 21-നു വിശുദ്ധ പിതാവു കോട്ടയം വലിയപള്ളിയിലേക്ക് എഴുന്നെള്ളി. ഈ പള്ളിയിൽ വച്ചു തിരുമനസ്സുകൊണ്ടു ഒരു ശെമ്മാശുപട്ടം നടത്തുകയുണ്ടായി. ഇവിടെ താമസിക്കുമ്പോഴാണു വിശുദ്ധ പിതാവു ആംഗ്ലിക്കൻ ബിഷപ്പ് ഡോക്ടർ മൂറിനെ പ്രതിസന്ദർശനം നടത്തിയതു. തിരുമനസ്സുകൊണ്ടു ഈ പള്ളിയിൽ നിന്നു തുലാം 3-നു പരിവാരസമേതം നീലംപേരൂർ പള്ളിയിലേക്കു എഴുന്നള്ളി.

**1931 തുലാം 3 നിലംപേരൂർ പള്ളിയിൽ എഴുന്നെള്ളി**

കോട്ടയത്തുനിന്നും പ്രത്യേകബോട്ടുമാർഗ്ഗം കളിവള്ളങ്ങളുടേയും മറ്റും അകമ്പടിയോടുകൂടി നീലംപേരൂർ പള്ളിയിലേക്കു

എഴുന്നെള്ളി. ബാവാ തിരുമനസ്സിലെ ഇവിടത്തെ താമസക്കാലത്തു തിരുമനസ്സിനെ കുറിച്ചിയിലെ മാർ ഇഗ്നാത്യോസ് പള്ളിയിലേക്കു ആഘോഷപൂർവ്വം എതിരേറ്റുകൊണ്ടുപോകുകയും അവിടെ അടുത്തു വിശുദ്ധ പിതാവു മറിയം മഗദലൈത്തായുടെ നാമത്തിൽ ഒരു വനിതാമന്ദിരത്തിനും (കുറിച്ചി, ചിങ്ങവനം) ഒരു പെൺപള്ളി ക്കൂടത്തിനും ഒരു ചാപ്പലിനും അസ്ഥിവാരമിടുകയും ചെയ്തു.

**1931 തുലാം 9 തിരുവനന്തപുരത്തേക്കെഴുന്നള്ളി**

മാർ ഇഗ്നാത്യോസ് പള്ളിയിൽനിന്നും വിശുദ്ധ പിതാവു നീലംപേരൂർ പളളിയിൽതന്നെ തിരിച്ചെത്തി ഒരാഴ്ചയോളം അവിടെ താമസിച്ചശേഷം തുലാം 9-നു വിശുദ്ധ പിതാവു തിരുവനന്തപുരത്തേക്കു എഴുന്നെള്ളി. പീരുമേട്ടിൽ വച്ചു മഹാറാണി പ്രത്യേകം ക്ഷണിച്ചിരുന്നതനുസരിച്ചാണ് ഈ എഴുന്നളത്തുണ്ടായതു. ബാവാതിരുമനസ്സുകൊണ്ടു തലസ്ഥാനനഗരിയിൽ എത്തി ഗവൺമെന്റ് വക 'റോസ് ഹൗസി'ൽ വിശ്രമിച്ചതിനുശേഷം ഗവൺമെന്റു പ്രൈവറ്റ് സിക്രട്ടറി മിസ്റ്റർ കെ. ജോർജ്ജ് തിരുമേനിയെ സന്ദർശിക്കുകയും തിരുവനന്തപുരം പട്ടണത്തിലെ പ്രധാനസ്ഥലങ്ങൾ സന്ദർശിക്കുന്നതിനു തിരുമനസ്സിലേക്കു ആഗ്രഹമുണ്ടെങ്കിൽ തിരുവിതാംകൂർ ഗവൺമെന്റു ഒരുക്കമാണെന്നും മിസ്റ്റർ ജോർജ്ജ് തിരുമനസ്സറിയിക്കയുണ്ടായി. ഇതനുസരിച്ച് മൂന്നുനാലു സ്റ്റെയിറ്റു കാറുകളിലായി വിശുദ്ധ പിതാവും പരിവാരങ്ങളും തിരുവനന്തപുരം പട്ടണത്തിൽ എല്ലാ ഭാഗങ്ങളും സന്ദർശിക്കുവാൻ നിശ്ചയിച്ചു. കാഴ്ചബംഗ്ലാവ്, പബ്ലിക് ലൈബ്രറി, കരകൗശലശാല എന്നിവ സന്ദർശിച്ചു. കരകൌശലശാലയിൽ നടക്കുന്ന എല്ലാത്തരം കൈവേലയേയും കണ്ടു തിരുമേനി സന്തോഷിക്കുകയും സൃഷ്ടിചെയ്യുന്ന ഇത്തരം മഹത്തരങ്ങളായ കാര്യങ്ങൾ കാണുമ്പോൾ സൃഷ്ടാവിനെ വണങ്ങുകയും സ്നേഹിക്കുകയും ആണ് ചെയ്യേണ്ടത് എന്നും മറ്റും ഉപദേശിക്കുകയും ചെയ്തു.

പിറ്റേദിവസം വിശുദ്ധ പിതാവു നാലുമണി സമയത്തു കവടിയാർകുന്നു കൊട്ടാരത്തിൽ എഴുന്നെള്ളി ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിനെ സന്ദർശിച്ചു. അടുത്ത ദിവസം വിശുദ്ധ പിതുവു തിരുവനന്തപുരത്തുനിന്നു തിരിച്ചെഴുന്നള്ളുമെന്ന് തീർച്ചപ്പെടുത്തി. ഇതിനിടെ തിരുവനന്തപുരം പട്ടണവും അവിടെനിന്നു പത്തുമൈൽ ദൂരെ പണികഴിക്കപ്പെട്ടുവരുന്ന മഹാറാണി റിജന്റിന്റെ ഒരു ഭീമ

മായ കരിങ്കൽ കൊട്ടാരവും സന്ദർശിച്ചു. കടൽകാറ്റു കൊള്ളുന്ന തിനും മൌനമായി കുറെ സമയം കഴിക്കുന്നതിന്നും മറ്റുമായി ബാവാതിരുമനസ്സുകൊണ്ടു ദിവസവും കടൽതീരത്തു എഴുന്നെള്ളുക പതിവായിരിന്നു. തുടർന്ന് വിശുദ്ധ പിതാവ് വെളിയനാട്ടു പള്ളി യിലേക്കു ആഘോഷപൂർവ്വം എഴുന്നെള്ളി.

**പാത്രിയർക്കീസ്സ് ബാവാ അവർകളുടെ ആഗമനം**

തിരുവനന്തപുരം, (തുലാം 9) ഒക്ടോബർ 27, 1931

അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ അവർകൾ മാർ ക്ലീമ്മീസ്, മാർ യൂലിയോസ് എന്നീ വിദേശമെത്രാന്മാരോടും മാർ മിഖായേൽ ദിവന്നാസ്യോസ് എന്നീ നാട്ടുമെത്രാനോടും ഒരുമിച്ചു ഗവർമെന്റ് അതിഥിയായി സപരിവാരം ഇന്നു വൈകുന്നേരം 4-30 ന് ഇവിടെ എത്തി ഗവർമെന്റ് വകയായി തൈക്കാട്ടുള്ള ''റോസ് ഹൗസ്'' ബംഗ്ലാവിൽ താമസിച്ചുവരുന്നു. ഇതു സംബന്ധിച്ചു വേണ്ട ഒരുക്കൾ ചെയ്യുന്നതിനായി, ബാവാ അവർകൾ ഇപ്പോൾ താമസി ക്കുന്ന നീലംപേരൂർ പള്ളി ഇടവകയിൽപെട്ട ഒരാൾ ഇന്നലെ ഇവിടെ എത്തി വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. ഇവിടെ നീന്ന് കൊല്ലത്തേക്ക് അയച്ചിരുന്ന സ്റ്റേറ്റു കാറിൽ ബാവാ അവർകൾ കൃത്യം 4.30-ന് റോസ് ഹൗസ് ബംഗ്ലാവിന്റെ പൂമുഖത്തുവന്നിറ ങ്ങി. പിന്നാലെയുണ്ടായിരുന്ന രണ്ടു കാറുകളിലും ഒരു ബസ്സിലു മായിട്ടു ബാവാ അവർകളുടെ പ്രൈവറ്റു സെക്രട്ടറി, ശീമറമ്പാച്ച ന്മാർ കോട്ടയം പൗരപ്രധാനികളായ ഡോക്ടർ പി.റ്റി. തോമസ്, റ്റി. റ്റി. എബ്രഹം എം. എ., ബി. എൽ; സി. ജോൺ എബ്രഹം എന്നി വരും വന്നിറങ്ങി. റോസ് ഹൗസിന്റെ പൂമുഖത്തു വച്ചു ബാവാ അവർകളെ ആക്ടിംഗ് ദിവാൻ പേഷ്ക്കാർ മി. പി. എൻ. കൃഷ്ണ പിള്ളയും ഒന്നാം തഹശീൽദാർ മി. പത്മനാഭയ്യരും കൂടി സ്വീകരി ക്കുകയും പേഷ്ക്കാരവരകൾ ഹാരമണിയിക്കുകയും ചെയ്തു. ബാവാഅവർകൾ വന്നിറങ്ങിയ ഉടനെ അവിടെ കൂടിയിരുന്നവർ ബാവാ അവർകൾക്കു ചീയേഴ്സ് വിളിക്കുകയും. മാർ മിഖായേൽ ദീവന്നാസ്യോസ് മെത്രാനവർകൾ മഹാറാണി റീജന്റു തിരുമനസ്സി ലേക്കും മഹാരാജാവുതിരുമനസ്സിലേക്കും ചീയേഴ്സ് വിളിക്കുകയും ചെയ്തു. അനന്തരം ഹാളിൽ പ്രവേശിച്ച് അവിടെ കൂടിയിരുന്ന വരെ കൈമുത്തിക്കുകയും ദിവാൻപേഷ്ക്കാരുമായി അല്പ സമയ ത്തേക്കു കുശലപ്രശനം നടത്തുകയും ചെയ്തു. ഇവിടെ എത്ര

ദിവസത്തേക്കുതാമസമുണ്ടാകുമെന്നറിവായിട്ടില്ല.

**1931 തുലാം 14-ാം തീയ്യതി തിരുവനന്തപുരത്തുനിന്നു വെളിയനാട് പള്ളിയിലെഴുന്നെള്ളി**

വിശുദ്ധ പിതാവ് വെളിയനാട്ടു പള്ളിയിൽ അല്പദിവസങ്ങൾ വിശ്രമിച്ചു. തുലാം 20-ാം തീയ്യതി വി. കുർബ്ബാനയർപ്പിച്ചു. തിരുമനസ്സുകൊണ്ടു ഇവിടെ താമസിക്കുന്ന അവസരത്തിൽ മഹാറാണി റീജന്റിന്റെ പ്രതിനിധി ഇവിടെ വരികയും റീജന്റ് മഹാറാണി വിശുദ്ധ പിതാവിന്നു കൊടുത്തയച്ച സ്വർണ്ണമെഡൽ അദ്ദേഹം ആദരപൂർവ്വം സമ്മാനിക്കുകയും ചെയ്യുകുണ്ടായി. ഇതിനിടെ വിശുദ്ധ പിതാവ് അടുത്തുള്ള ബേത്‌ലഹേം പള്ളി സന്ദർശിച്ചു.

**1931 തുലാം 27-ാം തീയ്യതി വെളിയനാടുനിന്ന് റാന്നി പള്ളിയിലെഴുന്നെള്ളി**

വിശുദ്ധ പിതാവ് വെളിയനാടു പള്ളിയിൽനിന്നും തുലാം 27 -നു ആഘോഷമായി റാന്നി വലിയപള്ളിയിലേക്കു എഴുന്നെള്ളി. ചങ്ങനാശേരിവരെ അലങ്കരിച്ചിരുന്ന പ്രത്യേകബോട്ടിലും അവിടെനിന്നു കാറിലും ആയിരുന്നു യാത്ര.

അല്പദിവസങ്ങൾ ഈ പള്ളിയിൽ വിശ്രമിച്ചശേഷം വൃശ്ചികം 4-നു വിശുദ്ധ പിതാവു ഐത്തല പള്ളി സന്ദർശിച്ചു. വൃശ്ചികം 6-നു തിരുമനസ്സുകൊണ്ടു പുരയ്ക്കൽ ബ. തോമാസ് ശെമ്മാശൻ എം.എ അവർകൾക്കു കശ്ശീശാപട്ടവും മറ്റു രണ്ടു ശെമ്മാശന്മാർക്ക് 'യൌഫിദിയക്കിനെ' പട്ടവും കൊടുത്തു.

**1931 വൃശ്ചികം 11-ാം തീയതി റാന്നിയിൽ നിന്ന് തിരുവഞ്ചൂർ പള്ളിയിലെഴുന്നള്ളി**

റാന്നി പള്ളിയിൽനിന്നും വിശുദ്ധ പിതാവു വൃശ്ചികം 11-നു ചിങ്ങവനം സിമ്മനാരിവഴി തിരുവഞ്ചിയൂർ പള്ളിയിലേക്കു സാഘോഷം എഴുന്നെള്ളി. മൂന്നുനാലു ദിവസങ്ങൾ അവിടെ താമസിച്ചു.

**1931 വൃശ്ചികം 16-ാം തീയതി പാണംപടി പള്ളിയിലെഴുന്നെള്ളി.**

1931 വൃശ്ചികം 16-നു വിശുദ്ധ പിതാവു വീണ്ടും കോട്ടയത്തേക്കു എഴുന്നെള്ളി പാണമ്പടി പള്ളിയിൽ വിശ്രമിച്ചു. ദീർഘ



റാന്നി പള്ളിയിലെ സന്ദർശനം

മായ യാത്രകൾ മൂലം ദേഹാസ്വാസ്ഥ്യം നേരിട്ടതിനാൽ തിരുമേനി രണ്ടു മാസത്തോളം പാണമ്പടി പള്ളിയിൽ താമസിക്കയാണു ഉണ്ടായതു. ഇവിടെവച്ചു വൃശ്ചികം 17-നു തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ വന്ദ്യതിരുമേനികളുടെയും സമുദായ പ്രമാണികളുടേയും ഒരു യോഗം വിളിച്ചുകൂട്ടി. പാണമ്പടി പള്ളിയിലെ ദീർഘതാമസാനന്തരം ബാവാതിരുമനസ്സുകൊണ്ടു ചെങ്ങളം, പള്ളം ആദിയായ പള്ളികൾ സന്ദർശിച്ചു.

## 1932 ജനുവരി ആദ്യആഴ്ച പള്ളം പള്ളിയിലെഴുന്നള്ളി

1932 ജനുവരി ആദ്യ ആഴ്ച (മിസ്റ്റർ വി. ഐ. മാത്തൻ സ്വന്തമായി പണികഴിച്ചിട്ടുള്ള) പള്ളം സെന്റ് ഇഗ്നാത്തിയോസ് പള്ളിയിലെഴുന്നെള്ളി താമസിച്ചു. ജനുവരി 4-ാം തീയ്യതി വി. ഐ. മാത്തന്റെ മകൻ കല്ലൂപറമ്പിൽ ഗിവറുഗീസിന് (7-ാമത്തെ വയസ്സിൽ) ശെമ്മാശപട്ടം കൊടുത്തു.

## 1932 ജനുവരി ആദ്യആഴ്ച തൃക്കോതമംഗലം ശർബീൽ ദയറായിൽ താമസിച്ചു

അനന്തരം പിതാവു തൃക്കോതമംഗലം 'മാർ ശർബിൽ ദയറാ'യിലേക്കു സാഘോഷം എഴുന്നെള്ളി. ആ ദയറായിലെ വന്ദ്യ ദിവ്യശ്രീ ഗീവറുഗീസു റമ്പാച്ചന്റെയും നാട്ടുകാരുടേയും പരിശ്രമ ഫലമായി അവിടെ ചെയ്തിരുന്ന സജ്ജീകരണങ്ങൾ അവർണ്ണനീയങ്ങളായിരുന്നു. തിരുമനസ്സുകൊണ്ടു അവിടെ താമസിച്ച അവസരത്തിൽ അഞ്ചു പട്ടക്കൊടകൾ നടത്തുവാൻ ഇടയായി. ഫാ. ജോൺ പഞ്ഞിക്കാട്ടിൽ, ഫാ. ജോർജ് ചിറത്തിലാട്ട്, ഫാ. ഗീവർഗ്ഗീസ് ചുറ്റിവട്ടത്ത്, ഫാ. യാക്കോബ് പറയക്കുളം, ഫാ. ഫീലിപ്പോസ് കല്ലറയ്ക്കൽ എന്നിവർക്ക് വിവിധ ശെമ്മാശ്സ്ഥാനങ്ങൾ നൽകി.

## 1932 ജനുവരി 5 ന് പാക്കിൽ പള്ളിയിലെഴുന്നെള്ളി

മകരം 5-നു തിരുമനസ്സുകൊണ്ടു പാക്കിൽ പള്ളിയിലേക്കു സാഘോഷം എഴുന്നെള്ളി. ജനുവരി 6-ാം തീയ്യതി ദനഹാ ശുശ്രൂഷകൾ നിർവഹിച്ചു. വിശുദ്ധപിതാവു ഒരാഴ്ചയോളം ഇവിടെ താമസിച്ചു. തിരുമനസ്സുകൊണ്ടു മലങ്കര വന്നിട്ടു ഇദംപ്രഥമമായി ഒരു ശിശുസ്നാനകൂദാശ നടത്തിയതു ഇവിടെ വച്ചാണു.

**1932 മകരം 15 കട്ടപ്പുറത്ത് പള്ളിയിലെഴുന്നെള്ളി**

പാക്കിൽ പള്ളിയിൽനിന്നു തിരുമനസ്സുകൊണ്ടു തിരുവല്ലായിലെ കട്ടപ്പുറത്തു പള്ളിയിലേക്കാണു എഴുന്നെള്ളിയതു. മനോഹരമായി അലങ്കരിച്ച ഇരട്ടക്കുതിര പൂട്ടിയ വണ്ടിയായിരുന്നു വിശുദ്ധ പിതാവിന്നു തയ്യാറാക്കിയിരുന്നതു. തിരുമനസ്സുകൊണ്ടു ഈ തുറന്നവണ്ടിയിൽ പ്രസന്നവദനനായി നിന്നുകൊണ്ടു സ്ലീബാ ഉയർത്തിപ്പിടിച്ചു അനുഗ്രഹിച്ചു.

സിംഹാസനത്തോടുള്ള സ്നേഹബഹുമാനാദികൾ കൊണ്ടു മതിമറന്നു സധൈര്യം പോരാടിയിരുന്ന കോടിയാട്ടു ദിവ്യശ്രീ. കുറിയാക്കോസ് കോർ എപ്പിസ്കോപ്പായും ഇടവക പ്രമാണികളും ഈ എഴുന്നെള്ളത്തിനുവേണ്ടി ചെയ്ത പരിശ്രമങ്ങൾ ശ്ലാഘനീയമായിരുന്നു. വിശുദ്ധ പിതാവു ഇവിടെ താമസിച്ചുകൊണ്ടിരിക്കുമ്പോൾ മകരം 15-നു അടുത്തുള്ള പാലിയേക്കര പള്ളിയും 22-നു തെങ്ങേലി പള്ളിയും സന്ദർശിച്ചു. വിശുദ്ധ പിതാവു കട്ടപ്പുറത്തു പള്ളിയിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ ശീമയിലുള്ള എല്ലാ പള്ളികൾക്കും ഒരു ദീർഘകല്പന (1932 ഫെബ്രുവരി 3-ാം തീയതി) പാമ്പാക്കുട മാർ യൂലിയോസ് പ്രസ്സിൽ അച്ചടിപ്പിച്ചു അയക്കയുണ്ടായി. ഇതു തിരുമനസ്സിലെ അന്ത്യകല്പനയായിരുന്നു.

**1932 മകരം 22 കല്ലിശ്ശേരി പള്ളിയിൽ എഴുന്നെള്ളി**

വിശുദ്ധ പിതാവു ഏതാനും ദിവസങ്ങൾ തിരുവല്ലായിൽ താമസിച്ചശേഷം മകരം 22-നു ക്നാനായ ഇടവകയിലെ ഒരു പ്രധാന പള്ളിയായ കല്ലിശ്ശേരി പള്ളിയിലേക്കു എഴുന്നെള്ളി. തിരുമനസ്സുകൊണ്ടു വിശുദ്ധ ദൈവാലയത്തിൽ പ്രവേശിച്ചു. ലുത്തിനിയാ കഴിച്ചശേഷം ജനക്കൂട്ടത്തെ അനുഗ്രഹിച്ചു സ്ലീബാ മുത്തിച്ചു.

തിരുമനസ്സുകൊണ്ടു ഒരാഴ്ചയോളം ഇവിടെ താമസിക്കുകയും പല വിശുദ്ധ കൂദാശകൾ നടത്തുകയും ചെയ്തു. പ്രസ്തുത പള്ളിയുടെ പുതുതായി പണികഴിച്ചിട്ടുള്ള മദ്ബഹാ 25-നു തിരുമനസ്സുകൊണ്ടു കൂദാശ ചെയ്കയും ദിവ്യശ്രീമാന്മാരായ നെടിയൂഴത്തൽ ലൂക്കോസ് കത്തനാർ, മങ്ങച്ചാലിൽ മത്തായികത്തനാർ എന്നിവർക്കു കോർ എപ്പിസ്കോപ്പാസ്ഥാനം നല്കുകയും ചെയ്തു. 29-നു ഈ ഇടവകയിലെ മൂന്നു യുവാക്കന്മാർക്കു ശെമ്മാശുപട്ടവും നല്കപ്പെട്ടു.

വിശുദ്ധ പിതാവിന്റെ ഇവിടത്തെ താമസക്കാലത്തു (മകരം 27-നു) കുറ്റൂർ ഊർശ്ലേം പള്ളിയിലേക്കു എഴുന്നെള്ളി പ്രസ്തുത പള്ളിയുടെ മദുബ്ഹായുടെ ശിലാസ്ഥാപനകർമ്മം നടത്തുകയുണ്ടായി. തെക്കൻപള്ളികളിലെ ഈ യാത്രകളിലെല്ലാം മാർ യൂലിയോസ്, മാർ ക്ലീമ്മീസ് എന്നീ തിരുമേനികൾക്കും പുറമെ മാർ ദിയസ്കോറോസ്, മീഖായേൽ മാർ ദീവന്നാസ്യോസ് എന്നീ തിരുമേനികളും വിശുദ്ധ പിതാവിനെ അനുഗമിച്ചിരുന്നു. ഇതിനുപുറമെ, പ്രായാധിക്യത്താൽ യാത്ര ചെയ്യുന്നതിനു സുഖമില്ലാതിരുന്ന മാർ അത്താനാസ്യോസ് തിരുമേനി ഇടയ്ക്കിടെ വന്നു വിശുദ്ധ പിതാവിനെ സന്ദർശിച്ച് ക്ഷേമാദികൾ അന്വേഷിച്ചും അനുഗ്രഹം പ്രാപിച്ചുംകൊണ്ടിരുന്നു.

**പാത്രിയർക്കീസു ബാവാ അവർകളുടെ കല്ലിശ്ശേരിപ്പള്ളിയിലേക്കുള്ള ആഗമനം**

ചെങ്ങന്നൂർ, (മകരം 22) ഫെബ്രുവരി 6, 1932

തിരുവല്ലാ കട്ടപ്പുറത്തു പള്ളിയിൽ എത്തിത്താമസിച്ചിരുന്ന നി. വ. ദി. മ. ശ്രീ. പാത്രിയർക്കീസു ബാവാ അവർകൾ പരിവാരസമേതം ഇന്ന് (22 നു) വൈകിട്ട് 5 മണിക്കുശേഷം കല്ലിശ്ശേരിപ്പള്ളിയിൽ വന്നുചേർന്നിരിക്കുന്നു ഇതു സംബന്ധിച്ചു വിശേഷമാതൃകയിൽ പുതുക്കിപ്പണിതു മനോഹരമാക്കപ്പെട്ടിരിക്കുന്ന പള്ളിയകവും, പരിസരങ്ങളും ഗ്ലോബുകൾ, ശരറാന്തലുകൾ, കൃത്രിമമാല്യങ്ങൾ, കൊടികൾ മുതലായവയാൽ അലങ്കരിച്ച് ആകർഷണീയമാക്കിയിരുന്നു. പള്ളിമതിലിന്റെ പടിഞ്ഞാറേ വാതുക്കൽ കെട്ടിയിരുന്ന ആർക്കിനേതുടർന്ന്, എം. സി. റോഡു കവലവരെയുള്ള വഴിയിൽ നെടുനീളെ കടലാസുപൂപ്പന്തൽ, തോരണങ്ങൾ, കുലവാഴകൾ മുതലായവ കൊണ്ട് അലങ്കരിച്ചിരുന്നു. എം. സി. റോഡുകവലയിൽ വലിയ ഒരു അർക്കുകെട്ടി അലങ്കരിച്ചു സ്വാഗതവചസ്സുകളേക്കൊണ്ടും മറ്റും നയനാനന്ദപ്രദമാക്കിയിരുന്നു. കവലയിൽ നിന്ന് എതിരേൽപ്പ് ആരംഭിക്കുന്നതിനു നിശ്ചയിച്ചിരുന്ന ആറാട്ടുകടവുവരെയും, എം. സി. റോഡിൽ പല അലങ്കാരങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. ഉമയാറ്റുകര യാക്കോബായപ്പള്ളിയുടെ മുൻവശത്തു കുരിശുകൾ മുതലായ പള്ളി ഉപകരണങ്ങളും, കത്തിച്ചമെഴുകുതിരികളും സജ്ജമാക്കിക്കൊണ്ടു പ്രസ്തുത പള്ളിയിലെയും, ചെങ്ങന്നൂർ, പേരിശ്ശേരി, ഉമയാറ്റുകര, പുത്തൻകാവ് ഈപള്ളികളിലേയും

യാക്കോബായ-മാർത്തോമാ-പ്പട്ടക്കാരും, ജനങ്ങളും, ബാവാ അവർകളെ ബഹുമാനിക്കുന്നതിനു തയ്യാറായി നിന്നിരുന്നു.

ബാവാ അവർകളും പരിവാരങ്ങളും തിരുവല്ലാനിന്നു മൂന്നു മണിക്ക് ആറാട്ടുകടവിൽ തയ്യാറാക്കിയിരുന്ന പന്തലിൽ എത്തുകയും അവിടെനിന്നു എതിരേൽപ്പു ഘോഷയാത്ര ആരംഭിക്കുയുംചെയ്തു. അലങ്കരിക്കപ്പെട്ട ഒരു കരിവീരൻ മുൻപിലും, അതിനു പിറകിൽ ഉരുട്ടുചെണ്ടക്കാർ, നാഗസ്വരക്കാർ, പാട്ടുകാർ എന്നിവരും, അലുക്കിട്ട കുടകൾ, പള്ളിക്കുടകൾ, കൊടികൾ, കുരിശുകൾ, ബാന്റുകാർ ആദിയായവയും യഥാക്രമം തുടർന്നു, നിരന്നാണു ഘോഷയാത്ര ക്രമീകരിച്ചിരുന്നത്. ഒൻപതു പൊൻവെള്ളിക്കുരിശുകളുടെ പിൻപിൽ പാത്രിയാർക്കീസുബാവാ അവർകളും, മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ അവർകളും, അംശവടി പിടിച്ചുകൊണ്ടു താമരപ്പള്ളിൽ അബ്രഹാം കത്തനാരവർകളും ആസനസ്ഥരായിരുന്ന കാർ ഒന്നാമതായും, മാർ ക്ലിമ്മീസു, മാർ യൂലിയോസ്, മാർ മിഖായേൽ, എന്നീ മെത്രാന്മാരും റമ്പാന്മാരും, കശ്ശീശന്മാരും മറ്റും കയറിയിരുന്ന കാറുകൾ പിന്നിലായും യാത്രചെയ്തിരുന്നു. ഒട്ടനവധി ജനങ്ങൾ തിങ്ങി നിരന്നു മന്ദം മന്ദം പൊയ്ക്കൊണ്ടിരുന്ന ഈ ഘോഷയാത്രാവസരത്തിൽ വഴിയുടെ ഇരുവശങ്ങളിലുമുള്ള ക്രൈസ്തവഭവനങ്ങളുടെ പുരോഭാഗത്തു വച്ചുവിരിച്ചു ദീപം വച്ചും ബാവാ അവർകളെ ആദരിക്കയും അദ്ദേഹം സ്ലീബാ ഉയർത്തി ആശീർവദിക്കയും ചെയ്തിരുന്നു. യാത്രാമദ്ധ്യേ ചില സ്ഥാനങ്ങളിൽ കമ്പംപൊട്ടിക്കയും മറ്റും ചെയ്കയുണ്ടായി.

ഘോഷയാത്ര അഞ്ചു മണിക്കുശേഷം പള്ളിഗേറ്റുങ്കൽ എത്തുകയും ബാവാ അവർകൾ കാറിൽ നിന്നിറങ്ങി മെത്രാന്മാരോടുകൂടി കത്തിച്ച മെഴുകുതിരികൾ പിടിച്ച വൈദികന്മാരാൽ അനുഗതനായി പള്ളി മദ്ബഹായിൽ പ്രവേശിക്കുയും ചെയ്തു. ലുത്തിനിയാ നടത്തിയശേഷം പള്ളിമേടയ്ക്കു മുൻവശത്തു തയ്യാറാക്കിയിരുന്ന മാന്യാസനത്തിൽ ഉപവിഷ്ഠനാകയും, അനന്തരം ജനങ്ങളോടു ശ്രദ്ധേയമായവിധത്തിൽ ഒരു പ്രസംഗം ചെയ്തു ആശീർവ്വചസ്സുകൾ നൽകുകയും ചെയ്തു.

കല്ലിശ്ശേരിപ്പള്ളിയിലേക്കു ബാവാ അവർകളെ കൊണ്ടുവരുന്നതിനു പള്ളിക്കാർ നിർദ്ദേശിച്ചിരുന്ന സമയത്തിനുമുമ്പായി, ഈ എതിരേൽപ്പു സ്വീകരണവും മറ്റും നടത്തേണ്ടിവന്നതിനാൽ, മദ്ബ

ഹായുടെ പുതുക്കിപ്പണിയും, അതോടുകൂടി മറ്റു വേണ്ട ചടങ്ങുകളും പൂർത്തിയാക്കുന്നതിനു നാലഞ്ചു ദിവസം രാപകലില്ലാതെ ഇടവക ജനങ്ങൾ അശ്രാന്തപരിശ്രമം ചെയ്ത് എല്ലാം വിജയപ്രദമാക്കി പരിണമിക്കുകയായിരുന്നു എന്നുള്ള സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാണ്.

**1932 ഫെബ്രുവരി 11 (മകരം 29) വ്യാഴാഴ്ച**
**മഞ്ഞനിക്കരയിലെഴുന്നെള്ളി**

വിശുദ്ധ പിതാവു 1932 മകരം 29-നു വ്യാഴാഴ്ച അവസാന എഴുന്നെള്ളത്തായി ഓമല്ലൂർ മഞ്ഞീനിക്കര മാർ സ്തേപ്പാനോസ് പള്ളിയിലേക്കു എഴുന്നെള്ളി. ഈ പള്ളി പരേതനായ ഇലവിനാമണ്ണിൽ ബ:സ്കറിയാ മല്പാനച്ചൻ അവർകൾ 6 വർഷം മുമ്പു സ്വന്തമായി പണിയിച്ചിട്ടുള്ളതാണു. ഇദ്ദേഹം ശത്രുക്കളാൽ പീഡിപ്പിക്കപ്പെട്ട ഒരു സിംഹാസനഭക്തൻ ആയിരുന്നു. മോറാൻ അബ്ദള്ളാ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു മലയാളത്തു എഴുന്നെള്ളിയിരുന്നപ്പോൾ ചിലർ തിരുമനസ്സിലേക്കു എതിരായി എഴുന്നേല്ക്കുകയും പലതരത്തിൽ തിരുമനസ്സിനെ ആക്ഷേപിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്തപ്പോൾ അരികെനിന്നു ആശ്വസിപ്പിച്ച സിംഹാസനഭക്തന്മാരിൽ ഒരാൾ ബ:സ്കറിയാ മല്പാനച്ചൻ ആയിരുന്നു.

**1932 ഫെബ്രുവരി 11 (വ്യാഴം)**

പന്തളം എന്ന സ്ഥലത്ത് തിരുമേനിയുടെ കാർ എത്തിയപ്പോൾ അവിടെ കെട്ടി അലങ്കരിച്ചിരുന്ന പൂപ്പന്തലിൽ സ്വൽപനേരം നിന്ന് ജനക്കൂട്ടത്തിന് ആശീർവാദം കൊടുത്തു. റോഡിന്റെ ഇരുഭാഗങ്ങളിലുമുള്ള വീടുകളുടെ വാതിൽക്കൽ കത്തിച്ച് വച്ചിരുന്ന വിളക്കുകൾ ശോഭിച്ചുകൊണ്ടിരുന്നു. തിരുമേനിയെ സ്വീകരിപ്പാൻ ആഗ്രഹിക്കുന്നു എന്നു തോന്നുമാറ് വഴിക്കുള്ള ഭവനങ്ങളുടെ മുൻവശത്ത് വെള്ള വിരിച്ചിരുന്നത് എഴുന്നെള്ളത്തിനെ കൂടുതൽ മോടിപിടിപ്പിച്ചു. മഹാജനക്കൂട്ടത്തിന്റെ മുമ്പിലായി മുന്നൂറോളം സൈക്കിളുകൾ പൊയ്ക്കൊണ്ടിരുന്നു. അനേകം പന്തലുകൾ വി. പിതാവിനെ സ്വീകരിപ്പാൻ അലങ്കരിക്കപ്പെട്ടിരുന്നു. ഇതിൽ തുമ്പമൺ കടവിനടുത്തുള്ള പന്തൽ ജനക്കൂട്ടത്തിന്റെ ശ്രദ്ധയെ കൂടുതൽ ആകർഷിക്കത്തക്കവണ്ണം അത്രയ്ക്ക് കമനീയമായിരുന്നു. പുതിയ

റോഡുകൾ വെട്ടിച്ചും പഴയ റോഡുകളെ നന്നാക്കിയും തിരുമനസ്സിലെ യാത്രാസൗകര്യം ഉണ്ടാക്കിയ മഞ്ഞിനിക്കരപള്ളി വികാരി ഇലവിനാമണ്ണിൽ ബഹു. കുറിയാക്കോസ് കത്തനാരെയും ഇടവകക്കാരെയും ഈ കെങ്കേമമായ എഴുന്നെള്ളത്തിന്റെ വിജയത്തിന് ശ്ലാഘിക്കേണ്ടിയിരിക്കുന്നു. പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ടു മറ്റും കൈപ്പട്ടൂർ കടവിൽ എഴുന്നെള്ളി. പിന്നീട് ഏവരും ഒരുമിച്ച് സാഘോഷം വടക്കോട്ടു വന്നു. ബാവ സംഘകെട്ടിടത്തിൽ കയറി ഒരു പ്രസംഗം നടത്തി. അവിടെനിന്നും മഞ്ഞനിക്കര പള്ളിയിലേക്കെഴുന്നെള്ളി.

**1932 ഫെബ്രുവരി 12 വെള്ളിയാഴ്ച**

അന്നു വിശുദ്ധ പിതാവിനെ സന്ദർശിപ്പാനായി മറ്റു ഇടവകകളിൽനിന്നു വന്ന പട്ടക്കാരോടു "നിങ്ങളാരും ഇന്നു പോകരുതു. നാലഞ്ചു ദിവസം നിങ്ങൾക്കു നമ്മോടുകൂടി താമസിച്ചുകൂടെയോ" എന്നു കല്പിച്ചു ചോദിച്ചു.

അന്നു വൈകുന്നേരം വിശുദ്ധ പിതാവു തിരുമേനിമാർ താമസിക്കുന്ന ഷെഡിൽ എഴുന്നെള്ളുകയുണ്ടായി. തിരുമേനിമാരുമായി പല കാര്യങ്ങളും കല്പിച്ച കൂട്ടത്തിൽ മേല്പട്ടക്കാർക്കു വേണ്ടിയുള്ള 'കന്തിലാ'യിലെ പല ഭാഗങ്ങളും ചൊല്ലി കേൾപ്പിക്കയും മരിച്ചവർക്കുവേണ്ടി നടത്തേണ്ട പ്രാർത്ഥന, കുർബാന മുതലായവയെപ്പറ്റി പലതും കല്പിക്കയുമുണ്ടായി.

അന്നുതന്നെ വിശുദ്ധ പിതാവു തിരുമേനിമാരെ എല്ലാവരേയും വിളിച്ചു ഇങ്ങിനെ കല്പിച്ചു. "നാം നിങ്ങളോടു ഒരു കാര്യം പറയണമെന്നാഗ്രഹിക്കുന്നു. ശത്രുക്കളുടെ ഇടയിൽ കിടന്നു ബുദ്ധിമുട്ടുന്ന ഈ ചെറിയ പള്ളിക്കാരെയും ഇവിടത്തെ വികാരി അച്ചനേയും ദൈവം കൂടുതലായി അനുഗ്രഹിക്കുന്നതിനും മരിച്ചുപോയ വിശുദ്ധ പിതാക്കന്മാരുടെ മദ്ധ്യസ്ഥപ്രാർത്ഥന എപ്പോഴും അവർക്കു ഉണ്ടായിരിക്കുന്നതിന്നും മറ്റുമായി പരിശുദ്ധന്റെ അസ്ഥി ഈ പള്ളിയിൽ സ്ഥാപിക്കണമെന്നാണ് നമ്മുടെ ആഗ്രഹം. നിങ്ങൾക്കുള്ള അഭിപ്രായം അറിവാൻ നാം വാഞ്ചിക്കുന്നു". തിരുമേനിമാരെല്ലാം ഇതിന്നനുകൂലിച്ചുതന്നെ മറുപടി പറഞ്ഞു. ഇതിനെ തുടർന്നു വിശുദ്ധ പിതാവു ഇപ്രകാരം കല്പിച്ചു. "നാളെ മാർ ക്ലീമ്മീസ് വിശുദ്ധ കുർബാന അണയ്ക്കണം പരിശുദ്ധന്റെ അസ്ഥി നമുക്കു

ഞായറാഴ്ച കുർബാനയ്ക്കുശേഷം ഇവിടെ സ്ഥാപിക്കുകയും വേണം".

വിശുദ്ധ പിതാവു ശീമയിൽനിന്നു മൂന്നു തിരുശേഷിപ്പുകൾ (പിതാക്കന്മാരുടെ അസ്ഥികൾ) കൊണ്ടുവന്നിട്ടുള്ളവയിൽ ഒന്നു മാർ അത്താനാസ്യോസ് തിരുമേനിക്കും വേറൊന്നു മാർ ദീയസ്കോറോസ് തിരുമേനിക്കും കല്പിച്ചു സമ്മാനിച്ചിരുന്നു. ഇനി ബാക്കിയുള്ള തിരുശേഷിപ്പിനെക്കുറിച്ചാണ് ഈ കല്പിക്കുന്നതു എന്നത്രെ തിരുമേനികൾ വിചാരിച്ചതു.

**1932 ഫെബ്രുവരി 13 ന് കാലം ചെയ്തു**

രാവിലെ മാർ ക്ലീമ്മിസ് ബാവാ വിശുദ്ധ കുർബാന ചൊല്ലി. വിശുദ്ധ പിതാവു ഈ കുർബാനയിൽ സംബന്ധിച്ചു. തന്റെ അന്ത്യദൂതു ലോകത്തിനു പ്രദാനം ചെയ്തു. അന്നു അവിടെ കൂടിയുരുന്ന ജനസംഖ്യ നിർണ്ണയിക്കുവാൻ പ്രയാസം. വിശുദ്ധ പിതാവു കുർബാനമദ്ധ്യേ പ്രസംഗിച്ചു. *വിശുദ്ധ കുർബാനാനന്തരം തിരുമേനിയും മറ്റേവരും പന്തലിൽ ഇറങ്ങി. അനേകം പേർ കൈമുത്തി രോഗികളെ ഇരുത്തി പ്രാർത്ഥിച്ചു. അനന്തരം അച്ചന്മാർ രണ്ടു പേർക്കും സമ്മാനം കൊടുത്ത് അനുഗ്രഹിച്ചു. അതുകഴിഞ്ഞ് മറുഭാഗത്തെ അച്ചന്മാരും ശെമ്മാശന്മാരുമായി വന്ന് തിരുമേനിയെ കണ്ട് സഭാസംബന്ധമായും പ്രത്യേകിച്ച് കാതോലിക്കായുടെ കാര്യവും തർക്കിച്ചു. പിന്നീട് അവർ പോയി. വീട്ടിൽ വന്നപ്പോൾ തിരുമേനിക്ക് സുഖമില്ലെന്ന് കേൾക്കുകയും ഒട്ടും താമസിയാതെ ഞാൻ പള്ളിയിലേക്കുപോകുകയും വഴിക്കുവെച്ച് കാലം ചെയ്തുയെന്നറിയുകയും ചെയ്തു. അവിടെയെത്തി കണ്ടതിനുശേഷം പാതിരാത്രിവരെ സഹോദരനുമൊരുമിച്ച് അവിടെ നിന്നു.

**തുമ്പമൺ, കുംഭം 1 ശനിയാഴ്ച**

നി. വ. ദി. മ. ശ്രീ. അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ട് ഇന്നു പകൽ രണ്ടരമണിക്ക് ഇതിനടുത്ത ഓമല്ലൂർ മഞ്ഞനിക്കര സുറിയാനിപ്പള്ളിയിൽ വച്ചു കാലം ചെയ്തിരിക്കുന്നു എന്നുള്ള അത്യന്തം മർമ്മഭേദകമായ വാർത്ത അപാരമായ മനോവേദനയോടും തോരാത്ത കണ്ണുനീരോടുംകൂടി അറിയിച്ചു

* ഓമല്ലൂർ, പുളിമൂട്ടിൽ (ഡീക്കൻ) ചെറിയാൻ സാറിന്റെ ഡയറിക്കുറിപ്പിൽനിന്ന്

കൊള്ളുന്നു. വിശുദ്ധ പിതാവ് ഉച്ചമേശയ്ക്ക് മുമ്പുവരെ മെത്രാൻപക്ഷക്കാരായ ചില പട്ടക്കാരുമായി സമാധാനത്തെപ്പറ്റി ദീർഘ സമയം സംസാരിക്കുകയുണ്ടായി. അനന്തരം മേശകഴിഞ്ഞു തിരുമനസ്സുകൊണ്ട് തുടർച്ചയായി എഴുതിവന്ന സഭാനാളാഗമ പുസ്തകത്തിൽ ഇന്നു എഴുതേണ്ടിയിരുന്ന ഭാഗം എഴുതി. ഇടയ്ക്ക് ഒരു വാക്കിനെപ്പറ്റി സംശയം തീർക്കുവാനായി ഡിക്ഷണറി ആവശ്യപ്പെട്ടു. അടുത്തുനിന്നിരുന്ന റമ്പാൻമാരിൽ ഒരാൾ നിഘണ്ടു കൊണ്ടുചെന്നു കൊടുത്തു. അല്പസമയത്തിനുള്ളിൽ അത് എഴുതിത്തീർത്തശേഷം റമ്പാന്മാരോടു ഫലിതമയമായി ഓരോന്നു കല്പിച്ചുകൊണ്ട് മുറിക്കുള്ളിൽ തന്നെ സന്തോഷപൂർവ്വം മന്ദമായി ലാത്തുകയായിരുന്നു. പെട്ടെന്നു നെറ്റിയിൽ കൈവച്ചുകൊണ്ട് "എന്റെ തല എന്റെ തല" എന്നു കല്പിച്ചു. റമ്പാന്മാർ അടുത്തുചെന്നപ്പോൾ തിരുമനസ്സുകൊണ്ട് വീഴുവാൻ ഭാവിക്കുന്നതുപോലെ തോന്നി. ഉടനെ എല്ലാവരും കൂടെ താങ്ങി മെത്തയിൽ കിടത്തി. നിമിഷനേരം കൊണ്ടു തിരുമുഖം വിവർണ്ണമായും തൃക്കാലുകളും തൃക്കൈകളും ശീതബാധിതങ്ങളായും കാണപ്പെട്ടു. കഴിയുന്ന ശുശ്രൂഷകളെല്ലാം ചെയ്തു. എന്നാൽ കഷ്ടം ഹതവിധി എന്നല്ലാതെ എന്തുപറയട്ടെ രണ്ടു മിനിട്ടിനുള്ളിൽ വിശുദ്ധ പിതാവിന്റെ മഹനീയാത്മാവ് സർവ്വേശ്വരസന്നിധിയെ പ്രാപിക്കുകയാണ് ചെയ്തത്. തത്സമയം അവിടെയുണ്ടായ ബഹളവും മുറവിളിയും വർണ്ണിക്കുവാൻ ആരാലും സാദ്ധ്യമല്ല. ഏതാനും മിനിട്ടിനുള്ളിൽ പത്തനംതിട്ട മെഡിക്കൽ ആഫീസർ വന്നുചേർന്നു. അല്പസമയം കഴിഞ്ഞ് കോഴഞ്ചേരി ആശുപത്രിയിൽനിന്ന് ഡാക്ടർമാർ വന്ന് പരിശോധിച്ചു. എല്ലാവരും നിരാശാഭരിതമായിത്തീരുകയാണ് ചെയ്തത്.

**1932 ഫെബ്രുവരി 14 ഞായർ കബറടക്കം**

*തലേദിവസം രാത്രിയിലും പിറ്റേന്നുമായി വന്നുകൂടിയ ജനം അങ്ങും ഇങ്ങും അലഞ്ഞുനടക്കുന്നു. അനവധി കാറും ബസ്സും വന്നിട്ടുണ്ട്. കോട്ടയത്തിനു കൊണ്ടുപോകണമെന്ന് പറഞ്ഞ് കോട്ടയംകാർ ബഹളം കൂട്ടുന്നു. രക്ഷിതാവിന്റെ കരുണയാൽ ഇതിനൊന്നും സംഗതിയാകാതെ ഇവിടെതന്നെയെന്ന് തീർച്ചപ്പെടുത്തി. കല്ലും മണലും കുമ്മായവും കടവിൽനിന്നും കൊണ്ടുവന്ന് കല്ലറ

* ഓമല്ലൂർ, പുളിമൂട്ടിൽ (ഡീക്കൻ) ചെറിയാൻ സാറിന്റെ ഡയറിക്കുറിപ്പിൽനിന്ന്

യുണ്ടാക്കി. കല്ലറയിൽ നാലുമണിക്ക് വെച്ചു. കല്ലറയിൽ വച്ചപ്പോൾ ചാറൽമഴയുണ്ടായി. ഉച്ചമുതൽ സൂര്യൻ ഇരുണ്ടുപോയി.

**തുമ്പമൺ കുംഭം 2 ഞായർ**

"നീതിമാന്റെ മരണം ഉറക്കംപോലെയാണ്" എന്നുള്ള വേദോക്തിയെ അനുസ്മരിപ്പിക്കുമാറ് കസേരയിൽ ചാരിയിരുത്തിയിരുന്ന വി. പിതാവിന്റെ തിരുശരീരം ഒരു നോക്കു കാണുന്ന ഏതൊരുവനും സജീവനായ തിരുമനസ്സുകൊണ്ട് കേവലം ക്ഷീണം തീർക്കുവാനായി ഒന്നു മന്ദനിദ്രചെയ്യുന്നു എന്നു മാത്രമേ തോന്നുകയുള്ളൂ. പള്ളിയകവും പരിസരങ്ങളും ദീപാവലികളാൽ പ്രശോഭിതമായിരുന്നിട്ടും തിരുമനസ്സിലെ വദനബിംബത്തിൽ നിന്നും, നിർഗ്ഗളിച്ച പ്രഭാപൂരം സർവ്വോപരി പ്രത്യക്ഷമായിരുന്നു. ഭക്തിപരവശരും സന്തപ്തമാനസരുമായ ഒട്ടധികമാളുകൾ തൃപ്പാദസന്നിധിയിൽ വീണുകിടന്നുരുളുകയും മാറത്തടിച്ചു നിലവിളിക്കുകയും ചെയ്തപ്പോൾ പുറത്തു തിങ്ങിക്കൂടിയിരുന്ന ജനസംഘത്തിൽ നിന്നും പൊട്ടിപ്പുറപ്പെട്ട ദീനസ്വരബഹളം അവർണ്ണനീയമായിരുന്നു എന്നേ പറയേണ്ടു. മൃതശരീരത്തെ സമീപിച്ച ജനങ്ങളെ അവിടെനിന്നും പിരിച്ച് പുറത്തേയ്ക്ക് പറഞ്ഞയക്കുവാൻ പോലീസുകാർ വളരെ പണിപ്പെട്ടു. വാസ്തവത്തിൽ അദ്ധ്യാത്മികചൈതന്യവും ആഭിജാത്യമഹത്വവും തിളങ്ങി വിളങ്ങുന്ന ആ തിരുമുഖം പരിശുദ്ധതയുടെ പരമനിദർശനമായ ആ മനോഹരമുഖം- അടുത്തുചെല്ലുന്നവരെ അയസ്ക്കാന്തശക്തിയാലെന്നപോലെ ആകർഷിച്ചതിൽ എന്തത്ഭുതമാണുള്ളത്?

വെളുപ്പിനു മൂന്നുമണിയായപ്പോഴേയ്ക്ക് വിദൂര ദിക്കുകളിലുള്ള പട്ടക്കാരും സമുദായ പ്രധാനന്മാരും ബഹുജനങ്ങളും വന്നുതുടങ്ങി. പള്ളിപ്പറമ്പിലും ചുറ്റുമുള്ള പുരയിടങ്ങളിലും മണ്ണുനുള്ളിയിട്ടാൽ താഴാത്തതരത്തിൽ ജനങ്ങൾ നിറഞ്ഞുകവിഞ്ഞ നിലയിലായി. മെത്രാപ്പോലീത്തന്മാരായ മാർ അത്തനാസ്യോസ്, മാർ ദീയസ്ക്കോറോസ് എന്നീ തിരുമേനിമാരും വന്നെത്തി.

നേരം പ്രഭാതമായി. ആദിത്യഭഗവാൻ അത്യന്തം മനഃസ്താപകരമായ ഈ സംഭവത്തിൽ പരിപൂർണ്ണമായ അനുഭാവത്തോടുകൂടി പങ്കുകൊള്ളുവാൻ തയ്യാറായിട്ടെന്നപോലെ കാർമേഘ കരിമ്പടത്താൽ മുഖാവരണം ചെയ്തുകൊണ്ടാണ് ഇന്നു പ്രത്യക്ഷനാ

യത്. രാവിലെ മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് വി. കുർബ്ബാന അനുഷ്ഠിച്ചു. അനന്തരം എല്ലാ മെത്രാപ്പോലീത്തന്മാരും ചേർന്ന് അനേകം പട്ടക്കാരുടെ സഹകരണത്തോടുകൂടി സംസ്ക്കാര ശുശ്രൂഷയിൽ മിക്ക ഭാഗവും നിർവ്വഹിച്ചു. നാലഞ്ചു നാഴിക പുലർന്നപ്പോൾ മലങ്കരയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പള്ളിയിൽ വരികയും ബാവായുടെ തിരുശരീരം കോട്ടയം പഴയ സിമ്മനാരിയിൽ സംസ്ക്കരിച്ചാൽ കൊള്ളാമെന്നുള്ള തന്റെ അഭിപ്രായം പ്രസ്താവിക്കുകയുമുണ്ടായി. അനന്തരം അധികം താമസിയാതെ അദ്ദേഹം മാക്കാംകുന്നിലേക്കു മടങ്ങിപ്പോയി.

ബാവാ തിരുമനസ്സിലെ മഹനീയദേഹം എവിടെ ആണ് കബറടക്കം ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി അപ്പോൾത്തന്നെ എല്ലാ മെത്രാപ്പോലീത്തന്മാരും റമ്പാന്മാരാദിയായ ശീമക്കാരും ദിവ്യശ്രീ കോടിയാട്ട് കുറിയാക്കോസ് കോറെപ്പിസ്ക്കോപ്പാ മെ. പി. റ്റി. തോമസ് (പാലാമ്പടം) ഇ. പി. മാത്യു, അക്കര സി. ജോൺ, (കൊച്ചുപാപ്പി) വാഴയിൽ ജോസഫ്, അഞ്ചേരിൽ പാപ്പച്ചൻ, കെ. ജെ. അബ്രാഹാം, പുത്തൻകുളത്തിൽ കുര്യൻ, എറികാട്ടു എം. സക്കറിയ, കെ. ജെ. അലക്സാണ്ടർ, കട്ടപ്പുറത്തു കൊച്ചുപാപ്പി മുതലായ സമുദായ പ്രധാനന്മാരും കൂടി ഒരു ആലോചന നടത്തി. ഒരോരുത്തരും തങ്ങളുടെ അഭിവന്ദ്യ പിതാവിന്റെ തിരുശരീരം അഭിമാനത്തോടും ബഹുമാനത്തോടും കൂടി കൊണ്ടുപോയി സംസ്ക്കരിച്ചുകൊള്ളാമെന്ന് സസന്തോഷം പ്രസ്താവിച്ചു. പ്രൈവറ്റു സെക്രട്ടറിയും സഹോദരപുത്രനുമായ മി. സ്ക്കറിയാ തുടങ്ങിയുള്ള ശീമക്കാർ അവർക്കുള്ള പ്രത്യേക അവകാശവും ആഗ്രഹവും പ്രതിപാദിച്ചു. തിരുമനസ്സുകൊണ്ട് എവിടെ വച്ചു കാലം ചെയ്തുവോ ആ പള്ളിക്കാർ (ഓമല്ലൂർ മഞ്ഞനിക്കര എസ്തപ്പാനോസ് പള്ളി) അവരുടെ ആഗ്രഹവും നിർബന്ധവും വെളിപ്പെടുത്തി ഒടുവിൽ പള്ളിക്കാരുടെ ആഗ്രഹംതന്നെ അംഗീകരിക്കപ്പെടുകയാൽ കബറിടം പണിയും മറ്റും ത്ധടുതിയിൽ ആരംഭിച്ചു.

കബറിനുവേണ്ട കല്ലുകൾ ഒന്നര നാഴിക ദൂരെ ഒരു സ്ഥലത്തുനിന്നു കൊണ്ടുവരേണ്ടിയിരുന്നു. വി. പിതാവിനോടുള്ള ഭക്ത്യാതിരേകത്താൽ അവിടെ കൂടിയിരുന്ന ജനങ്ങൾ കുലീനത്വമോ ആഭിജാത്യമോ കരുതാതെ ഒന്നരനാഴിക ദൂരത്തിൽ അണിനിരന്നു കല്ലു

കൾ കൈമാറിമാറി അതിവേഗം ഉദ്ദിഷ്ടസ്ഥലത്തു എത്തിച്ച കാഴ്ച ഒന്നു  കാണേണ്ടതുതന്നെയായിരുന്നു.

പകൽ പന്ത്രണ്ടരമണിയായി ബാവാതിരുമനസ്സിലെ തിരുശരീരം പള്ളിക്കുള്ളിൽനിന്നും പുറത്തേക്ക് എടുത്തു പടിഞ്ഞാറുവശത്തേ വാതുക്കൽ സകലമാനപേർക്കും കാണത്തക്ക വിധത്തിൽ ഒരുയർന്ന പീഠത്തിൽ ആസനസ്ഥമാക്കി. തത്സമയം പലേ ഛായാഗ്രഹണയന്ത്രക്കാരും തിരുമേനിയുടെ ഫോട്ടോ എടുത്തു. പിന്നീട് മാർ അത്താനാസ്യോസ്, മാർ ദീയസ്ക്കോറോസ് എന്നീ തിരുമേനിമാർ അനവധി പട്ടക്കാരുടെ സഹകരണത്തോടുകൂടി ശുശ്രൂഷകൾ വീണ്ടുമാരംഭിച്ചു. അപ്പോഴുണ്ടായ തിക്കും തിരക്കും വിവരിക്കുവാൻ പ്രയാസം. ആറു മണിക്കൂറിലധികം നീണ്ടുനിന്ന കൈമുത്തുകർമ്മം കഴിഞ്ഞയുടനെ തിരുശരീരം മെത്രാപ്പോലീത്തന്മാർ എല്ലാവരും കൂടി എടുത്ത് പള്ളിയുടെ കിഴക്കുവശത്തുകൊണ്ടുവന്നു. അവിടെവച്ച് ''നഗരികാണിക്കൽ'' എന്ന മർമ്മഭേദകമായ കർമ്മം നിർവ്വഹിച്ചു. അനന്തരം തിരുശരീരത്തോടു തൊട്ടു പുരോഭാഗത്തായി കൈയിൽ കത്തിച്ച മെഴുകുതിരികളോടുകൂടി രണ്ടുവരിയായി നിരന്നു നിന്നിരുന്ന പട്ടക്കാർ ഉൾപ്പെടെ ഒരു ഫോട്ടോ എടുത്തു.

മണി ഏകദേശം അഞ്ചോളമായി. അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടേയും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വിജയം ചെയ്തരുളിയിരുന്ന നി. വ. ദി. ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ ഭൗതികദേഹം കബറിനുള്ളിൽ നിക്ഷേപിക്കപ്പെട്ടു. ആ സന്ദർഭത്തിൽ അന്തരീക്ഷത്തിൽ അദൃശ്യരൂപികളായി അണിനിരന്നിരുന്ന ദേവകൾ-ദൈവദൂതന്മാർ ഹർഷമതികളായി പുഷ്പവർഷം ചെയ്തു- 5 മിനുട്ടുനേരത്തേയ്ക്കു സുഖാവഹമായ ഒരു പൊടിമഴ പൊഴിഞ്ഞു. ശേഷിച്ച ശുശ്രൂഷകളും യഥാവിധി നിർവ്വഹിച്ചു. കബറടക്കസമയത്ത് കല്ലറയുടെ വക്കിൽ തിരുവിതാംകൂർ ഗവർമെണ്ടിന്റെ പ്രതിനിധിയായി കൊല്ലം ഡി. മജിസ്ത്രേട്ട് മി. റ്റി. പി. രാമസുബ്ബയ്യരും, പത്തനംതിട്ട തഹസീൽദാരും, എ. എസ്. പി. മി. അച്ചുതൻപിള്ളയും പോലീസ് ഇൻസ്പെക്ടരും നിന്നിരുന്നു. കബറടക്കശുശ്രൂഷയ്ക്കിടയിൽ അടുത്തുനിന്നിരുന്ന എല്ലാവരും കണ്ണീരുകൊണ്ട് കബറിന്റെ ഭിത്തികളെ അഭിഷേകം ചെയ്തു. ജനസംഘം വാവിട്ടു നിലവിളിച്ചു. ഒന്നുരണ്ടച്ചന്മാർ ബോധരഹിതരായിത്തീർന്നു. മാർ

അത്താനാസ്യോസ് തിരുമേനിക്കു ദുഃഖപാരവശ്യത്താൽ ചെറിയ ഒരു വിവശത ബാധിച്ചു. ബാവാതിരുമനസ്സിലെ സഹോദരപുത്രനായ മി. സ്ക്കറിയാ കഠിനകദനത്താൽ കരളുരുകി കരയുന്ന കാഴ്ച കല്ലിനുപോലും, കണ്ടുനില്ക്കാൻ കഴിയുന്നതല്ല.

വൈദികകർമ്മങ്ങളുടെ അവസാനത്തിൽ പാരാവാരം പോലെ പരന്നുനിന്നിരുന്ന അനേകായിരം ജനങ്ങളോടായി മോർ മീഖായേൽ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് താഴെ വരുന്ന പ്രകാരം ഒരു പ്രസംഗം ചെയ്തു. ''പ്രിയരേ! ഇതൊരു നഷ്ടമായി കരുതി നിങ്ങൾ കരയരുത് ഇത് നമുക്കൊരു ലാഭമാണ്. ദുരന്തദുരിതപൂർണ്ണമായ ഈ ലോകം ക്ഷണഭംഗുരമാണെന്നും മായാവിലാസത്താൽ തോന്നുന്ന മതിമോഹം മാത്രമേ ഇവിടെയുള്ളൂവെന്നും നിത്യവും സ്തുത്യവുമായ വാസ്തവലോകം വേറേയാണെന്നും വിശ്വസിക്കുന്ന നമുക്കു ദുഃഖിക്കുവാൻ അവകാശമില്ല. നമ്മുടെ വി. പിതാവ് ഇന്നു നിത്യലോകത്തിൽ പ്രവേശിച്ചിരിക്കുന്നു. ഇവിടെയിരുന്നുകൊണ്ട് നമുക്കുവേണ്ടി പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നതിൽ അനേക മടങ്ങു കൂടുതലായി അവിടെ അഖിലേശ്വര സന്നിധിയിൽ ഇരുന്നുകൊണ്ട് അദ്ദേഹത്തിനു പ്രവർത്തിക്കുവാൻ കഴിയും, സംശയമില്ല. പരേതനായ ഈ പരിശുദ്ധപിതാവിൽ പരിശോഭിച്ചിരുന്ന പരമോൽകൃഷ്ട ഗുണങ്ങൾ പലതാണെങ്കിലും അവയിൽ യഥാർത്ഥമായ പരമാർത്ഥത, ആത്യന്തികമായ സഹനശക്തി എന്നിവ സർവ്വദാ പ്രകീർത്തിതങ്ങളത്രേ. അവിടുത്തെ മഹാമനസ്ക്കത, നിഷ്കളങ്കസ്നേഹം, ഭക്തവാത്സല്യം, കറകളഞ്ഞ ദൈവഭക്തി എന്നിവയെല്ലാം അദ്ദേഹവുമായി അല്പസമയത്തേക്കെങ്കിലും പരിചയപ്പെടാൻ ഭാഗ്യം സിദ്ധിച്ച ഒരുവന് എങ്ങനെ മറക്കുവാൻ കഴിയും? എതിരാളികളിൽനിന്നു വരുന്ന ഏതുമാതിരി ഉപദ്രവവും ക്ഷമയോടെ സഹിച്ച് അവരോടു സ്നേഹവാത്സല്യപൂർവ്വം വർത്തിക്കുവാൻ തക്കവണ്ണം അദ്ദേഹത്തിനുണ്ടായിരുന്ന ഹൃദയവിശാലത ശത്രുക്കൾ പോലും സമ്മതിക്കുന്നതാണ്. പരിശുദ്ധപിതാവിന്റെ മുഖത്തുനോക്കിക്കൊണ്ടു അദ്ദേഹത്തിനെതിരായി അവിവേകം സംസാരിക്കുവാൻ ദൈവദത്തമായ ഹൃദയമുള്ള ഒരു മനുഷ്യനും സാധിക്കുന്നതല്ല. അത്രമാത്രം ദൈവവിലാസമായിരുന്നുവല്ലോ അവിടുത്തെ തിരുമുഖത്തിൽ കളിയാടിയിരുന്നത്. അവിടുന്ന് ഈ മലങ്കരയിൽ പാദസ്പർശം ചെയ്ത നാൾ

മുതൽ അവിടുത്തെ സന്തതസഹചാരികളായിരുന്ന ഞങ്ങൾക്ക് അദ്ദേഹത്തിൽനിന്ന് അനവധി ഗുണപാഠങ്ങൾ പഠിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കഷ്ടതയും ഞെരുക്കവും എന്നുവേണ്ട സകല ദുരിതങ്ങളും സഭയ്ക്കുവേണ്ടി സഹിക്കുവാനുള്ള ഒരു മനഃസ്ഥിതി അദ്ദേഹത്തിൽനിന്നു ഞങ്ങൾ പഠിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തിന്റെ മഹാപരിശുദ്ധതയിലും മധ്യസ്ഥപ്രാർത്ഥനയിലും പൂർണ്ണമായി വിശ്വസിക്കുവിൻ. ജഗന്നിയന്താവായ ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ''.

പ്രസംഗാനന്തരം ജനങ്ങൾ വിണ്ടും കബറിങ്കൽവന്നു പാദകാണിക്ക സമർപ്പിച്ചശേഷം പിരിഞ്ഞുപോയി. പേഷ്കാർ മി. റ്റി. പി. രാമസുബ്ബയ്യർ, മി. പി. റ്റി. തോമസ് മുതലായവരോടൊന്നിച്ച് മാർ യൂലിയോസ് തിരുമനസ്സിലെ അടുക്കൽചെന്ന് തിരുവിതാംകൂർ ഗവർമെണ്ടിനുവേണ്ടി പ്രത്യേകം അനുശോചനം പ്രദർശിപ്പിക്കുകയും ഏതുവിധ സഹായ സഹകരണങ്ങളും ചെയ്തുതരുവാൻ ഗവർമെണ്ടു തയ്യാറാണെന്നു അദ്ദേഹത്തെ അറിയിക്കയും ചെയ്തു. തിരുമനസ്സുകൊണ്ട് ഗവർമെണ്ടിന്റെ സന്മനസ്സിനു കൃതജ്ഞത പ്രകാശിപ്പിച്ചു. പേഷ്ക്കാർ ഉടനെതന്നെ മടങ്ങിപ്പോയി.

**കാലം ചെയ്ത അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ അവർകൾ**

**ഓമല്ലൂർ, (കുംഭം 2) 15-02-1932**

ഓമല്ലൂർ പ്രദേശങ്ങളിലുള്ള ബാവാകക്ഷികളുടെ പലനാളത്തെ അപേക്ഷയുടെ ഫലമായി കല്ലിശ്ശേരിയിൽ നിന്നു ഓമല്ലൂർ മഞ്ഞനിനിക്കരപ്പള്ളിയിൽ സംഘോഷം വരവേൽക്കപ്പെട്ടു എഴുന്നള്ളിതാമസിച്ചിരുന്ന നി. വ. ദി. മ ശ്രീ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ അവർകൾ ഇന്നലെ കൃത്യം രണ്ടുമണിക്കു ഹൃദയസ്തംഭനം നിമിത്തം പൊടുന്നനെ ദിവംഗതനായെന്നുള്ള വാർത്ത സവ്യസനം അറിയിച്ചുകൊള്ളുന്നു. ബാവാ അവർകൾ കഴിഞ്ഞ വ്യാഴാഴ്ച വൈകിട്ടു ആറുമണിയോടുകൂടെയാണ് ടി. പള്ളിയിൽ എത്തുകയുണ്ടായത്. വെള്ളിയാഴ്ചയും, ഇന്നലെയും പതിവുപോലെ ദിനചര്യകൾക്കു ഭംഗം കൂടാതെ കൈമുത്തി അനുഗ്രഹം പ്രാപിപ്പാൻ വന്ന പട്ടക്കാരെയും, അത്മേനികളേയും, ശ്ലൈഹികമായി ആശീർവദിച്ചു കഴിഞ്ഞപ്പോഴാണ് ഈ അത്യാഹിതം നേരി

ട്ടത്. ആകസ്മികമായുണ്ടായ ആലസ്യം കണ്ട്, കൂടെയുണ്ടായിരുന്നവർ സ്ഥലം മെഡിക്കലോഫീസർ ഡാക്ടർ ജേക്കബിനെ ക്ഷണിക്കുകയും. അദ്ദേഹം തൽക്ഷണം വന്നു വേണ്ട ശുശ്രൂഷകൾ ചെയ്കയും കോഴഞ്ചേരിയിൽ നിന്നും ഡോക്ടർ ഐസക്കിനെ വരുത്തണമെന്നഭിപ്രായപ്പെടുകയും ചെയ്തു. ഉടനെ ആയതിലേക്കു വണ്ടി അയച്ചു. ഇത്രയുമായപ്പോഴേക്കു വിവരമറിഞ്ഞു സ്ഥലത്തെ അരമനയിൽ താമസിച്ചുവരുന്ന തുമ്പമൺ ഇടവകയുടെ മാർ പീലക്സീനോസ് എപ്പിസ്കോപ്പാ അവർകൾ ഏതാനും വൈദികന്മാരോടുകൂടി പ്രത്യേകകാറിൽ ഇതെഴുതുന്ന ആൾ സഹിതം അവിടെയെത്തുകയും ദുഃഖനിമഗ്നരായി പര്യങ്കത്തോടടുത്തുനിന്നിരുന്ന വന്ദ്യ വൈദികശ്രേഷ്ടന്മാരെ സമീപിച്ചു നിൽക്കുകയും ചെയ്തു. അപ്പോഴെക്കു കോഴഞ്ചേരിയിൽ നിന്നും ഡോക്ടർ ഇടിചാണ്ടി വന്നുചേർന്നു ആവശ്യമുള്ള പരിശോധനയ്ക്കുശേഷം മരിച്ചുപോയിയെന്നു വിദഗ്ദ്ധാഭിപ്രായം പ്രസ്താവിക്കുയുമുണ്ടായി.

അനന്തരം നി. വ. ദി. ശ്രീ മാർ പിലക്സിനോസ് എപ്പിസ്ക്കോപ്പാ അവർകളുടെ നിർദ്ദേശപ്രകാരം മൃതശരീരം പള്ളിമെത്തയിൽനിന്നെടുത്തു സഭാവസ്ത്രാദികൾ ധരിപ്പിച്ചു കസേരയിൽ ഇരുത്തുകയുമുണ്ടായി. പിന്നീട് ആയിരക്കണക്കിന്നു കൂടിയിരുന്ന ജനതയെ ഇരുവഴിക്കും മാറ്റിയിട്ട് സിംഹാസനം മദുബഹായിലേക്കു നീക്കി. അതോടുകൂടി ശവസംസ്കാരത്തിനുള്ള ആദ്യപ്രാർത്ഥന നടത്തുകയും ചെയ്തു. ഇതിനകം പിലക്സിനോസ് എപ്പിസ്കോപ്പായവർകൾ മലങ്കരയുടെ മാർ ദീവന്നാസ്യോസുമെത്രാപ്പോലീത്താ അവർകൾക്കു കമ്പിസന്ദേശമയ്ക്കുകയുമുണ്ടായി. അനന്തരം പത്തനംതിട്ട രണ്ടാം ക്ലാസ് മജിസ്ത്രേട്ടു മി. കോലാപിള്ളയും. പത്തനംതിട്ട പോലീസ് ഇൻസ്പെക്ടർ മി. മാമ്മനുമൊത്തുവന്നു ചേർന്നു. എപ്പിസാക്കോപ്പാ അവർകൾ പത്തനംതിട്ടയ്ക്കു തിരികെപ്പോരുകയും ചെയ്തു. രാത്രി 12 മണിയോടുകൂടി മലങ്കര മത്രാപ്പോലീത്താ അവർകൾ ചെറിയമഠത്തിൽ സക്കറിയാമൽപ്പാൻ, വാരിക്കുട്ടു ഡോക്ടർ ആദിയായവരോടുകൂടി പത്തനംതിട്ട അരമനയിൽ എത്തി. ഇന്നു രാവിലെ മലങ്കര മെത്രാപ്പോലീത്ത അവർകൾ മഞ്ഞനിക്കര പള്ളിയിൽ എത്തി. ക്ലീമീസ് മെത്രാപ്പോലീത്ത വി. കുർബാന അനുഷ്ഠിച്ചു. കുർബാനയ്ക്കു ശേഷം ഒരു ശുശ്രൂഷ നടത്തി. അനന്തരം വിശ്രമത്തിനായി എല്ലാവരും പുറ

ത്തേയ്ക്കിറങ്ങുകയും സന്നിഹിതരായ തിരുമേനിമാർ ഒരുമിച്ചുകൂടി. ബാവായെ എവിടെ കബറടക്കണമെന്ന സംഗതി സംബന്ധിച്ച് ആലോചിക്കുകയും, ശീമക്കാർ ഏകകണ്ഠമായി കോട്ടയം സിംഹാസനപ്പള്ളിയിൽ അടക്കണമെന്നും മലങ്കര മെത്രാപ്പോലീത്ത അവർകൾ കോട്ടയം സുറിയാനി സെമിനാരിയിൽ കബറടക്കണമെന്നും അത്താനാസിയോസ് മെത്രാപ്പോലീത്ത ആലുവായിൽ കബറടക്കണമെന്നും ദീയസ്കോറോസ് മെത്രാപ്പോലീത്ത അവർകൾ . . . മിഖായേൽ മെത്രാപ്പോലീത്ത അവർകൾക്ക് ഈ സംഗതിയിൽ ഒരു നിർബന്ധവുമില്ലെന്നും ഇലവിനാമണ്ണിൽകത്തനാർ, ടി. പള്ളിയിൽ അടക്കണമെന്നും അഭിപ്രായപ്പെടുകയും ഈ വാദപ്രതിവാദം തീരുമാനിക്കാൻ പ്രയാസമായിക്കാണുകയാൽ മലങ്കരമെത്രാപ്പോലീത്താ അവർകൾ പത്തനംതിട്ട അരമനയിലേക്കു മടങ്ങിപ്പോകുകയും ചെയ്തു. എന്നാൽ ശവസംസ്കാരം മഞ്ഞനിക്കരവച്ചുതന്നെ നടത്തണമെന്ന് അവസാനമായി തീർച്ചയാക്കി എന്ന് ഇപ്പോൾ അറിയുന്നു. ഇപ്പോൾ മണി പന്ത്രണ്ടരആയി. നാനാഭാഗങ്ങളിൽ നിന്നും അനേകായിരം ആളുകൾ വന്നു ചേർന്നിട്ടുണ്ട്.

**ഓമല്ലൂർ, ഫെബ്രുവരി 15, 1932 കുംഭം 2, ഞായർ**

പുലിമുഖത്തു ഗീവറുഗീസുകത്തനാരവർകൾ എഴുതുന്നത്:- ഓമല്ലൂർ, മാക്കാംകുന്ന്, ചന്ദനപ്പള്ളി മുതലായ പള്ളികളിലെ പന്ത്രണ്ടു പട്ടക്കാരും ശെമ്മാശ്ശന്മാരുംകൂടി ഇന്നലെ പത്തുമണിയോടുകൂടി സ്ഥലം മഞ്ഞിനിക്കരപ്പള്ളിയിൽ ചെന്നു പാത്രിയർക്കീസുബാവാ അവർകളെ കണ്ടു ആദ്യമായി ബാവായുടെ കൈമുത്തി അനുഗ്രഹം പ്രാപിച്ചതിന്റെ ശേഷം, ബാവാ ഞങ്ങൾ ഓരോരുത്തരുടെയും സൗഖ്യങ്ങൾ ചോദിച്ചു. അതിന്റെ ശേഷം പാലമൂട്ടിൽ ദിവ്യശ്രീ ഗീവറുഗീസ് കത്തനാരവർകൾ, ബാവാ സഭയിൽ സമാധാനം ഉണ്ടാകണമെന്നും കാതോലിക്കാബാവായെ സ്വീകരിക്കണമെന്നും പട്ടക്കാരുടെ പ്രതിനിധിയായി സംസാരിച്ചു. ബാവാ അതിനു മറുപടിയായി നിങ്ങൾ അങ്ങനെ ഒരു അപേക്ഷ എഴുതിതരണമെന്നും, ദീവന്നാസ്യോസ്, കാതോലിക്കായെ ബഹുമാനിക്കുന്നില്ലെന്നും മറ്റും കോപസ്വരത്തിൽ സംസാരിക്കുകയും ദീവന്നാസ്യോസ് നിങ്ങളെ അയച്ചതാണോ എന്നു ചോദിക്കുകയും ചെയ്തു. ഞങ്ങൾ ഇനി അൽപ്പം കഴിഞ്ഞു ബാവായെ വിവരം അറിയിക്കാമെന്നും പറഞ്ഞു പിരിഞ്ഞു. മാർ യൂലിയോസ്, മാർ ക്ളീമ്മീസ്,

മാർ മിഖായേൽ എന്നീ മെത്രാന്മമാരുമായി സംസാരിച്ച ശേഷം വീണ്ടും ചെന്നുകണ്ടു. ഞങ്ങൾ തുമ്പമൺ ഭദ്രാസനഇടവകയുടെ പത്തു പള്ളികളിലെ പട്ടക്കാരുടെ പ്രതിനിധികളാണന്നും ഞങ്ങളുടെ 5000 ജനങ്ങളുടെ സങ്കടം അറിയിക്കാൻ വന്നതാണെന്നു സമാധാനം ഉണ്ടായില്ലെങ്കിൽ റീത്തുകാർ നമ്മുടെ പട്ടക്കാരെയും ജനങ്ങളെയും ആ സഭയിൽ കൊണ്ടുപോകുമെന്നും ദിവ്യശ്രീ വടക്കേടത്തച്ചനും ഞാനും സങ്കടത്തോടുകൂടെ ബാവായെ അറിയിച്ചു. മറുപടിയായി റോമ്മാക്കാരുടെ സംഗതിയെപ്പറ്റി ഗൗരവമായും വലിയ സ്വരത്തിലും ബാവാ അരമണിക്കൂർ സംസാരിച്ചു. പതിനൊന്നരമണിയോടുകൂടെ പട്ടക്കാരെല്ലാവരും കൈമുത്തി പിരിഞ്ഞു പോകുകയും ചെയ്തു. എനിക്കു പനിയുടെ സുഖക്കേടായതുകൊണ്ടു ഞാൻ അടുത്ത ഒരു വീട്ടിൽ താമസിക്കുകയായിരുന്നു.

പന്ത്രണ്ടരമണിയോടുകൂടെ ബാവായ്ക്കു സുഖക്കേടാണ് ഡാക്ടറെ വിളിക്കാൻ പോകയാണ് എന്നുപറഞ്ഞ് ഒരാൾ ഓടിവരികയും അപ്പോൾ ഒരു കാർ വരികയും പറഞ്ഞ ഉടനെ പത്തനംതിട്ടയ്ക്കു പോകുകയും ചെയ്തു. ഉടനെ ഞാൻ ഓടി പള്ളിയിൽ എത്തി. അവിടെ കണ്ട കാഴ്ച എത്രയോ സങ്കടകരമായിരുന്നു. ബാവായവർകൾ നിശ്ചേഷ്ഠനായി കിടക്കുന്നു. കാലിലും കൈകളിലും പിടിച്ചുനോക്കിയപ്പോൾ യാതൊരു ചലനവും ഇല്ല. ആർക്കും ഒന്നും സംസാരിക്കാൻ പാടില്ല. റമ്പാന്മാർ മാറത്തടിച്ചു നിലവിളിക്കുന്നു. മാർ മിഖായേൽ നിലത്തു വീണുകിടക്കുന്നു. യൂലിയോസു മൗനമവലംബിച്ചിരിക്കുന്നു. ക്ലീമ്മീസ് കരയുന്നു. സക്കറിയാ നിലവിളിക്കുന്നു. ഇലവിനാമണ്ണിലച്ചൻ താഴെ വീണുകിടുക്കുന്നു. പാറക്കലച്ചൻ വാ പൊട്ടിക്കരയുന്നു. യാതൊരുത്തർക്കും യാതൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. ഞാൻ കൂടെകൂടെ ബാവായുടെ കൈകളും കാലുകളും പിടിച്ചു ചൂടു നോക്കിക്കൊണ്ടിരുന്നു. എനിക്കു യാതൊരു ആശയുമില്ലായിരുന്നു. പ്രാർത്ഥന നടത്തണമെന്നു പറഞ്ഞാറെ ഒരു മെത്രാച്ചനും ഒന്നും ചെല്ലുവാൻ വഹിയാ. പെട്ടെന്നു ഡാക്ടർ വന്നുകഴിഞ്ഞു കോഴഞ്ചേരി ഡാക്ടരേക്കൂടി വരുത്തണമെന്നു പറഞ്ഞതുകൊണ്ടു കോഴഞ്ചേരിക്കു കാർ പോയി സ്ഥലം ഡോക്ടർ വന്നു പരിശോധിച്ചു. ആശയ്ക്കു വഴിയില്ലെന്നു മുറിയിൽവച്ചു ഞങ്ങളോടു പറഞ്ഞു. എങ്കിലും മറ്റേ ഡോക്ടർകൂടി വന്നിട്ടു പ്രസ്താവിച്ചാൽ മതിയെന്നു പറഞ്ഞു. മറ്റേ ഡോക്ടരും

വന്നുകഴിഞ്ഞു കാലംചെയ്തുപോയി എന്ന് അദ്ദേഹം പ്രസ്താവിച്ചു. ദൈവമേ അപ്പോഴുണ്ടായ ജനങ്ങളുടെ നിലവിളി എന്തു പറയേണ്ടൂ. മരണലക്ഷണങ്ങൾ ഒന്നും രാവിലെ കാണപ്പെട്ടില്ല. ബാവാ ഉച്ചയ്ക്കു പ്രാർത്ഥനയും ഭക്ഷണവും കഴിഞ്ഞു പിന്നീടു വീണ്ടും പ്രാർത്ഥിച്ചു. അനന്തരം എന്തോ എഴുതുവാൻ പോയി കസാലയിൽ ഇരുന്നു. തലവേദന വരുന്നു എന്നു മാത്രം പറഞ്ഞു കട്ടിലിൽ വന്നിരുന്നു. അൽപ്പം ശബ്ദത്തോടു ചാഞ്ഞുചരിഞ്ഞു. ഇത്രയും മാത്രമേ ഉണ്ടായിട്ടുള്ളു. അതോടുകൂടെ എല്ലാം അവസാനിച്ചു.

**കബറടക്കം**

പാത്രിയർക്കീസ് ബാവാ അവർകളുടെ മൃതശരീരം ഞായറാഴ്ച അഞ്ചുമണിക്ക് ഓമല്ലൂര് ഇലവിനമണ്ണിലച്ചൻ പുതിയതായിവച്ച ചെറിയ പള്ളിയിൽ വെളിയിലായി യഥോചിതംകബറടക്കി. അനേകായിരം ജനങ്ങൾ കബറടക്കത്തിൽ സംബന്ധിച്ചിരുന്നു. ബാവ അവർകളെ ഒരു കസേരയിൽ ഇരുത്തിയാണ് കബറടക്കിയത്. കബർ മിക്കവാറും നിറയത്തക്കവണ്ണം കുന്തിരിക്കം ഇട്ടിരിന്നു.

## നി. വ. ദി. മ. ശ്രീ. പാത്രിയർക്കീസുബാവാ അവർകളുടെ കബറടക്കം

ഓമല്ലൂർ, കുംഭം. 3, ഫെബ്രുവരി 16, 1932

ഇന്നലെ രാവിലെ (ഫെബ്രുവരി 13) പാത്രിയർക്കിസു ബാവാ അവർകൾ മഞ്ഞിനിക്കരപ്പളിയിൽ വച്ചു വി. കുർബാനയിൽ സംബന്ധിക്കുകയും ഒരു പ്രസംഗം ചെയ്കയും പ്രസംഗാനന്തരം കകൈമുത്തു നടത്തുകയും ചെയ്തു ശേഷം അവിടുത്തെ താമസത്തിനായി തയാറാക്കിയിരുന്ന മുറിയിൽ എത്തി കാപ്പിമേശ കഴിഞ്ഞു സ്വൽപ്പസമയം ഡയറി എഴുതുന്നതിനായി ഉപയോഗിക്കുയും ചെയ്തു. അനന്തരം കൂടെയുണ്ടായിരുന്ന പ്രൈവറ്റു സെക്രട്ടറി മുതലായവരോടും സംഭാഷിച്ചുകൊണ്ടു മുറിയിൽ ഉലാത്തിക്കൊണ്ടിരുന്ന വേളയിൽ സ്വൽപ്പമൊരാലാസ്യത്തോടുകൂടി വയറ്റത്തു കൈപിടിച്ചുകൊണ്ട് മുന്നോട്ട് സ്വല്പമൊന്നു കുനിയുകയും അടുത്തുണ്ടായിരുന്നവർ ഓടിയെത്തി താങ്ങിപ്പിടിച്ചു കട്ടിലിൽ ഇരുത്തുകയും അതോടുകൂടിത്തന്നെ അദ്ദേഹത്തിന്റെ ആത്മാവു ജഡത്തിൽ നിന്നു വിട്ടുപിരിയുകയും എല്ലാം ഒരു ക്ഷണനേരത്തിൽ ഒന്നായിക്കഴിഞ്ഞു. ഉത്തരക്ഷണത്തിൽ പത്തനംതിട്ടയ്ക്കും കോഴഞ്ചേരിക്കും

ആൾ പോകയും രണ്ടുസ്ഥലത്തുനിന്നും ഡാക്ടറന്മാർ വന്നുചേരു കയും ചെയ്തു എങ്കിലും ഫലമൊന്നുമുണ്ടായില്ല.

ആൾവാസം വളരെ ചുരുക്കമായി മാത്രമുള്ള ഈ മഞ്ഞിനി ക്കരക്കുന്നിന്റെ മുകളിൽ ഉണ്ടായ ഈ സംഭവം മിന്നൽപിണർവേ ഗത്തിൽ കാട്ടുതീകണക്കെ കർണ്ണാകർണ്ണികയാ ദേശമെങ്ങും പടർന്നു നാനാഭാഗങ്ങളിൽനിന്നും ജാതിമതഭേദമോ സ്ത്രീപുരു ഷവ്യത്യാസമോ കൂടതെ ആബാലവൃദ്ധം ജനങ്ങൾ മഞ്ഞിനിക്കര ക്കുന്നിനെ ലക്ഷ്യമാക്കിഓടിഎത്തുന്നു. വരുന്നവർ വരുന്നവർ മാറ ത്തടിച്ചു നിലവിളിക്കുന്നു. അവിടെ അപ്പോൾ കാണായ കാഴ്ച ഏതു വജ്രഹൃദയത്തേയും ഇളക്കത്തക്കതുതന്നെ.

ജനപ്രവാഹം നിമിഷംപ്രതി വർദ്ധിച്ചു വർദ്ധിച്ചു വരുന്നു അപ്പോഴേക്കും സ്ഥലം പോലീസ് ഇൻസ്പെക്ടർ മി. പി. എം. മാമ്മൻ ബി. ഏ. യും അദ്ദേഹത്തിന്റെ കഴിലുള്ള പോലീസുസൈ ന്യവും അവിടെ എത്തി വേണ്ട ക്രമീകരണങ്ങളും ക്രമപരിപാലന ങ്ങളും നിർവഹിച്ചുതുടങ്ങി.

ഇതിനിടെ ബാവാ അവർകളുടെ ആലസ്യത്തെപ്പറ്റി എവിടേ ക്കെല്ലാമോ ചില കമ്പികൾ അടിച്ചിരുന്നു എന്നും. പിന്നീടു ബാവാ യുടെ ദേഹവിയോഗഗത്തെപ്പറ്റി തിരുവിതാംകൂർ-കൊച്ചി മഹാരാ ജാക്കന്മാർക്കും, ദിവാൻജിമാർക്കും, പൊളിറ്റിക്കൽ ഏജന്റിനും വേറെ പല സ്ഥലങ്ങളിലായി പലർക്കും കമ്പികൾ കൊടുക്കുയു ണ്ടായി എന്നും അറിയുന്നു.

ജനങ്ങൾ കൂട്ടുംകൂട്ടമായി വന്നു ചേരുന്നു. ഇതിനിടയിൽ മൃത ശരീരം കുളിപ്പിച്ച് മാർ ക്ളീമ്മീസ്, മാർ യൂലിയോസ്, മാർ മിഖാ യേൽ, മാക്കാംകുന്നുസിമ്മനാരിയിൽനിന്ന് അവിടെ എത്തിയിരുന്ന മാർ പിലക്ക്സിനോസ് എന്നീ മെത്രാന്മാരും മറ്റും കൂടി സ്ഥാന ത്തിന്നടുത്ത വസ്ത്രങ്ങൾ മുതലായവ ധരിപ്പിച്ചും വടി, സ്ളീബാ മുതലായവ കൈയിൽ പിടിപ്പിച്ചും, പള്ളിയുടെ മദാബാഹായിൽ ത്രോണോസിന്റെ മുമ്പിൽ പടിഞ്ഞാറോട്ടു മുഖമായി ഒരു കസേര യിൽ ഇരുത്തുകയുംചെയ്തു. ഈ ഇരിപ്പിൽ അദ്ദേഹത്തെ ദർശി ക്കുന്നവർക്ക് അവിടുത്തെ കണ്ണുകൾ അടഞ്ഞിരുന്നു എന്നല്ലാതെ, ജീവൻ വേർപെട്ട ഒരു ദേഹമാണ് അവിടെ സ്ഥിതിചെയ്യുന്നതെന്നു തിരച്ചറിയുന്നതിലേക്കുള്ള മറ്റു യാതൊരുലക്ഷണങ്ങളും കാൺമാ

നില്ലായിരുന്നു.

നേരം രാത്രിയായിട്ടും ജനപ്രവാഹം വർദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു. രാത്രി മുപ്പതു നാഴികയും സമീപെയും ദൂരെയുള്ള ഓരോ സ്ഥലങ്ങളിൽ നിന്നായി ആളുകൾ കാൽനടയായും കാറുകളിലായും മറ്റും തുടരെത്തുടരെ വന്നു ചേർന്നു. വന്നുചേരുന്ന ജനങ്ങൾ ബാവാ യുടെകൈ മുത്തിയശേഷം പ്രസ്തുത സ്ഥലത്ത് ഒന്നു വിശ്രമിക്കു ന്നതിനു വേണ്ട സൌകര്യം ലഭിക്കാതെ അടുത്ത പ്രഭാതത്തെപ്ര തീക്ഷിച്ചു. അനേകായിരങ്ങൾ രാത്രിയിലെ വിശ്രമത്തിനായി അടുത്ത ഓരോ സ്ഥലങ്ങളിലേക്കു പോയി. ഇങ്ങനെ ജനക്കൂട്ടം വന്നും പോയും രാത്രി ഒരുവിധത്തിൽ കഴിച്ചുകൂട്ടി എന്നു പറ ഞ്ഞാൽ കഴിഞ്ഞല്ലൊ.

വെളുപ്പിനു അഞ്ചുമണിയോടു കൂടി വി. കുർബാനയ്ക്കുള്ള പുറപ്പാടായി. പ്രഭാതത്തിന് സ്വല്പം മുമ്പായി മാർ അത്താനാ സ്യോസു മെത്രാപ്പോലീത്തായും ഏതാനും ആളുകളും വടക്കുനി ന്നുവന്നു ചേർന്നു. കുർബാനയ്ക്കു മുമ്പായി ബാവായുടെ ശരീരം മദ്ബഹായുടെ വാതുക്കൽ നിന്നും എടുത്തു. ഹൈക്കലായുടെ മദ്ധ്യഭാഗത്തു സ്വല്പം കിഴക്കോട്ടുമാറ്റി രണ്ടു മേശകൾ ചേർത്തിട്ട് അതിന്റെ മുകളിൽ കിഴക്കോട്ടു മുഖമായി മുമ്പിരുന്ന കസേരയോടു കൂടി എടുത്തു ഇരുത്തുകയും കുർബാനയ്ക്കുമുമ്പുള്ള പ്രാർത്ഥന ആരംഭിക്കുയും ചെയ്തു. പ്രസ്തുത പ്രാർത്ഥനയുടെ സമയത്തു മലങ്കരസഭാ ഭാസുരനും, വന്ദ്യവയോധികനുമായ മാർ ദീവന്നാ സ്യോസു മെത്രാപ്പോലീത്താ അവർകൾ പള്ളിയുടെ പടിഞ്ഞാറെ വാതിൽ വഴിയായി പള്ളിയിൽ പ്രവേശിക്കുകയും ബാവായുടെ കൈ മുത്തിയശേഷം വി. കുർബാനയിൽ സംബന്ധിക്കുകയും ചെയ്തു. മാർ ക്ളീമ്മീസു മെത്രാപ്പോലീത്തായാണ് കുർബാന അനു ഷ്ഠിച്ചത്. പള്ളിതീരെ ചെറുതാകയാൽ പള്ളിക്കകത്തു പട്ട ക്കാർക്കും പട്ടക്കാരല്ലാത്തവരായി വളരെ ചുരുക്കം ചിലർക്കു മല്ലാതെ പ്രവേശനം അനുവദിച്ചിരുന്നില്ല. കുർബാനയ്ക്കു ശേഷം മെത്രാപ്പോലീത്തന്മാരും മറ്റുപട്ടക്കാരും കൂടി മരണാനന്തര ശുശ്രൂ ഷകളിൽ ഏതാനും ഭാഗം കൂടി നിർവ്വഹിക്കുകയും മെത്രാപ്പോലീ ത്താന്മാർ പ്രത്യേകം പ്രത്യേകം ധൂപം വച്ചു പ്രാർത്ഥനകൾ നിർവ്വ ഹിക്കുകയും ചെയ്തു. കാലത്ത് ഏഴര മണിയോടുകൂടി പള്ളിയ കത്തെ ശുശ്രൂഷകൾ അവസാനിച്ചും ഈ സമയമായപ്പഴേക്കും പള്ളി

യുടെ മുറ്റങ്ങളും പരിസരങ്ങളും അനേകായിരങ്ങളെക്കൊണ്ടു നിറഞ്ഞുകവിഞ്ഞു. പൂഴി നുള്ളിയിട്ടാൽ താഴാത്തതുപോലെ ആയിത്തീർന്നു. തിരുവിതാംകൂറിന്റെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ നാനാ ഭാഗങ്ങളിൽ നിന്നും ആളുകൾ പിന്നെയും പിന്നെയും വന്നുകൊണ്ടിരുന്നു.

പിന്നീടു നടന്ന പ്രധാന സംഭവം, ബാവായുടെ മൃതശരീരം എവിടെയാണു സംസ്ക്കരിക്കേണ്ടതെന്നുള്ളതിനേപ്പറ്റിയുള്ള ആലോചനയായിരുന്നു. ഈ സംഗതിയേപ്പറ്റി അഭിപ്രായം പുറപ്പെടുവിക്കുന്നതിലേക്കു ശീമമെത്രാന്മാർ എന്നുള്ള നിലയിൽ വിശേഷവിധിയായ അവകാശമൊന്നും ശീമമെത്രാന്മാർക്കില്ലെന്നും, ഓരോരുത്തർ അവരവരുടെ സ്വാഭിലാഷസാദ്ധ്യത്തിനായി ഈ വിധത്തിൽ ഓരോ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതു വിഹിതമല്ലെന്നും, ഇതിനേപ്പറ്റി അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള അവകാശം മലങ്കരസഭയ്ക്കു പൊതുവിൽ ഉള്ളതാണെന്നും, ആ നിലയ്ക്കു മറ്റുള്ളവരേക്കാൾ കൂടുതലായി അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള അവകാശം തനിക്കുണ്ടെന്നും, അന്ത്യോഖ്യാസിംഹാസനത്തിന്റെ മഹിമയ്ക്കും, മലങ്കരസഭയുടെ സ്ഥിതിയ്ക്കും അന്തസ്സിനും അനുയോജ്യമായ വിധത്തിലും സഭയുടെ നന്മയ്ക്കും ദൈവതിരുനാമ മഹത്വത്തിനും ഇതു കാരണമായിത്തീരത്തക്കവിധത്തിലും എല്ലാവരും കൂടി ആലോചിച്ച് ഒരു തീർച്ചയുണ്ടാക്കി നമ്മുടെ സഭയുടെ പ്രധാന ആസ്ഥാനമായ പഴയസിമ്മനാരയിൽ കബറടക്കുയാണു വേണ്ടതെന്നാണു തന്റെ അഭിപ്രായമെന്നും, തന്നെ ക്ഷണിക്കപോലും ചെയ്യാതെ താൻ സന്നിഹിതനായിട്ടുള്ളതാണെന്നും (ഇവിടെ നിന്നും കമ്പികൾ അടിച്ചകൂട്ടത്തിൽ ഇദ്ദേഹത്തിനു കമ്പി അടിച്ചിട്ടില്ലായിരുന്നു എന്നും, മാർ പീലക്സിനോസ എപ്പിസ്ക്കോപ്പാ അവർകളുടെ കമ്പികിട്ടി വിവരമറിഞ്ഞാണ് ഇദ്ദേഹം വന്നു ചേർന്നതെന്നുമാണറിയുന്നത്) അതിനാൽ തന്റെ അഭിപ്രായത്തെ വകവയ്ക്കാൻ മനസ്സുണ്ടെങ്കിൽ വകവച്ചാൽ മതിയെന്നും തന്റെ അഭിപ്രായം പ്രസ്താവിച്ചു എന്നേയുള്ളുവെന്നും മെത്രാപ്പോലീത്താ അവർകൾ പ്രസ്താവിച്ചു. കൂടാതെ ഇതിനുമുമ്പു നമുക്കു ലഭിച്ച പല അവസരങ്ങളെ നാം നഷ്ടമാക്കി എന്നും ഒടുവിൽ ഇപ്പോൾ ലഭിച്ചിട്ടുള്ള ഒരവസരമാണിതെന്നും ഈ അവസരത്തിൽ എങ്കിലും വേണ്ട വിധത്തിൽ വേണ്ടപ്പെട്ടവരെല്ലാവരുമായി

ആലോചിച്ചു സംഗതികൾ നിർവഹിക്കുന്നതു നന്നായിരിക്കുമെന്നു തനിക്ക് അഭിപ്രായമുണ്ടെന്നുംകൂടി അദ്ദേഹം, പ്രസ്താവിക്കുകയുണ്ടായി. വീണ്ടും ഇതിനേപ്പറ്റിയുള്ള ആലോചനകൾ കുറേ നേരത്തേക്കു തുടർന്നുകൊണ്ടിരുന്നു.

ഇതിനുശേഷം മാർ ദിവന്നാസ്യോസുമെത്രാപ്പോലീത്താ വിശ്രമത്തിനായി അടുത്തുണ്ടായിരുന്ന കെട്ടിടത്തിലേക്കു പോകയും അവിടെ നിന്നും മാക്കാംകുന്നു സിമ്മനാരിയിലേക്കു പോകയും ചെയ്തു. പിന്നീട് ആലോചനകൾ പൂർത്തിയാക്കിയശേഷം ബാവായുടെ ശരീരമെടുത്തു പള്ളിയുടെ പടിഞ്ഞാറേ മുറ്റത്തുള്ള പന്തലിൽ ഇരുത്തുകയും കൈമുത്തു തുടർന്നു കൊണ്ടിരിക്കുകയും ചെയ്തു. നാലു മണിയോടുകൂടി കബറടക്കത്തിനുള്ള ചടങ്ങുകൾ ആരംഭിക്കുയും അവിടെ ഉണ്ടായിരുന്ന മെത്രാന്മാർ, പട്ടക്കാർ മുതലായവരുടെ സാന്നിദ്ധ്യത്തിൽ മൃതശരീരം കസേരമേൽ പട്ടക്കാരാദിയാവരാൽ വഹിക്കപ്പെട്ട് പോലീസുകാരുടെ ക്രമപരിപാലനത്തോടും ജനസമൂഹത്തിന്റെ സാന്നിദ്ധ്യത്തോടുംകൂടി പള്ളിക്കു പ്രദക്ഷിണം ചെയ്തു പള്ളിയോടും മറ്റും "യാത്രചോദിക്ക" മുതലായ ചടങ്ങുകൾ നിർവഹിക്കപ്പെട്ടു പള്ളിയുടെ മദ്ബഹായിക്കു വടക്കുവശം സ്വൽപ്പം വടക്കോട്ടു മാറി പ്രത്യേകം തയ്യാറാക്കപ്പെട്ട കല്ലറയിൽവച്ചു ബാക്കി ശുശ്രൂഷകൾ പൂർത്തിയാക്കി കബറടക്കുകർമ്മം യഥാവിധി നിർവഹിക്കപ്പെട്ടിരിക്കുന്നു.

ഗവർമെന്റുത്തരവിനുസരിച്ച് ഏകദേശം നാലുമണിയോടുകൂടി കൊല്ലം ദിവാൻപേഷ്ക്കാർ റ്റി. പി. രാമസുബ്ബയ്യരവർകൾ, പോലീസ് കമ്മീഷണർ ചാർജ്ജുവഹിക്കുന്ന മി. ബി. നാണുപിള്ള, ചെങ്ങന്നൂർ എ. എസ്. പി. മി. മേനോൻ, പത്തനംതിട്ട പോലീസ് ഇൻസ്പെക്ടർ മി. മാമ്മൻ, മജിസ്ട്രേട്ടു മി. കോലപ്പാപിള്ള മുതലായവർ ഈ അവസരത്തിൽ സന്നിഹിതരായി ആവശ്യം വേണ്ട സംഗതികൾ ചെയ്തിരുന്നു. ജനക്കൂട്ടം ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു കബർ അടച്ചുകഴിഞ്ഞിട്ടില്ല. എല്ലാവരും പ്രത്യേകിച്ചു ശീമമെത്രാന്മാരും ദുഃഖനിമഗ്നരായിരിക്കുന്നു. മാർ യൂലിയോസ അദ്യന്തം ചിന്താമഗ്നനും പരാങ്മുഖനുമായി കഴിച്ചുകൂട്ടുന്നു.

**1932 (?) കബർ പണിതു**

കബറിനു ചുറ്റുമായി 2 അടി പൊക്കത്തിലും 13 അടി വീതിയിലും 23 അടി നീളത്തിലും ഒരു കൽത്തറയുണ്ടു. കബറിന്നു തറ



1932-ൽ നിർമ്മിച്ച വിശുദ്ധ കബറിടം

നിരപ്പിൽ എട്ടടി നീളവും എട്ടടി വീതിയും അവിടെ നിന്നു മൂന്നു പടകളും ഉണ്ടു. മുകളിലത്തെ പടിയിൽ നിന്നു നാലടി സമചതുര ത്തിലും മൂന്നടി പൊക്കത്തിലുമുള്ള പീഠത്തിന്മേൽ കാൺക്രീറ്റുപ ണിയായി സ്ലീബായോടുകൂടിയ ഒരു എടുപ്പുമായാട്ടാണു താല്കാ ലികമായി ഈ കബർ പണിതിട്ടുള്ളതു.

**1932 മാർച്ച് 10 (കുംഭം 26) വ്യാഴം - 30-ാം അടിയന്തരം**

വിശുദ്ധ പിതാവിന്റെ മുപ്പതാംദിവസമടിയന്തിരം ഓമല്ലൂർ വച്ചു കുഭം 26-നു വ്യാഴാഴ്ച തിരുമനസ്സിലെ സ്ഥാനമാഹാത്മ്യത്തിനു ഒത്തവണ്ണം വന്ദ്യതിരുമേനികളുടെ സാന്നിദ്ധ്യത്തിൽ അതികേമമായി നടത്തപ്പെട്ടു. മലങ്കരെയുള്ള അനവധി പള്ളികളിൽ നിന്നുമായി അനേകാരയിരം ജനങ്ങൾ ഈ അടിയന്തിരത്തിൽ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു.

1932 മാർച്ച് 14-ാം തീയതി വലിയ നോമ്പാരംഭം ആയിരുന്ന തിനാൽ 30-ാം ദിവസത്തെ വിശുദ്ധ കുർബ്ബാന മാർച്ച് 10-ാം തീയതി (27-ാം ദിവസം നടത്തി.) *വി. മൂന്നിന്മേൽ കുർബ്ബാനയായിരുന്നു. പ്രധാന ത്രോണോസിൽ മോർ അത്താനാസിയോസ്, വടക്കെ ത്രോണോസിൽ മോർ യൂലിയോസ് ബാവ, തെക്കെ ത്രോണോ സിൽ മോർ ദീയസ്ക്കോറോസ് എന്നീ തിരുമേനിമാർ ആയിരുന്നു. വി. കുർബ്ബാന കബറിന്റെ പടിഞ്ഞാറുഭാഗത്തായിരുന്നു. കുർബ്ബാന മദ്ധ്യേ ധൂപം വെച്ചപ്പോൾ ഏവരും കരഞ്ഞുപോയി. കുർബ്ബാന കഴിഞ്ഞ് മോർ മീഖായേൽ തിരുമേനി പ്രസംഗം പറഞ്ഞു അന ന്തരം സദ്യ ആരംഭിച്ചു സദ്യ വൈകാറാവുന്നതുവരെ തുടർന്നു.

വിശുദ്ധ പിതാവിനെ സാഘോഷം എതിരേറ്റുകൊണ്ടുപോ കുന്നതിന്നായി തിരുമനസ്സിലെ അനുമതി വാങ്ങിക്കൊണ്ടു അടൂർ കണ്ണങ്കോട്ടുപള്ളി, കുന്നംകുളം സിംഹാസനപള്ളി, വടക്കൻ പറ വൂർപള്ളി, മുതലായ അനേകം ഇടവകക്കാർ തിരുമനസ്സിലെ താമ സത്തിന്നായി പുതിയ കെട്ടിടങ്ങൾ പണിതും (കുന്നംകുളം സിംഹാ സനപ്പള്ളിയുടെ വടക്കുവശത്തെ ഇരുനിലകെട്ടിടം പരിശുദ്ധ ബാവാ യുടെ ആഗമനത്തെപ്രതി നിർമ്മിച്ചിട്ടുള്ളതാണ്) മറ്റും വേണ്ടത്തക്ക ഒരുക്കങ്ങൾ ചെയ്തുവരികയായിരുന്നു. തിരുമനസ്സിലെ സ്വർഗ്ഗാ രോഹണവാർത്ത പ്രസ്തുത പള്ളിക്കാർക്കെല്ലാം മർമ്മദേദകമാ

---

* ഓമല്ലൂർ, പുളിമൂട്ടിൽ (ഡീക്കൻ) ചെറിയാൻ സാറിന്റെ ഡയറിക്കുറിപ്പിൽനിന്ന്

യിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ആ പള്ളിക്കാരിൽ ചിലരെല്ലാം പലതവണ നിർബന്ധിച്ചതനുസരിച്ച് അവരെ ആശ്വസിപ്പിച്ചു ആശീർവ്വദിക്കുന്നതിന്നും മറ്റുമായി നി. വ. ദി. ശ്രീമാന്മാരായ മാർ ക്ലീമ്മീസ്, മാർ യൂലിയോസ് എന്നീ തിരുമേനിമാരും വന്ദ്യ റമ്പാന്മാരും കണ്ണങ്കോട്ടുപള്ളി, കുന്നംകുളം സിംഹാസനപള്ളി, മുതലായവ സന്ദർശിച്ചു. അനന്തരം പാണമ്പടി പള്ളിയിൽവച്ചു നടത്തിയ വിശുദ്ധ പിതാവിന്റെ നാൽപതടിയന്തരത്തിൽ സംബന്ധിക്കുകയും മലയിൽകുരിശു സിംഹാസന ദയറായിൽ ഏതാനും ദിവസങ്ങൾ വിശ്രമിക്കുകയും ചെയ്തു.

**1932 മാർച്ച് 11 (വെള്ളിയാഴ്ച)**

ശീമക്കാരെല്ലാം പള്ളിയിൽനിന്ന് യാത്രപറഞ്ഞ് വലിയ നിലവിളിയോടെ തിരിച്ചുപോയി.

**1932 മീനം 26**

നി. വ. ദി. ശ്രീ മാർ ക്ലീമ്മീസ് മെത്രാപ്പോലീത്തായും വന്ദ്യ ദിവ്യശ്രീ. കുറിയാക്കോസ് റമ്പാനും മിസ്റ്റർ സഖറിയാ ഷാഖിറും മീനം 26-ാം തീയതി വെള്ളിയാഴ്ച ആലുവായിൽനിന്ന് ശീമയിലേക്ക് തിരിച്ചുപോയി. നി. വ. ദി. ശ്രീമാന്മാരായ മോർ യൂലിയോസ്, മോർ മിഖായേൽ ദിവന്നാസ്യോസ് എന്നീ തിരുമേനികളും വന്ദ്യ ദിവ്യ ശ്രീ. യേശു റമ്പാച്ചനും അനവധി പട്ടക്കാരും സമുദായ പ്രമാണികളും ഇവർക്കു അനുയാത്രയായി ഷൊർണ്ണൂർ വരെ പോയിരുന്നു. യേശു റമ്പാൻ അവർകൾ തിരിച്ചുവന്ന് കബറിടത്തിലെ ശുശ്രൂഷകൾക്കായി മഞ്ഞിനിക്കരയിൽ താമസമാക്കി.

**1954 നവംബർ 1 (1130 തുലാം 16) കബർ തുറന്നു, പുതുക്കിപണിതു**

**1987 ഒക്ടോബർ 20 വിശുദ്ധനായി പ്രഖ്യാപിച്ചു**

പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായുടെ E 265/87-ാം നമ്പർ കല്പനപ്രകാരം വിശുദ്ധനായി പ്രഖ്യാപിച്ചു.



**1954–ൽ പുതുക്കിപ്പണിത വിശുദ്ധ കബറിടം**
*Source: Shri. K. V. Mani, Kunnamkulam*

അനുബന്ധം – 1

# പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ

## (1867-1932)



വന്ദ്യ ഏബ്രഹാം കോറെപ്പിസ്കോപ്പ

പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവ 1867 ഒക്ടോബർ 13-ാം തീയതി മർദ്ദീനിൽ (ടർക്കി) ജനിച്ചു. ഷാക്കീർ കുടുംബത്തിൽ വന്ദ്യ ഏബ്രഹാം കോറെപ്പിസ്കോപ്പായുടേയും മറിയാമിന്റെയും രണ്ടാമത്തെ മകനായി ജനിച്ച ബാവ, നാസിറി (ജയാളി) എന്ന പേരിലാണ് ആദ്യം അറിയപ്പെട്ടത് (John, 1982). പരിശുദ്ധ ബാവായ്ക്ക് നാല് സഹോദരന്മാരും (ജോർജ്ജ്, ജോസഫ്, അപ്രേം, ഷാമൂൺ) മൂന്ന് സഹോദരികളും (ഫെറീഡാ, ഹെലനി, മാലാഖി) ഉണ്ടായിരുന്നു. മാതാവിന്റെ മരണശേഷം മൂത്ത സഹോദരി ഹെലീനയാണ് ബാവായെ വളർത്തിയത്. ജ്യേഷ്ഠസഹോദരനായ ജോസഫിന്റെ മകൻ സഖറിയ, ബാവായുടെ സെക്രട്ടറി എന്ന നിലയിൽ ബാവായോടൊപ്പം മലങ്കരയിൽ വന്നിരുന്നു. ഇളയ സഹോദരനായ അഫ്രേം, മൂസലിലെ ഒരു മെഡിക്കൽ ഡോക്ടറായിരുന്നു.

പ. ബാവായുടെ പ്രാഥമിക വിദ്യാഭ്യാസം മർദ്ദീനിൽ തന്നെയായിരുന്നു. ബാലനായ നാസിറി കുർക്കുമ (ടർക്കി) ദയറായിലെ ഒരു സ്ഥിരം സന്ദർശകനായിരുന്നു. ബാലനായിരുന്നപ്പോൾ കുറച്ചുനാൾ മരപ്പണി അഭ്യസിച്ചു. ഇടക്കാലത്ത് ഒരു സർക്കാർ ആഫീസിൽ ജോലി നോക്കിയെങ്കിലും മൂന്നു മാസത്തിനുശേഷം ജോലി രാജിവച്ചു. പരിശുദ്ധ പത്രോസ് തൃതീയൻ ബാവ നാസിറിയെക്കുറിച്ചറിഞ്ഞപ്പോൾ, നാല്പത് സഹദേന്മാരുടെ നാമത്തിലുള്ള സ്കൂളിൽ ചേർന്ന് ദൈവശാസ്ത്രവിഷയങ്ങൾ പഠിക്കുന്നതിന് നിർദ്ദേശിച്ചു. ഏറ്റവും സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു നാസിറി.



പ. പത്രോസ് തൃതീയൻ ബാവ

1887 ൽ (20 വയസ്സുള്ളപ്പോൾ) പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. പിന്നീട് ഏലിയാസ് എന്ന പേരിൽ അറിയപ്പെട്ടു. 1888/89 ൽ ഏലിയാസ് ശെമ്മാശനെ ശർവോയൊ റമ്പാനാക്കി. തുടർന്ന് അന്ത്യോഖ്യാ സിംഹാസന ആസ്ഥാനമായ കുർക്കുമ ദയറായിൽ താമസിച്ച് പഠനം പൂർത്തിയാക്കി. 1892-ൽ പരിശുദ്ധ പത്രോസ് തൃതീയൻ ബാവായിൽ നിന്ന് കശീശ്ശാ പട്ടം സ്വീകരിച്ചു. പരിശുദ്ധ ബാവായുടെ സ്വകാര്യകാര്യദർശിയെന്ന നിലയിൽ ചുമതലകൾ നിറവേറ്റിയ ഏലിയാസ് കശീശ്ശ മർദ്ദീനിന് അടുത്തുള്ള ആമീദ് (ഡയർബക്കർ) മഹാഇടവകയുടെ ചുമതലകൾ കുറച്ചുനാൾ നിർവ്വഹിച്ചു. പരിശുദ്ധ പത്രോസ് തൃതീയൻ ബാവ (മുളന്തുരുത്തി സുന്നഹദോസ് 1876-ൽ വിളിച്ചു ചേർത്ത ബാവ) 1894-ൽ കാലം ചെയ്തപ്പോൾ ആമീദിലെ ചുമതലകൾ വിട്ട് ഏലിയാസ് കശീശ്ശ കുർക്കുമ ദയറായിലേക്കു തിരിച്ചു വന്നു.

1895-ൽ പരിശുദ്ധ അബ്ദുൾ മശിഹാ പാത്രിയർക്കീസ് ബാവ, ഷെരിയായിലേയും 1899-ൽ തുറബ്ദീനിലുള്ള (ടർക്കി) മിദിയാത്തിലെയും ഭദ്രാസന ഇടവകകളിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏലിയാസ് കശീശ്ശായെ നിയോഗിച്ചു. അന്നത്തെ തുർക്കി ഗവൺമെന്റ് അർമ്മേനിയൻ ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്നപ്പോൾ, ഏഴായിരത്തിലധികം അർമ്മേനിയൻ ക്രിസ്ത്യാനികൾക്ക് വി. കുര്യാക്കോസിന്റെ ദയറായിൽ അഭയം നൽകിയത് ഏലിയാസ് കശ്ശീശായായിരുന്നു. അർമ്മേനിയൻ ക്രിസ്ത്യാനികൾക്കു ചെയ്തുകൊടുത്ത സഹായങ്ങൾ ഏറെ പ്രശംസിക്കപ്പെട്ടു. പിന്നീട് കുറിയാക്കോസ് ദയറായുടേയും കുർക്കുമ ദയറായുടെയും തലവനായി അദ്ദേഹം നിയമിതനായി. ആ കാലഘട്ടത്തിൽ സ്ഥലങ്ങൾ വാങ്ങുകയും സ്കൂളുകൾ, പള്ളികൾ, ആശുപത്രികൾ എന്നിവ പണിയിക്കുകയും ചെയ്തു. ഏലിയാസ് കശ്ശീശായുടെ പ്രവർത്തനങ്ങൾ മൂലം ടർക്കിയിൽ അദ്ദേഹം പ്രസിദ്ധനാകുകയും ചെയ്തു.


പ. അബ്ദേദ് ആലോഹോ II ബാവ

41 വയസ്സുള്ളപ്പോൾ (1908ൽ) പരിശുദ്ധ അബ്ദേദ് ആലോഹോ രണ്ടാമൻ പാത്രിയർക്കീസ് ബാവ മർദ്ദീനിൽ വച്ച് ഏലിയാസ് കശ്ശീശായെ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. മോർ ഈവാനിയോസ് ഏലിയാസ് ബാവ ഡയർബക്കർ ഭദ്രാസനത്തിന്റെ ചുമതലകൾ (1908-1911) നിർവ്വഹിച്ചു. (ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവ, ഈവാനിയോസ് മെത്രാപ്പോലിത്തായോടൊപ്പമാണ് പട്ടമേറ്റത്). 1911 ൽ തിരുമേനിയുടെ പിതാവ് വന്ദ്യ എബ്രഹാം കോറെപ്പിസ്കോപ്പ നിര്യാതനായി. 1912-ൽ മൂസലിന്റെ (Musal, Iraq) മെത്രാപ്പോലീത്തയായി നിയമിതനായി. മൂസലിലെ അരമനയിൽ ഒരു മുറി പണിയുന്നതിന്റെ പുരോഗതി പരിശോധിച്ചുകൊണ്ടിരിക്കെ മേൽത്തട്ടിലെ നില ഒടിഞ്ഞ് തിരുമേനിയുടെ ദേഹത്തു വീഴുകയും ഒരു കാലൊടിയുകയും ചെയ്തു. ഇതേത്തുടർന്ന് മൂന്നുമാസം കിടപ്പിലായി. ഈ ഒടിവ് ഭേദപ്പെട്ടപ്പോൾ കാലിന് അല്പം നീളക്കുറവുണ്ടായതിനാൽ നടക്കുമ്പോൾ അല്പം മുടന്ത് തോന്നിക്കുമായിരുന്നു.



പ. ഒസ്താത്തിയോസ് സ്ലീബാ ബാവ

1915 നവംബർ 26-ാം തീയതി അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ് ബാവ കാലം ചെയ്തതിനെ തുടർന്ന് മോർ ഈവാനിയോസ് ഏലിയാസ് മെത്രാപ്പോലീത്താ കൈമുഖാമായി (താല്ക്കാലിക ഭരണകർത്താവായി) തിരഞ്ഞെടുക്കപ്പെട്ടു. ഒരു വർഷത്തോളം കൈമുഖാം എന്ന ചുമതല നിർവ്വഹിച്ചു. 1917 കുംഭം 12-ാം തീയതി പാത്രിയർക്കീസായി തിരഞ്ഞെടുക്കപ്പെട്ടു. തുർക്കി സുൽത്താനായ മുഹമ്മദ് റഷീദ്, പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായ്ക്ക് ഫർമാൻ (അധികാരപത്രം) കൊടുത്തു. 1919-ൽ പരിശുദ്ധ ബാവ ടർക്കിയുടെ അന്നത്തെ തലസ്ഥാനമായ





വി. മർക്കോസിന്റെ മാളിക

കോൺസ്റ്റാന്റിനോപ്പിൾ സന്ദർശിക്കുകയും ടർക്കി സുൽത്താൻ, പരിശുദ്ധ ബാവായ്ക്ക്, ഉസ്മാനിയ മെഡൽ സമ്മാനിക്കുകയും ചെയ്തു. 1922–ൽ യെരുശലേമിൽ വി. മർക്കോസിന്റെ മാളികയിൽ എഴുന്നെള്ളി ഏതാനും മാസങ്ങൾ താമസിച്ചു. ഈ കാലഘട്ടത്തിലാണ് ടർക്കിയിൽ ആഭ്യന്തര കലാപം ഉണ്ടായത്. തുടർന്ന് രാജഭരണം മാറി ജനാധിപത്യഭരണക്രമമനുസരിച്ച് ഗാസി മുസ്തഫാ കെമാൽ പാഷ അധികാരത്തിലെത്തി.



മോർ യൂലിയോസ് ഏലിയാസ് ബാവ

പരിശുദ്ധ ബാവാ യെരുശലേമിൽ ഒരു മുദ്രാലയം സ്ഥാപിക്കുകയും അവിടെ നിന്ന് അറബിയിലും സുറിയാനിയിലും മാസികകളും, ആഴ്ചപ്പതിപ്പുകളും പ്രസിദ്ധീകരിക്കുന്നതിന് ആരംഭമിടുകയും ചെയ്തു. 1923–ൽ മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്തായെ (അന്ത്യോഖ്യാ സിംഹാസന പ്രതിനിധി) വാഴിച്ചു. 1927–ൽ (നവംമ്പർ 11) മലങ്കരസഭയ്ക്കുവേണ്ടി പരിശുദ്ധ ബാവാ വാഴിച്ച മെത്രാപ്പോലീത്തന്മാരാണ് ക്നാനായ സമുദായത്തിന്റെ മോർ ദീയസ്കോറോസ് തോമസ്, മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹമെന്നറിയപ്പെട്ട പുണ്യശ്ലോകനായ മീഖായേൽ മോർ ദീവന്നാസിയോസ്, കണ്ടനാട് ഭദ്രാസനത്തിന്റെ ഔഗേൻ മോർ തിമോത്തിയോസ് എന്നിവർ.



മോർ ദീവന്നാസിയോസ് മീഖായേൽ തിരുമേനി

മലങ്കരസഭയിലെ കക്ഷിവഴക്കിനു പരിഹാരം കാണുന്നതിനായി പരിശുദ്ധ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നെള്ളുകയോ ഒരു പ്രതിനിധിയെ

അയയ്ക്കുകയോ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് അന്നത്തെ ഇൻഡ്യൻ വൈസ്രോയി ഇർവ്വിൻ പ്രഭു 1930 ഡിസംബർ 1-ന് പരിശുദ്ധ ബാവായ്ക്ക് ഒരു ക്ഷണക്കത്തയച്ചു. പരിശുദ്ധ ബാവ ചില ഉപാധികളോടെ ക്ഷണക്കത്തു സ്വീകരിച്ചുകൊണ്ട് ഡിസംബർ 15-ന് മറുപടി അയച്ചു.

ഹൃദ്രോഗബാധിതനായിരുന്ന പരിശുദ്ധ ബാവാ ഇൻഡ്യയിലേക്ക് യാത്ര ചെയ്യുന്നത് അഭിലഷണീയമല്ലെന്ന് ഡോക്ടർമാർ ഉപദേശിച്ചു. 75 വയസ്സുണ്ടായിരുന്ന മൂത്ത സഹോദരി ഹെലനിയും പരിശുദ്ധ ബാവ യാത്ര ചെയ്യരുതെന്ന് കണ്ണീരോടെ അപേക്ഷിച്ചു. പരിശുദ്ധ ബാവായുടെ മറുപടി ശ്രദ്ധേയമായിരുന്നു. “നാം ഇവിടെ തന്നെ താമസിച്ചാലും ഒരു ദിവസം മരിക്കും. നാം ഇൻഡ്യയിലായിരിക്കുമ്പോൾ മരിച്ചെന്നു വരാം. നാം മലങ്കരയിലെ നമ്മുടെ മക്കൾക്കുവേണ്ടി നമ്മുടെ ജീവനെ ബലികഴിക്കുന്നു”.



പരിശുദ്ധ ബാവ (മദ്ധ്യത്തിൽ) സമീപം മോർ ക്ലീമിസ് യൂഹാനോൻ അബ്ബാച്ചി മെത്രാപ്പോലീത്ത (വലത്ത്)
മോർ അത്താനാസ്യോസ് വലിയ തിരുമേനി, മോർ യൂലിയോസ് ഏലിയാസ് ബാവ (ഇടത്ത്)

പരിശുദ്ധ ബാവ 1931 ഫെബ്രുവരി 6-ാം തീയതി മൂസലിൽ നിന്ന് യാത്ര തിരിച്ചു. യാത്രയിൽ വിശുദ്ധ മത്തായി ദയറായിലെ മോർ ക്ലീമിസ് യൂഹാനോൻ അബ്ബാച്ചി മെത്രാപ്പോലീത്ത, വന്ദ്യ കുറിയാക്കോസ് റമ്പാച്ചൻ (പിന്നീട് മോർ ഒസ്താത്തിയോസ് കുറി

യാക്കോസ്), യരുശലേമിലെ മർക്കോസിന്റെ ദയറായിലെ തുറ്ബ്ദീൻകാരനായ വന്ദ്യ യേശു ശമുവേൽ റമ്പാച്ചൻ (പിന്നീട് അമേരിക്കയിലെ ആർച്ച് ബിഷപ്പ് മോർ അത്താനാസിയോസ് യേശു ശമുവേൽ), സെക്രട്ടറി മൂത്ത സഹോദരൻ ജോസഫിന്റെ മകനായ സഖറിയ ഷാക്കീർ, പരിഭാഷകനായ ഏലിയാസ് ഖദൂരി വക്കീൽ, അംഗരക്ഷകനായ സായിത്ത് എന്നിവർ ബാവായെ അനുഗമിച്ചു. (മിസ്റ്റർ ഖദൂരിയും, മിസ്റ്റർ സായിത്തും പ. ബാവ മലങ്കരയിൽ വന്ന് ഏതാനും ദിവസങ്ങൾക്കുശേഷം മടങ്ങിപ്പോയി)

പരിശുദ്ധ ബാവായും സംഘവും 1931 ഫെബ്രുവരി 28 ന് ബസ്രാ തുറമുഖത്തു നിന്ന് 'വാർസോവാ' എന്ന കപ്പലിൽ ഇൻഡ്യയിലേക്ക് യാത്ര തിരിച്ചു. 1931 മാർച്ച് 5 ന് (കുംഭം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 8 മണിക്ക്) കറാച്ചിയിൽ കപ്പലിറങ്ങി. ബാവായെ സ്വീകരിക്കുന്നതിന് അന്നത്തെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ, ആലുവായിലെ മോർ അത്താനാസിയോസ് വലിയ തിരുമേനി എന്നിവരും, കശീശന്മാരും, ശെമ്മാശന്മാരും, വിശ്വാസികളും എത്തിയിരുന്നു.


മോർ അത്താനാസിയോസ് പൗലോസ് വലിയ തിരുമേനി

പരിശുദ്ധ ബാവാ 1931 മാർച്ച് 6 -ാം തീയതി കറാച്ചിയിൽ നിന്ന് ട്രെയിൻ മാർഗ്ഗം യാത്ര ചെയ്ത് 8-ാം തീയതി ഡൽഹിയിലെത്തി വൈസ്രോയിയെ സന്ദർശിച്ചു. 12-ാം തീയതി മദ്രാസിലെത്തി ഗവർണർ, സർ ജോർജ്ജ് സ്റ്റാൻലിയെ സന്ദർശിച്ച്, മാർച്ച് 21-ാം തീയതി ശനിയാഴ്ച ആലുവായിലെത്തി. ഈ അവസരത്തിൽ പ. ബാവായെ സ്വീകരിക്കുന്നതിന് അഭിവന്ദ്യരായ മിഖായേൽ മോർ ദീവന്നാസിയോസ്, തോമാ മോർ ദിയോസ്കോറസ് എന്നീ തിരുമേനിമാരും എത്തിയിരുന്നു. 1931 മാർച്ച് 22-ാം തീയതി ഞായറാഴ്ച ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ പരിശുദ്ധ ബാവാ വി. ബലിയർപ്പിച്ചു. 23-ാം തീയതി തിങ്കളാഴ്ച വട്ടശ്ശേരിയിൽ ദീവന്നാസിയോസ് ഗീവറുഗീസ് പ. ബാവായെ സ്വമനസ്സാ വന്നു കണ്ടു.

മലങ്കരയിലെ നിരവധി പള്ളികൾ സന്ദർശിച്ച ബാവ 1931–ലെ കഷ്ടാനുഭവ ശുശ്രൂഷകൾ കരിങ്ങാച്ചിറ പള്ളിയിൽ നിർവ്വഹിച്ചു. കരിങ്ങാച്ചിറ താമസിച്ചുകൊണ്ടിരുന്നപ്പോൾ രോഗശയ്യയിലായിരുന്ന കൊച്ചി മഹാരാജാവിനെ തൃപ്പൂണിത്തുറ കൊട്ടാരത്തിൽ ചെന്ന് സന്ദർശിച്ചു. 1931 ജൂലൈ 5–ാം തീയതി കുറുപ്പംപടി പള്ളിയിൽ പള്ളി പ്രതിപുരുഷയോഗം ചേർന്നു. പാണമ്പടി പള്ളി ഒന്നില ധികം തവണ സന്ദർശിക്കുകയും രണ്ടു മാസത്തിലധികം അവിടെ താമസിക്കുകയും ചെയ്തു. 1932–ലെ ദനഹാ ശുശ്രൂഷകൾ പാക്കിൽ സെന്റ് തോമസ് പള്ളിയിലാണ് നിർവ്വഹിച്ചത്. യാത്രയിലുടനീളം ദിവ്യശ്രീ വായിത്ര പുന്നൂസ് കത്തനാർ ബവായുടെ ദ്വിഭാഷിയായി രുന്നു. തിരുവനന്തപുരത്ത് സേതുലക്ഷ്മിഭായി തമ്പുരാട്ടിയെ സന്ദർശിക്കുന്നതു സംബന്ധിച്ചുള്ള കത്തിനു തമ്പുരാട്ടി അയച്ച മറുപടി അടുത്ത പേജിൽ ചേർക്കുന്നു.

1932 ഫെബ്രുവരി 11–ാം തീയതി മഞ്ഞിനിക്കര മാർ സ്തേഫാ നോസ് പള്ളിയിലെ ക്ഷണപ്രകാരം അവിടെ എത്തി. സമാധാനശ്രമ ങ്ങൾ ഫലപ്രാപ്തിയിലെത്താത്തതിനാലുള്ള മനഃക്ലേശത്താലും, ദീർഘയാത്രയാലും പരിശുദ്ധ ബാവാ ക്ഷീണിതനായി. കല്ലിശ്ശേരി പള്ളിയിൽ നിന്നും ഓമല്ലൂർ പള്ളിയിലേക്കുള്ള യാത്രയിലും ഓമ ല്ലൂരിലും, ബഹുമാനപ്പെട്ട ഇലവിനാമണ്ണിൽ കുറിയാക്കോസ് കശ്ശീശാ വിപുലമായ സ്വീകരണക്രമീകരണങ്ങളാണ് ചെയ്തിരുന്നത്. മഞ്ഞി നിക്കരയിലെത്തിയ ബാവാ, "ഇവിടുത്തെ താമസം നമുക്കു വളരെ സുഖമായി തോന്നുന്നു. ഇവിടെ സ്ഥിരമായി താമസിച്ചാൽ കൊള്ളാമെന്ന് നാം ആഗ്രഹിക്കുന്നുവെന്നു കല്പിച്ചു". ഫെബ്രു വരി 12–ാം തീയതി പരിശുദ്ധ ബാവയെ സന്ദർശിക്കാനെത്തിയ പട്ടക്കാരോട് "ഇന്ന് നിങ്ങളാരും പോകരുത്. രണ്ടു ദിവസം എന്നോ ടുകൂടെ താമസിക്കരുതോ?" എന്നു കല്പിച്ചു. അന്നുവൈകിട്ടു മെത്രാ പ്പോലീത്തന്മാർ താമസിക്കുന്ന പള്ളിക്കു വടക്കുവശത്തുള്ള ഷെഡിൽ കന്തീലായുടെ (തൈലാഭിഷേക ശുശ്രൂഷയുടെ) പലഭാ ഗങ്ങളും ചൊല്ലികേൾപ്പിക്കുകയും, നിദ്രപ്രാപിക്കുന്നവരെ സംബ ന്ധിച്ച് പരാമർശിക്കുകയും ചെയ്തു.

ഫെബ്രുവരി 13–ാം തീയതി ശനിയാഴ്ച ബാവ കല്പിച്ച പ്രകാരം മോർ ക്ലീമിസ് യൂഹാനോൻ അബ്ബാച്ചി, വിശുദ്ധ കുർബ്ബാ

നയർപ്പിച്ചു. പരിശുദ്ധ ബാവ വിശുദ്ധ കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. മദ്ധ്യാഹ്നപ്രാർത്ഥനയ്ക്കുശേഷം ഭക്ഷണം കഴിച്ചു. പിന്നീട് പതിവു തെറ്റിക്കാതെ ഡയറിയെഴുതാനാരംഭിച്ചു. ഡയറി എഴുതുന്നതിനിടയിൽ ഒരു പദത്തെക്കുറിച്ചു സംശയനിവാരണം വരുത്തുന്നതിനായി നിഘണ്ടു ആവശ്യപ്പെട്ടു. ഡയറിയെഴുതി കഴിഞ്ഞ് ഉലാത്തുമ്പോൾ തലവേദന തോന്നി "എന്റെ തല എന്റെ തല" എന്നിങ്ങനെ പറഞ്ഞു. റമ്പാച്ചന്മാർ അടുത്തെത്തിയപ്പോൾ കുഴയുന്നതുപോലെ തോന്നിയതിനാൽ താങ്ങി മെത്തയിൽ കിടത്തി. പരിശുദ്ധ ബാവ നിത്യതയിലേക്കു യാത്രയായി. അപ്പോൾ ഉച്ചകഴിഞ്ഞ് രണ്ടര മണിയായിരുന്നു.

പരിശുദ്ധ ബാവായുടെ കബറടക്കസ്ഥലത്തെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ടായെങ്കിലും സ്തേഫാനോസ് പള്ളിക്കു വടക്കുവശത്തുള്ള സ്ഥലത്ത് കബർ പണിതു. ഫെബ്രുവരി 14-ാം തീയതി പരിശുദ്ധന്റെ കബറടക്ക ശുശ്രൂഷ നടന്നു.

പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ബാവായുടെ E 265/87 കല്പനപ്രകാരം മഞ്ഞിനിക്കര ബാവായുടെ പേര് വി. കുർബ്ബാനയിലെ 5-ാം തുബ്ദേനിൽ ചേർത്തു. ഈ പരിശുദ്ധന്റെ കബറിടം സ്ഥിതിചെയ്യുന്നതിനോട് ചേർന്ന് പരിശുദ്ധ ഇഗ്നാത്തിയോസ് നൂറോനൊയുടെ നാമത്തിൽ പള്ളി പണികഴിപ്പിച്ചു.

## അനുബന്ധം - 2


Mor Athanasyous Paulos


Mor Athanasyous Touma


Mor Dyonosyous Abdelnur


Mor Yuannis Elias


Mor Gregoreous Gabrielle



H. H. Moran Mor Ignatius Elias III
Patriarch of Antioch of the Syrians


Mor Severus Afram Barsoum


Mor Yulyous Elias


Mor Clemis Youhanna


Mor Timothawaous Touma


Dyro D'mor Hananyo (Z'afaran Monastry)
The Syrian Patriarchal See of Antioch


Mor Yuannis Youhanna


**Mor Timothious Awgen**



Mor Qorelous Michael


Mor Dyoscoros Thoma


Mor Dyonosyous Michael

പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവായും
മെത്രാപ്പോലീത്തന്മാരും

## അനുബന്ധം - 3




1954-ൽ പുതുക്കിപ്പണിത വിശുദ്ധ കബറിടവും ദയറാപ്പള്ളിയും


## അനുബന്ധം - 4



അഭിവന്ദ്യ മോർ യൂലിയോസ് ഏലിയാസ് ബാവായും ദയറാ നിവാസികളും

*Source: (Dn.) Cherian Sir, Pulimoottil, Omalloor*

**അനുബന്ധം - 5**



പരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ

# References


1. John, V. C. (1932). *മലങ്കരയിൽ വച്ചു കാലം ചെയ്ത പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടു.* Kottayam: S. J. Book Depot.
2. Moolayil, Kuriakose (Cor-episcopa). (2008). *മഹാ പരിശുദ്ധനായ മഞ്ഞനിക്കര ബാവാ.* Cheeranchira, Changanacherry: Mor Adai Study Centre.
3. n. a. (1931) *Religious Movement of the Ancient Syrians; Malabar*. Mulanthuruthy P.T. Press.
4. Rajan, K. M. (Fr.) (Ed.) (2007) *Angel of peace - Platinum Jubilee Souvenir of St. Elias III*. Manjanikkara: Manjanikkara Dayara Committee.
5. Varghese, T. V. (Dn.) (1932). *ഓമല്ലൂർ കാലം ചെയ്ത വിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ ജീവചരിത്രം.* Kunnamkulam: Syrian Christian Book Depot.
6. മലയാള മനോരമ ദിനപത്രം (1931 മാർച്ച് - 1932 ഫെബ്രുവരി)

## Other Church related books by the author

1. Rajan, K. M. (1991). *Queen of the Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (2003).*Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum.* (Vol. I) Trivandrum: Lotus Publications.
4. Rajan, K. M. (2004). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. II). Trivandrum: Lotus Publications.
5. Rajan, K. M. (2006). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. III). Trivandrum: Lotus Publications.
6. Rajan, K. M. (2007). *Martyrs, Saints & Prelates of The Syriac Orthodox Church*. Kottayam: The Travancore Syriac Orthodox Publishers.
7. Rajan, K. M. (2009). *Suriyani Sabhayile Rekthasakshikalum, Parishudhanmarum, Meladhyakshanmarum* (Vol. IV). Kottayam: The Travancore Syriac Orthodox Publishers.

## Books compiled, edited & reprinted by the author

1. *Mar Anthoniyosinte Jeevacharithram* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT
2. *Calendar of the Syrian Orthodox Church*. (2004). Kottayam: The Travancore Syriac Orthodox Publishers.- EDITED
3. *Nidraprapikkunnavarkkuvendiyulla Prarthanakalum, kramangalum*.(2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED
4. *Suriyanisabha Perunal Visheshadivasangalil Vishudha Kurbanayil Upayogickavunna Geethangal.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED
5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). Manjanikkara: Manjanikkara Dayara Committee -EDITED

## Sponsors of these publications

Commander Dr. C. A. Ninan, Trivandrum.

Dr. Kurian Mani, Califirnia, U.S.A.

M/s Cheeran Kurian Trust, Kochi.

Mor Osthatheos Memorial Vanitha Samajam, Kunnamkulam.

Mr. Kuruvilla Abraham, Texas, U.S.A.

Mr. Zachariah Varghese, Kochi.

Ms. Ann Abraham, Portland, U.S.A.

Simhasana Church, Kottayam.

St. Mary's Church, California, U.S.A.

Rev. Fr. Zachariah Therambil, Kottayam

Mr. K. O. Kurian, Kanjirathil, Kottayam

Mr. Mathews Chakkinakuzhiyil, U.S.A.

Mr. John Thomas, Murikkolipuzha, Kottayam

St. Osthatheose Family Unit, Kunnamkulam

Mor Dionysius Joseph II Family Unit, Kunnamkulam



2007-ൽ വിശുദ്ധ കബറിടം പുതുക്കിപ്പണിയുന്നതിനു മുമ്പ്

# ഗ്രന്ഥകർത്താവ്

ഡോ. കെ. മാണി രാജൻ കോറെപ്പിസ്കോപ്പ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M.Ed. എന്നീ ബിരുദങ്ങളും രസതന്ത്ര ബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ശുശ്രൂഷയ്ക്കായി ബ. കെ. വി. കുര്യാക്കോസച്ചൻ (ഇപ്പോൾ അഭിവന്ദ്യ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കരയിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽ നിന്നും പൂർണ്ണ ശെമ്മാശപട്ടവും 1984 ഒക്ടോബർ 14-ാം തീയതി ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 മെയ് 24-ാം തീയതി പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായിൽനിന്നും കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983 ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ അദ്ധ്യാപകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ

ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്നു. കാലിഫോർണിയ സർവ്വകലാശാല യിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസനപള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Teaching of Physical Science: Theory, Perspectives & Practice, സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും (Vol. I, II, III, IV) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒരു ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടു്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998 ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടു്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.